Phone No. 2972

30

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒററപ്രതി അണ 8.

മുഖചിത്രം—സുജനപ്രിയ ഗ്രന്ഥശാല, വാക്കനാട്ട്.

[സംഭാവനയായി ലഭിച്ച നാലുസെൻറ് സ്ഥലത്ത് മൂവായിരത്തിൽപരം രൂപാ ചെലവുചെയ്തു കെട്ടിയ ഈ ഗ്രാമീണ ഗ്രന്ഥശാലയുടെ ഉൽഘാടനം, 1–6–52–ൽ തിരു–കൊച്ചി ഗ്രന്ഥശാലാ സംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ നിർവ്വഹിച്ചു.

ഇതിൻെറ ഒരു ബ്രാഞ്ച് നെട്ടവങ്കാവിൽ സ്ഥാപിച്ച് ഭംഗിയായി നടത്തിവരുന്നു.]

❋

## വിഷയവിവരം

---


"ആ വാദമുഷ്ടി" — കെ. ബാലരാമപ്പണിക്കർ

എൻെറ സമാധാനം — പി. ദാമോദരൻപിള്ള

ടോൾസ്റ്റോയിയുടെ "എന്താണ് കല?" — സുകുമാർ, അഴീക്കോട്ട്

രണ്ടു തത്ത്വങ്ങൾ

ചിന്താലോകത്തിൽ

സുഭാഷിതവീഥി

കേരളത്തിലെ പ്രാചീന ഗ്രന്ഥപ്പുരകൾ — എം. തോമസ്സ്, എം. ഏ., എൽ. റ്റി.

ചരമാന്തചിത്രം — വാരനാട്ട് കെ. പി. ശാസ്ത്രികൾ

പഞ്ചപ്രാകാരങ്ങൾ — പുത്തേഴത്തു രാമൻമേനോൻ ബി. ഏ. ബി. എൽ.

ഗ്രന്ഥനിരീക്ഷണം

ഗ്രന്ഥശാലാവാർത്തകൾ

# ഗ്രന്ഥാലോകം

പത്രാധിപർ—സി. നാരായണപിള്ള ബി. ഏ. ബി. എൽ

| വാല്യം 4 | ജൂൺ — ജൂലായ് 1952 | ലക്കം 6 & 7 |
| --- | --- | --- |


## പത്രാധിപവീഥി

### 1. മലയാളനിഘണ്ടു

കേരളത്തിന്റെ ഭാഷാപരമായ പോഷണത്തിനും സാംസ്കാരികമായ ഉന്നമനത്തിനുംവേണ്ടിയാണ് തിരുവിതാംകൂർ അതിന്റെ സാമ്പത്തികമായ കഴിവുകളുടെ പരിമിതിയെ വിഗണിച്ചും ഒരു സർവകലാശാല സ്ഥാപിക്കുവാൻ ഒരുമ്പെടുന്നതെന്ന് അതിന്റെ ജനയിതാവായ സർ. സി. പി. രാമസ്വാമിഅയ്യർ ഉൽഘോഷിച്ചിരുന്നു. അന്നത്തെ രാഷ്ട്രീയമായ പാരതന്ത്ര്യംമൂലമോ, സ്വാതന്ത്ര്യസമരമാകുന്ന ചുഴലിക്കാററിൽനിന്ന് ഒരിക്കലും ഒഴിഞ്ഞുനില്ക്കുവാൻ അദ്ദേഹത്തിന് സാദ്ധ്യമാകാതെ പോയതുകൊണ്ടോ സർവകലാശാലയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന പ്രതീക്ഷകൾ നിറവേററുവാൻ കഴിഞ്ഞില്ലെങ്കിൽ അതിലാശ്ചര്യപ്പെടുവാനൊന്നുമില്ല. എന്നാൽ, തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് ഉത്തരവാദഭരണം സ്ഥാപിച്ചു കഴിഞ്ഞിട്ട് ഇപ്പോൾ ഏകദേശം അഞ്ചുവർഷങ്ങൾ പൂർത്തിയാകുവാൻപോകയാണ്. ഈ അഞ്ചുവർഷത്തിനിടയ്ക്ക് നമ്മുടെ സർവകലാശാല ഈ രാജ്യത്തെ വിദ്യാഭ്യാസധുരന്ധരന്മാരുടേയോ, ഭാഷാപോഷണവിചക്ഷണന്മാരുടേയോ, സംസ്കാരതല്പരന്മാരുടേയോ ഏതെങ്കിലും പ്രത്യാശകളെ സഫലമാക്കുവാൻ വല്ല നടപടികളും ഇന്നുവരെ സ്വീകരിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് നിഷേധരൂപത്തിലല്ലാതെ മറുപടി പറയുക സാദ്ധ്യമല്ല. ഒരടിമരാജ്യത്തിൽ നിലവിലിരുന്ന പഴഞ്ചൻവിദ്യാഭ്യാസരീതിതന്നെ ഇന്നും തുടരുകയും പഴയ മാതൃകയിൽതന്നെ ബിരുദധാരികളെ പ്രതിവർഷം പുറത്തയയ്ക്കുകയും കൺവൊക്കേഷൻനടത്തുകയുമൊക്കെ ചെയ്യുന്നുണ്ടെന്നുള്ള കാര്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. ഇതിനിടയ്ക്ക് കൈരളിയുടെ പോഷണത്തിനോ, വളരെയൊക്കെ പ്രശംസിക്കപ്പെട്ടിട്ടുള്ള കേരളസംസ്കാരത്തിന്റെയും കലകളുടെയും വികസനത്തിനോ ഏതെങ്കിലും ശുഷ്കമായ ഒരൊററ പരിപാടിയെങ്കിലും തിരുവിതാംകൂർ സർവകലാശാലയ്ക്കുണ്ടായിരുന്നെങ്കിൽ ഞങ്ങളതിനെ പ്രശംസിക്കുവാൻ മടിക്കയില്ലായിരുന്നു. സർവകലാശാലയ്ക്ക് ഒരു പ്രസിദ്ധീകരണവകുപ്പുണ്ടെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അവിടെനിന്നു പുറത്തുവന്നിട്ടുള്ള ഗ്രന്ഥങ്ങളുടെ കോലവും രൂപവും ഉള്ളടക്ക

വും എത്ര നിരാശാജനകമാണെന്ന് ആരും ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. പണ്ഡിതവരേണ്യനായ ഉള്ളൂർ എസ്. പരമേശ്വരയ്യർ രചിച്ച ഒരു ഭാഷാചരിത്രം ഏതാണ്ട് അരവ്യാഴവട്ടത്തിനു മുൻപ് പതിനാലായിരം രൂപാ വിലകൊടുത്തു വാങ്ങി യൂണിവേഴ്സിററി ആഫീസിലെ ഇരുളടഞ്ഞ ഏതോ അലമാരിയിൽ പാററകൾക്കും ചിതലുകൾക്കും തീററയായി ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കറിയാം. അതു പ്രസിദ്ധപ്പെടുത്തുന്ന വിഷയത്തിൽ അധികൃതർ പ്രദർശിപ്പിക്കുന്ന അനാസ്ഥയും തന്നിമിത്തം ആ ഗ്രന്ഥകാരനോടു കാണിക്കുന്ന അനാദരവും ആ കവിസാർവ്വഭൌമന്റെ ശ്മശാനത്തിലെ ഭസ്മധൂളികളെപ്പോലും വിറകൊള്ളിക്കുന്നുണ്ടാവാം.

മലയാളഭാഷയ്ക്കു നൈരുക്തികമായ ഒരു വിപുലശബ്ദകോശം നിർമ്മിക്കുവാനുള്ള ആലോചന തുടങ്ങിയിട്ട് പത്തു വർഷത്തിലധികമായിട്ടുണ്ടെന്നാണ് ഞങ്ങളുടെ ഓർമ്മ. തമിഴ് ലക്സിക്കന്റെ നിർമ്മാണത്തിനുശേഷം ഒരു മലയാളനിഘണ്ടു നിർമ്മിക്കുന്നതിനെപ്പററി മദ്രാസ് സർവകലാശാല, തിരുവിതാംകൂർ സർവകലാശാല, തിരു-കൊച്ചി ഗവണ്മെൻറ് എന്നീ മൂന്നു പ്രബല ശക്തികൾ കൂടി ആലോചിച്ച് ഒരു മലയാള നിഘണ്ടു നിർമ്മിക്കണമെന്നു തീരുമാനിക്കുകയും അതിലേക്കു മുൻകയ്യെടുത്തു പ്രവർത്തിക്കുവാനുള്ള സകല ചുമതലകളും തിരുവിതാംകൂർ സർവ്വകലാശാലയെ ഏല്പിക്കുകയും ചെയ്തു. മാത്രമല്ല, ഓഹരിയനുസരിച്ചു സംയുക്തകക്ഷിയിലെ ഓരോ അംഗവും ചിലവഴിക്കേണ്ട തുക നിർണ്ണയിക്കുകയും പ്രവർത്തനങ്ങളാരംഭിക്കുവാൻ അഡ്മിനിസ്ട്രേറീവ് കമ്മിററി, എഡിറേറാറിയൽ കമ്മിററി എന്നിങ്ങനെ രണ്ടു കമ്മിററികളെ നിയമിക്കുകയും ചെയ്തു. ഈ കമ്മിററികൾ എന്തു ചെയ്തിട്ടുണ്ട്, അല്ലെങ്കിൽ എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നൊക്കെ അന്വേഷിക്കുവാൻപോലുമാരുമില്ലാത്ത അനാഥാവസ്ഥയിൽ വർഷങ്ങൾ ഒന്നൊന്നായി കഴിഞ്ഞുപോയി. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നിഘണ്ടുനിർമ്മാണജോലികൾ വേണ്ടപോലാരംഭിക്കാമായിരുന്നു. പക്ഷെ, അന്നൊക്കെ കമ്മിററികളും ഗവണ്മെൻറും സർവകലാശാലയും ഗാഢമായ സുഷുപ്തിയിൽ ലയിച്ചിരിക്കയായിരുന്നു. ഒടുവിൽ രണ്ടുവർഷങ്ങൾക്കു മുൻപ് 350 രൂ. മുതൽ 450 രൂ. വരെ ശമ്പളത്തിൽ ഒരു എഡിററരെ നിയമിക്കുവാൻ നിശ്ചയിച്ചതായി പത്രവാർത്തകൾ കാണുകയുണ്ടായി. ഉള്ളൂരിന്റെ ചരമത്തിനു ശേഷം ആ ജോലി നിർവഹിക്കുവാൻ എന്തുകൊണ്ടും പ്രാപ്തനായിരുന്ന ഡാക്ടർ ഗോദവർമ്മയെ അതിലേയ്ക്കു സിൻഡിക്കേററ് ശുപാർശ ചെയ്യുകയുണ്ടായി. എങ്കിലും ആ നിയമനം അജ്ഞാതമായ ഏതോ കാരണങ്ങളാൽ നടപ്പിൽവന്നില്ല. പ്രൊഫസർ ജോലിക്കു പുറമേ നിഘണ്ടുനിർമ്മാണം കൂടി നടത്തുവാൻ ഒരു ചെറിയ അലവൻസ് അദ്ദേഹം ആവശ്യപ്പെട്ടതു് അനുവദിക്കുവാൻ അധികാരികൾ മടിച്ചതുകൊണ്ടാണ് തല്ക്കാലം നിഘണ്ടുനിർമ്മാണമാവശ്യമില്ലെന്നു തീർച്ചയാക്കിയതത്രെ! അതിനു ശേഷം ആ പണ്ഡിതനും ഭാഷയ്ക്കു നഷ്ടപ്പെട്ടു. ഇപ്പോൾ ഉദ്യോഗത്തിൽനിന്നും പെൻഷ്യൻ പററിയ ഒരു മലയാളം ലക്ചററെ എഡിററായി നിയമിക്കണമെന്ന് യൂണിവേഴ്സിററി, ഗവണ്മെൻറിലേക്കു ശുപാർശ അയച്ചിട്ടുണ്ടെന്നറിയുന്നു. 350 മുതൽ 450 വരെ ശമ്പളംകൊടുത്ത് ഒരു എഡിററരെ നിയമിക്കുവാൻതീരുമാനിച്ചതിനുശേഷവും ഡാക്ടർ ഗോദവർമ്മയ്ക്കു തുച്ഛമായ ഒരലവൻ

സ്സ് കൊടുക്കുവാൻ വിസമ്മതിച്ച ഗവമ്മെന്റ് ഇപ്പോൾമുഴുവൻശമ്പളത്തിൽഒരുഎഡിററെ നിയമിക്കുമോ എന്ന കാര്യം കണ്ടു തന്നെ അറിയേണ്ടതാണ്. കഴിഞ്ഞ നിയമസഭയിൽ ഈ വിഷയത്തെപ്പററി ചോദ്യമുണ്ടായപ്പോൾ അക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണെന്ന് ചീഫ്മിനിസ്റ്റർ മറുപടി പറഞ്ഞു. കഴിഞ്ഞ അഞ്ചു വഷങ്ങളായി ഈ പ്രശ്നം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണ്. ഇനിയും എത്ര വർഷംകൂടി ഈ വിഷയത്തെപ്പററി ഗവണ്മെൻറ് ആലോചിക്കുമെന്ന് കണ്ടുതന്നെ അറിയാം. സാംസ്കാരികവും ഭാഷാപരവുമായ സദുദ്യമങ്ങളുടെ നേരേ ഇത്രമാത്രം അവജ്ഞ കാണിക്കുന്ന ഒരു ജനകീയഗവണ്മെൻറ് ഇൻഡ്യയിൽ മറെറവിടെയെങ്കിലും ഉണ്ടോ എന്ന കാര്യം തികച്ചും സംശയകരമാണ്. ഭാഷയ്ക്കു ഒരു നിഘണ്ടു ഉണ്ടായിരിക്കണമെന്നും സർവകലാശാലയെപ്പോലുള്ള സ്ഥാപനങ്ങൾ അതിനു മുൻകയ്യെടുത്തു പ്രവത്തിക്കുമെന്നും ഗവണ്മെൻറ എപ്പോഴും ആ സംരഭത്തോടു സർവാത്മനാ സഹകരിക്കുമെന്നുമൊക്കെയാണ് ഭാഷാഭിമാനികൾ പ്രതീക്ഷിക്കുന്നതു്. വിദ്യാഭ്യാസപരവുംസാംസ്കാരികവുമായ കാര്യങ്ങളുടെ"ഹരിശ്രീ'അറിയാവുന്ന ഒരു ഗവണ്മെൻറ് ഇത്തരം പ്രവത്തനങ്ങളിൽ യാതൊരുദാസീനതയും കാണിക്കുന്നതല്ല. തമിഴ് പ്രധാനഭാഷയായിട്ടുള്ള മദ്രാസ്സർവകലാശാലപോലും മലയാളഭാഷയുടെ പോഷണത്തിന് പ്രതിവഷം ഉത്തമഗ്രന്ഥങ്ങൾക്ക് പാരിതോഷികമായും മററും ഒരു ചെറിയസംഖ്യയെങ്കിലും ചെലവാക്കുന്നുണ്ടു്. എങ്കിലും മലയാള സർവകലാശാലയും ഗവണ്മെൻറും സാഹിത്യത്തിൻേറയും ഭാഷാപോഷണത്തിൻേറയും ശത്രുക്കളെന്നപോലെയാണ് പെരുമാറുന്നതു്. ഈ ദുരദൃഷ്ടമെന്നാണവസാനിക്കുക?

## 2. ഫിനാൻസ്കമ്മിററി

ഗ്രന്ഥശാലാസംഘത്തിനും ഗ്രന്ഥശാലകൾക്കും ഗവമ്മെൻറിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹായധനം പ്രതിവഷം കുറഞ്ഞുവരികയാണെന്ന് ഞങ്ങൾ ഈ പംക്തികളിൽ ഇതിനുമുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കുകളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലൊ! ഈ നില തുടരുകയാണെങ്കിൽ സംഘത്തിൻെറ പ്രവത്തനങ്ങളുടെ വൈപുല്യവും, അംഗഗ്രന്ഥശാലകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാൻറുകളും ക്രമേണ വളരെ വളരെ ചുരുങ്ങിപ്പോകുവാനിടവരുന്നതാണ്. ഗ്രന്ഥശാലകൾക്ക് സഹായധനമായി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ വദ്ധിപ്പിക്കണമെന്ന് ഞങ്ങൾ പലപ്പോഴും അധികാരസ്ഥാനങ്ങളോട് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഞങ്ങളുടെ അഭ്യത്ഥനകൾ വിഫലമായിരിക്കുന്നു എന്നാണനുഭവംകൊണ്ടു് മനസ്സിലാകുന്നതു്. ഗ്രന്ഥശാലകൾക്ക് ഗവമ്മെൻറിൻെറ സഹകരണം പ്രതീക്ഷയിൽ കുറഞ്ഞുപോയിരുന്നാൽ തന്നെയും ഗ്രന്ഥശാലകൾ പൂർവ്വാധികം ഊജ്ജിതത്തിലും ജനോപകാരപ്രദമാംവണ്ണവും നടന്നേ മതിയാവൂ. ഈ രാജ്യത്തെ ആയിരത്തിഅഞ്ഞൂറോളം ഗ്രന്ഥശാലകൾ ഗവമ്മെൻറിൽനിന്നു ലഭിക്കുന്ന സഹായധനംകൊണ്ടു മാത്രമല്ല നടന്നുപോരുന്നതെന്നു അവ നടത്തുന്നവക്കും പൊതുജനങ്ങൾക്കും നല്ലവണ്ണം അറിയാം. ഒരു പക്ഷേ ഗവമ്മെൻറിൽനിന്നുള്ള ഗ്രാൻറ് നിശ്ശേഷം നിന്നുപോയാൽ തന്നെയും ഈ ഗ്രന്ഥശാലകൾ നടക്കുമെന്നും ഞങ്ങൾക്ക് വിശ്വാസമുണ്ടു്. എന്നാൽ സംഘടിതമായതോതിൽ ഗ്രന്ഥശാലകൾക്ക് പ്രവത്തിക്കു

വാൻ കഴിയണമെങ്കിൽ ഒരു മൂലധനം ആവശ്യമായിത്തീരുന്നതാണ്. സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കിത്തീർക്കുവാനും അർഹിക്കുന്ന ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുവാനും ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ഗ്രാന്റിൽ കവിഞ്ഞ് ധനസഹായം ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് അതു നൽകുവാനും പണമാവശ്യമാണ്. ഇന്നു പല ഗ്രന്ഥശാലകളും, പലപ്പോഴും ഗ്രന്ഥശാലാസംഘവും അനുഭവിക്കുന്ന ഈ ദാരിദ്ര്യത്തെ നിവാരണം ചെയ്യണമെന്ന് നിശ്ചയിച്ച് ഗ്രന്ഥശാലാസംഘം എക്സിക്യൂട്ടിവ് ധനശേഖരം നടത്തുവാൻവേണ്ടി സ്വാധീനശക്തിയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഫിനാൻസ് കമ്മിററി സംഘടിപ്പിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ നിയന്ത്രണത്തിൽ എല്ലാ താലൂക്കുകളിലും പ്രാദേശികക്കമ്മിററികൾ സംഘടിപ്പിക്കണമെന്നാണ് എക്സിക്യൂട്ടിവ് നിശ്ചയം ചെയ്തിരിക്കുന്നതു്. പ്രസ്തുത കമ്മിററികൾ വിനാവിളംബം ധനാഭ്യർത്ഥനയുമായി പൊതുജനങ്ങളെ സമീപിക്കുന്നതാണ്. ഉദാരമതികളും സംസ്കാരസമ്പന്നരുമായ ഈ രാജ്യത്തെ ജനങ്ങൾ മുക്തഹസ്തം ഗ്രന്ഥശാലാപ്രസ്ഥാനത്തെ സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാ താലൂക്കുകളിലുമുള്ള സംഘംപ്രവർത്തകന്മാരും ഗ്രന്ഥശാലാപ്രവർത്തകന്മാരും ഈ സംരംഭത്തെ വിജയിപ്പിക്കുവാൻ വേണ്ട സകല ഒത്താശകളും ചെയ്യുമെന്നും വിശ്വസിക്കുന്നു. പൊതുജനവിദ്യാഭ്യാസം പൊതുജനങ്ങളുടെ പണംകൊണ്ടു മാത്രം നടത്തുവാൻ കഴിയുന്ന ഒരു കാലം ഞങ്ങളുടെ ഭാവനയിലുണ്ട്. അതിലേക്കുള്ള ആദ്യപടിയായി ഈ സംരംഭത്തെ പരിഗണിക്കേണ്ടതാണ്.

## 3. കമ്യൂണിസ്റ്റ് സാഹിത്യം

ഗ്രന്ഥശാലകൾ കമ്യൂണിസ്റ്റ് സാഹിത്യം ശേഖരിക്കരുതെന്ന് ഒരു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെന്നു കഴിഞ്ഞ നിയമസഭയിൽ ഒരു ചോദ്യത്തിനു ഗവർമ്മെൻറുപക്ഷത്തുനിന്നു മറുപടിപറയുകയുണ്ടായി. വളരെ വിചിത്രമായ ഒരു നിർദ്ദേശമാണിതു്. ഇത്ര നിരർത്ഥകവും ബുദ്ധിശൂന്യവുമായ ഒരു നിർദ്ദേശം ഒരു ജനകീയഗവർമ്മെൻറിൽനിന്നു പുറപ്പെടുമെന്നു ചിന്തിക്കുവാൻപോലും ഞങ്ങൾക്കു സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. ഒരു സാമ്രാജ്യഗവർമ്മെൻറുപോലും ഒരു കാലത്തും ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. ജനങ്ങളുടെ ചിന്താഗതികളേയും അഭിപ്രായങ്ങളേയും അഭിരുചിയേയും നിയന്ത്രിക്കുവാൻ വെമ്പുന്ന ഒരു ഗവർമ്മെൻറിൽനിന്നു മാത്രമേ ഇത്തരം ഒരു നിർദ്ദേശം പുറത്തുവരികയുള്ളൂ. ഹിററലറുടെ ജർമ്മനിയിലും, മുസ്സോളിനിയുടെ ഇററലിയിലും, ആശയങ്ങളെ പട്ടാളമുറയിൽ ഏകീകരിക്കുന്ന സമ്പ്രദായം നിലവിലിരുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ട്. നമ്മുടെ ഗവർമ്മെൻറ് ഇപ്പോഴതു പകർത്തുകയാണ് ചെയ്തിട്ടുള്ളതു്.

ഈ നിർദ്ദേശം നടപ്പിൽവരുത്തുന്നതിനു ഗവർമ്മെൻറു സ്വീകരിക്കുവാൻ പോകുന്ന നടപടികൾ ഞങ്ങൾ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കയാണ്. പൊതുജനങ്ങളുടെ ഗ്രന്ഥശാലകളിൽനിന്നു കമ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ പിടിച്ചെടുക്കുന്നതിനു മുൻപ് ഗവർമ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടന്നുവരുന്ന തിരുവനന്തപുരം പബ്ളിക്ക് ലൈബ്രറിയിൽനിന്നു മാർക്സിന്റേയും എൻജൽസിന്റേയും മററു കമ്യൂണിസ്റ്റ് ഗ്രന്ഥകാരന്മാരുടേയും ലോക

പ്രസിദ്ധമായ ഗ്രന്ഥങ്ങൾ എടുത്തുമാററി അവ ചുട്ടെരിച്ചു കളയുകയാണു് ഗവർമ്മെൻറു ചെയ്യേണ്ടതു്. ടാൾസ്റ്റായിയുടേയും മാക്സിംഗോർക്കിയുടേയും നോവലുകളും മററു കൃതികളും നിരോധിക്കുവാനും ചുട്ടെരിച്ചുകളയുവാനും ഗവർമ്മെൻറു തയ്യാറാകേണ്ടതായിട്ടുണ്ടു്. ഏതാണു് കമ്മ്യൂണിസ്റ്റു് സാഹിത്യമെന്നൊരു വിവരണം ഗവർമ്മെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തിയശേഷമാണു് ഇത്ര ബുദ്ധിശൂന്യമായ ഒരു നിർദ്ദേശം പുറപ്പെടുവിച്ചതെങ്കിൽ അതു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. ലോകത്തിലെ മറെറാതൊരു സാമ്പത്തിക തത്വസംഹിതയോടും കിടപിടിക്കുന്നതും ഇന്നു ലോകത്തിൻെറ മുഴുവൻതന്നെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതുമായ ഒരു തത്വശാസ്ത്രം കമ്മ്യൂണിസ്റ്റു് സാഹിത്യത്തിലുണ്ടു്. അതുപോലെതന്നെ ലോകത്തിലെ മറേറതൊരു സാഹിത്യകലയുടേയും പിന്നിലല്ലാത്ത ഒരു സാഹിത്യശാഖയും വിശ്വവിഖ്യാതന്മാരായ കലാനിപുണന്മാരും കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലുണ്ടു്. ഇവയൊക്കെ മലയാളക്കരയിൽനിന്നു ബഹിഷ്കരിക്കണമെന്നാണോ ഗവർമ്മെൻറു പറയുന്നതു്? അങ്ങിനെ മാത്രമേ ഈ രാജ്യത്തു കമ്മ്യൂണിസത്തിൻെറ പ്രചാരം തടയുവാൻ കഴികയുള്ളു എന്നു ഗവർമ്മെൻറു വിശ്വസിക്കുന്നു എങ്കിൽ അതവരുടെ രാഷ്ട്രീയപാപ്പരത്തംകൊണ്ടുമാത്രമാണു്.

ലോകത്തിലെ വിജ്ഞാനശാഖകൾ നിരോധിച്ചു് കണ്ണാടിക്കൂട്ടിൽ അടച്ചിരുന്നാൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതി തുടൻകൊണ്ടുപോകാമെന്നു വ്യാമോഹിക്കുന്ന ഒരു ഗവർമ്മെൻറിനു മാത്രമേ ഇത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ കഴിയുകയുള്ളു. കമ്മ്യൂണിസ്റ്റു് ശാസ്ത്രവും സാഹിത്യവും ഇത്ര വളരെ നിഷിദ്ധമാണെങ്കിൽ എന്തുകൊണ്ടാണു് ഗവർമ്മേൻറതു നിരോധിക്കാത്തതു്? നിരോധിക്കാത്ത ഗ്രന്ഥങ്ങൾ ശേഖരിക്കരുതെന്നു് ആജ്ഞാപിക്കുവാൻ ഗവർമ്മെൻറിനെ അധികാരപ്പെടുത്തുന്ന നിയമം എവിടെയാണുള്ളതു്? നിയമദത്തമായ അധികാരമില്ലാതെ ഗവർമ്മെൻറു പുറപ്പെടുവിക്കുന്ന ആജ്ഞകൾക്കു് അവ എഴുതിയ ചവററുകടലാസിൻെറ വിലപോലുമില്ലെന്നാക്കാണറിഞ്ഞുകൂടാത്തതു്! ഇത്തരം ഓലപ്പാമ്പുകളെടുത്തുകാട്ടി പൊതുജനങ്ങളേയും അവർനടത്തുന്ന സ്ഥാപനങ്ങളേയും ഭീതിപ്പെടുത്തുവാനുള്ള കാലം കഴിഞ്ഞുപോയിരിക്കുന്നു. ഗവർമ്മെൻറിൽനിന്നു നൽകുന്ന ഗ്രാൻറു് നീതിരഹിതവും നിയമവിരുദ്ധവുമായ നിർദ്ദേശങ്ങൾ ഗ്രന്ഥശാലകളെ അടിച്ചേല്പിക്കുവാനുള്ള ഒരുപാധിയായി പരിഗണിക്കുന്ന ഒരു ഗവർമ്മെൻറു മാത്രമേ പുറവാതിലുകളിൽക്കൂടി ഇത്തരം ആജ്ഞകൾ കടത്തിവിടുവാൻ ശ്രമിക്കുകയുള്ളൂ. എന്നാൽ അങ്ങിനെയൊരു സഹായധനത്തിനുവേണ്ടി പൊതുജനങ്ങൾ അവരുടെ മൌലികമായ പൌരാവകാശങ്ങളെ ബലികഴിക്കുമെന്നും, ആത്മാഭിമാനം അടിയറവയ്ക്കുമെന്നും, വിജ്ഞാനതൃഷ്ണയെ ഉപേക്ഷിക്കുമെന്നും ഗവമ്മെൻറു കരുതുന്നുണ്ടെങ്കിൽ അതൊരു മൂഢതയായിരിക്കുമെന്നു മുന്നറിവു നല്കുവാൻ ഞങ്ങൾ ഈ അവസരം വിനിയോഗിക്കുന്നു. ചിന്തിക്കുവാനും പഠിക്കുവാനും അഭിപ്രായങ്ങൾ രൂപവൽക്കരിക്കുവാനും ഉള്ള സ്വാതന്ത്ര്യത്തിൽ കവിഞ്ഞ മൌലികാവകാശങ്ങൾ ഒരു പൌരനു വേറെയില്ല.

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | | |
|---|---|---|
| FRONT COVER PAGE | ... | (Reserved) |
| BACK COVER PAGE | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| COVER PAGE 2 | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| COVER PAGE 3 | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion if |
| | ... | three consecutive insertions or more. |
| ANY OTHER PAGE | ... | Rs. 40 per insertion. |
| HALF PAGE | ... | Rs. 25 .... |
| QUARTER PAGE | ... | Rs. 15 .... |
| BELOW QUARTER PAGE | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*
**GRANDHALOKAM,**
PATTOM, TRIVANDRUM.

# "ആ വാദമുഷ്ടി"

കെ. ബാലരാമപ്പണിക്കർ

(തുടച്ച്)

മി: ദാമോദരൻപിള്ളയുടെ പുതിയലേഖനത്തിലെ പ്രമുഖവാദം ഞാൻ ഉദ്ധരിച്ച അജാമിളോപാഖ്യാനത്തിൽ വലിയ തെററ പററിപ്പോയി എന്നാണ്. പ്രാസങ്ഗികമായി ഉദ്ധരിച്ച ആ കഥയിൽ ഒരു അച്ചടിപ്പിശകല്ലാതെ മി: പിള്ള പറയുന്ന കഴപ്പങ്ങൾ ഒന്നും കാണുന്നില്ല.

"അജാമിളൻ മരണസമയത്തു് സ്വസമീപമെത്തിയ യമദൂതന്മാരെക്കണ്ടു് ഭീതനായിട്ടു് തൻെറ പുത്രനും പേടിച്ചിരിക്കണമെന്നു കരുതി നാരായണൻ എന്നു പേരുള്ള അവനെ സമാധാനിപ്പിക്കുവാൻ "നാരായണ" എന്നു വിളിച്ചു. അടുത്തകാലത്തുതന്നെ അയാൾ മരിച്ചു. എന്നാൽ നാരായണ എന്ന ഭഗവന്നാമം ഒരു കുറി ജപിച്ചതിൻെറ ഫലം അന്യാദൃശമായിരുന്നു. നരകത്തിലേക്കല്ല, വൈകുണ്ഠലോകത്തേക്കു് അയാൾ നയിക്കപ്പെട്ടു. വൈഷ്ണവസിദ്ധാന്തപ്രകാരമുള്ള മോക്ഷം അയാൾക്കു ലഭിച്ചു — —" എന്നിങ്ങനെയാണു് ഞാൻ ലേഖനത്തിൽ ചേർത്തിരിക്കുന്ന അജാമിള കഥാസംഗ്രഹം. ഭാഗവതത്തിൽ ആറാംസ്കന്ധം രണ്ടും മൂന്നുമദ്ധ്യായങ്ങളിൽ കാണുന്ന സംഗ്രഹ ശ്ലോകങ്ങളെ അനുസ്മരിച്ചു കൊണ്ടാണു് ഈ ഭാഗം എഴുതിയതു്.

"ഏതാവതാലമഘനിർഹരണായപുംസാം
സങ്കീർത്തനം ഭഗവതോഗുണകർമ്മനാമ്നാം
വിക്രുശ്യപുത്രമഘവാന്യദജാമിളോഽപി
നാരായണേതിമ്രിയമാണഉയായമുക്തിം

(ഭാ. 6. 3. 24)

(മനുഷ്യരുടെ പാപം നശിക്കുന്നതിനു് ഭഗവാൻെറ ഗുണകർമ്മനാമങ്ങളുടെ സങ്കീർത്തനമെന്നതുമാത്രം മതി. പാപിയായ അജാമിളൻപോലും മ്രിയമാണനായിട്ടു്—മരണത്തെ ഗമിക്കുന്നവനായിട്ടു്—മരിക്കുന്ന സമയത്തു് നാരായണ എന്നിങ്ങനെ പുത്രനെവിളിച്ചു കരഞ്ഞിട്ടു മുക്തിയെ പ്രാപിച്ചു.)

ഏവംസവിപ്ലാവിതസർവ്വധർമ്മാ
ദാസ്യാഃപതി പതിതോഗർഹ്യകർമ്മണാ
നിപാത്യമാനോ നിരയേഹതവ്രതഃ
സദ്യോവിമുക്തോഭഗവന്നാമഗൃഹ്ണൻ

(ഭാ. 6. 2. 45)

(ഇങ്ങനെ എല്ലാ ധർമ്മങ്ങളും വിട്ടുകളഞ്ഞവനും നിന്ദ്യകർമ്മങ്ങൾകൊണ്ടു പതിതനും വേശ്യാവല്ലഭനുമായിത്തീർന്ന അജാമിളൻ എല്ലാ വ്രതനിഷ്ഠകളേയും ഉപേക്ഷിച്ചവനായിട്ടു് നരകത്തിലേക്കു വീഴ്ത്തപ്പെട്ട ഘട്ടത്തിൽ ഭഗവാൻെറ നാമം ഉച്ചരിക്കുകയാൽ പെട്ടെന്നു വിമുക്തനായി)

"പ്രിയമാണോഹരേന്നാമ
ഗൃണൻ പുത്രോപചാരിതം
അജാമിളോ$f$പ്യഗാദ്ധാമ
കിംപുനഃശ്രദ്ധയാഗൃണൻ

(ഭാ 6. 2. 49)

(അജാമിളൻപോലും മരിക്കാൻ സമയത്ത് പുത്രനെ ഉദ്ദേശിച്ച് അവന്റെ പേരായ ഹരിനാമം ഉച്ചരിക്കയാൽ മോക്ഷം പ്രാപിച്ചു. ശ്രദ്ധയില്ലാതെ ഉദ്ദേശാന്തരത്തോടുകൂടി ഹരിനാമം ഉച്ചരിച്ച അജാമിളൻപോലും മോക്ഷം ലഭിക്കുമെങ്കിൽ ശ്രദ്ധയോടുകൂടി ഹരിനാമം ഉച്ചരിക്കുന്നവന് മോക്ഷം ലഭിക്കുമെന്നതിൽ പിന്നെ സംശയിക്കുവാൻ എന്തുണ്ട്?)

നാമോച്ചാരണമാഹാത്മ്യം
ഹരേഃപശ്യതപുത്രകാഃ
അജാമിളോ$f$പിയേനൈവ
മൃത്യുപാശാദമുച്യത

(ഭാ. 6. 3. 23)

അല്ലയോകുട്ടികളെ ഹരിനാമം ഉച്ചരിക്കുന്നതിന്റെ വൈശിഷ്ട്യം നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ. അജാമിളൻപോലും ഹരിനാമോച്ചാരണം കൊണ്ട് മരണബന്ധവിമുക്തനായി മോക്ഷം പ്രാപിച്ചു.

ഈ സംഗ്രഹശ്ലോകങ്ങളിൽനിന്നും അജാമിളൻ പാപിയായിരുന്നിട്ടും മരണസമയം പുത്രനെ ഉദ്ദേശിച്ചാണെങ്കിലും നാരായണ എന്നു ഉച്ചരിക്കുകയാൽ അതിന്റെ വൈശിഷ്ട്യംകൊണ്ട് ഉടനടി മോക്ഷം പ്രാപിച്ചു എന്നൊരു അർത്ഥം ഗ്രഹിക്കുകയും എഴുതുകയും ചെയ്താൽ അതു വലിയ തെററാകുമെന്നു തോന്നുന്നില്ല. വാസ്തവത്തിൽ ഇത്രമാത്രമാണ് അജാമിളോപാഖ്യാനം. പിന്നെ മോക്ഷശാസ്ത്രത്തിലെ പ്രക്രിയകളുമായി ഒരു ആനുരൂപ്യം വരുത്താനായി കഥാവിസ്തരത്തിൽ ചില വിശദീകരണങ്ങൾ വന്നിട്ടുണ്ട്. മരണസമയത്തു നാരായണനാമോച്ചാരണം വഴി ഉണ്ടായ ദൂതസംവാദം അജാമിളനിൽ ജ്ഞാനമുദിച്ച് അജ്ഞാനം നശിക്കുവാൻ (വിദ്യ ഉദിച്ച് അവിദ്യ നശിക്കുവാൻ) വഴി നല്കി എന്ന മുഖ്യാംശം ഒന്നുകൊണ്ടും മാററപ്പെടാവുന്നതല്ല. "അവിദ്യാസ്തമയോ മോക്ഷഃ സാ ചബന്ധ ഉദാഹൃതഃ"— (അവിദ്യാനാശംതന്നെയാണ് മോക്ഷം; അവിദ്യതന്നെയാണു ബന്ധം) എന്ന ചൊല്ല ശരിയാണെങ്കിൽ അജാമിളൻ അപ്പോൾത്തന്നെ മുക്തനായിക്കഴിഞ്ഞു. ജീവന്മുക്തനായ ആ മഹാത്മാവ് പ്രാരബ്ധകർമ്മനാശത്തിനായി കുറേ ക്ഷണങ്ങളോ ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ കഴിച്ചായിരിക്കാം കൈവല്യം പ്രാപിച്ചതു്. അതുകൊണ്ട് ഒരു പാപിഷ്ഠൻ മരണകാലത്തു ഹരിനാമം ഉച്ചരിക്കുകയാൽ മുക്തനായി എന്ന മുഖ്യാംശത്തിനു യാതൊരു ഹാനിയുമില്ല. കള്ളനും കൊലപാതകിയും വേശ്യാലമ്പടനുമായ അജാമിളനു മരണകാലത്തു ഹരിനാമം ഗ്രഹിക്കുവാനും അതുവഴി വിദ്യ ഗ്രഹിച്ചു മുക്തനാകുവാനും വഴി നല്കിയ ചില പൂർവ്വപുണ്യങ്ങൾ ഉണ്ടെന്നു ദൂതന്മാർ പറയുന്നു. അതുപോലെ വേശ്യയും കൊലപാതകിയുമായ വാസവദത്തക്കു വിദ്യാഗ്രഹണത്തിനു വഴിതെളിച്ച ചില പൂർവ്വഗുണങ്ങൾ (സ്ഥിരദാക്ഷിണ്യശീലം നിസ്വാർത്ഥസ്നേഹം അനുഭവംകൊണ്ടുവന്നതായ പാപശാന്തി) ഉള്ളതായി ആ ധർമ്മദൂതൻ–ഉപഗുപ്തൻ പ്രസ്താവിക്കുന്നു. അജാമിളൻ പ്രാരബ്ധനാശംവരെ ശാരീരികവ്യവഹാരമററവനെങ്കിലും ശരീരത്തോടുകൂടി കുറച്ചു കാലം കഴിയുന്നു. വാസവദത്തയാകട്ടെ വിദ്യഗ്രഹിച്ചു മോക്ഷമാർഗ്ഗത്തിൽ പ്രവേശിച്ചുവെങ്കിലും ഉടനടി ശരീരം നശിക്കുകയും പുണ്യാത്മകമായ പ്രാരബ്ധം അവ

ശ്രേഷിക്കുകയും ചെയ്യുകയാൽ ആ പ്രാരബ്ധ കർമ്മഫലാനുഭവത്തിനായി വീണ്ടും ശരീരം സ്വീകരിക്കുന്നു– തുഷിതസ്വർഗ്ഗത്തിൽചെന്നു ജനിക്കുന്നു. കർമ്മഫലം തന്നെയാണു ശരീരമെന്നും പ്രാരബ്ധകർമ്മം നശിക്കാതെ കൈവല്യം—നിർവ്വാണം സാദ്ധ്യമല്ലെന്നുമുള്ള ശാസ്ത്രസിദ്ധാന്തത്തിൽ എതിരിനു ഇടയില്ലല്ലോ. ഇതൊക്കെ എത്ര വിസ്തരിച്ചാലും മി: ദാമോദരൻപിള്ളയ്ക്കു മനസ്സിലാകുമെന്നു തോന്നുന്നില്ല.

പിന്നെ വാസവദത്ത തുഷിതസ്വർഗ്ഗമാകുന്ന നിർവ്വാണം പ്രാപിച്ചു എന്നു വാദിക്കുന്ന മി: ദാമോദരൻപിള്ള എന്നോട്ട് ഒരു ചോദ്യം ചോദിക്കുന്നു. "യമദൂതന്മാരെക്കണ്ടു് തന്റെ പുത്രൻ ഭയന്നേക്കുമെന്നു കരുതിയാണ് അജാമിളൻ അവനെ വിളിച്ചതെന്നു എവിടെ പറയുന്നു" എന്നാണ് ആ ഗംഭീരമായ ചോദ്യം. അജാമിളൻ യമദൂതന്മാരെ കണ്ടുവെന്നും ഭയന്നുവെന്നും പുത്രനെ വിളിച്ചുവെന്നും പുരാണത്തിലുണ്ടു്. അതു മി: പിള്ളയും സമ്മതിക്കുമെന്നു തോന്നുന്നു. യമദൂതന്മാരെ കണ്ടു ഭയന്ന അജാമിളൻ എന്തിനുവേണ്ടി പുത്രനെ വിളിച്ചുവെന്നു വ്യക്തമായി ഭാഗവതത്തിൽ പറഞ്ഞിട്ടില്ല. പറയണമെന്നു പുരാണകർത്താവിനു തോന്നിയില്ല. പറയാതെതന്നെ അതു ആർക്കും അറിയാവുന്ന കാര്യമാണെന്ന് അദ്ദേഹം ധരിച്ചിരിക്കും. മാതാപിതാക്കൾ വീട്ടിൽ പ്രത്യക്ഷങ്ങളായ ഭയകാരണങ്ങൾ ഉണ്ടായാൽ കുഞ്ഞുങ്ങളെ തേടിയും വിളിച്ചും മററും അവരെ രക്ഷിക്കുവാനാണ് ആദ്യമായി മുതിരുന്നതു്. അതേ ഭയവും ആപത്തും കുഞ്ഞുങ്ങളേയും ബാധിച്ചിരിക്കുമോ എന്ന ചിന്തയാണ് അതിനു കാരണം. അജാമിളനും അതുപോലെ യമദൂതന്മാരെ കണ്ടു ഭയന്നിട്ട് സ്വപുത്രനെ വിളിക്കുന്നു. കുഞ്ഞു് ഈ ഭയങ്കരന്മാരെ കണ്ടു ഭയന്നിരിക്കുമോ ഇവർ നിമിത്തം വല്ല ആപത്തും കുഞ്ഞിനു വരുമോ എന്ന ഒരു ചിന്തയില്ലെങ്കിൽ അങ്ങിനെ വിളിച്ചിട്ട് ആവശ്യമില്ല.

"സമൃത്യുകാലേയമരാജകിങ്കരാൻ
ഭയങ്കരാം സ്ത്രീനഭിലക്ഷയൻഭിയാ
പുരാമനാക്ത്വത്സ്മൃതി വാസനാബ
ലാത്
ജുഹാവനാരായണനാമകം സുതം.

എന്ന നാരായണീയശ്ലോകവ്യാഖ്യാനത്തിലും ബുദ്ധിമാനായ ആ വ്യാഖ്യാതാവ് (ശ്രീ വാഞ്ചേശ്വരശാസ്ത്രി, അനന്തരാമ പ്രസ്സ്, തിരുവനന്തപുരം) "കുട്ടി പേടിച്ചിരിക്കുമോ എന്നു വിചാരിച്ചു്" എന്നു വ്യാഖ്യാനിച്ചിട്ടുണ്ടു്. സർവ്വസാധാരണമായ ഈ വ്യാഖ്യാനത്തിൽ ആരുമൊരു വൈപരീത്യം ഇതുവരെ ദർശിച്ചിട്ടില്ല. "ഭയന്നവൻ മറെറാരുവനെ ഭയത്തിൽനിന്നും രക്ഷിക്കുവാൻ ശ്രമിക്കുന്നതെങ്ങനെ"യെന്നാണ് മി: പിള്ളയുടെ മറെറാരുചോദ്യം. തന്റെ കൊച്ചു മകനുമൊത്തു ഒരു കാട്ടുവഴിയേ പോകുമ്പോൾ കാട്ടാനയെ കണ്ടു ഭയന്ന ഒരാൾ തത്തുല്യം ഭയന്ന മകനേയും എടുത്തുകൊണ്ടു് ഓടി രക്ഷപ്രാപിക്കുവാൻ ശ്രമിക്കുന്നതുപോലേയും, ശത്രുഭീതനായ രാജാവ് തത്തുല്യം ശത്രുഭീതരായ ജനങ്ങളേയും തന്നേയും സൈന്യങ്ങളെ നിയോഗിച്ചു രക്ഷിക്കുവാൻ മുതിരുന്നതുപോലെയും ഭയന്നവൻ മറെറാരുവനെ ഭയത്തിൽ നിന്നുംരക്ഷിക്കുമെന്നു മി: പിള്ളേ, നിങ്ങൾ ധരിച്ചാൽ കൊള്ളാം. ഒരു കാര്യവും പറയാനില്ലാതിരിക്കെ നിങ്ങൾ വെറുതെ വല്ലതും പറഞ്ഞു സ്വയം നശിക്കുവാൻ നോക്കുന്നതെന്തിനാണ്? തെററു കണ്ടുപിടിക്കുവാൻ വാസനയല്ലാതെ നിങ്ങൾക്കു കഴിവില്ലെന്നതിനു് ഇനി മറെറാരു ദൃഷ്ടാന്തംവേണ്ട.

ഗീതാവ്യാഖ്യാനത്തെക്കുറിച്ചുള്ള വിമർശനത്തിൽ മി: പിള്ള ഉന്നയിക്കുന്ന സാഹസികവാദങ്ങൾ ഭയങ്കരങ്ങളായിരിക്കുന്നു. "യായം ഭാവം........" എന്ന ഗീതാശ്ലോകം അതിൻെറ നാലാമത്തെ ശ്ലോകമായ പ്രയാണകാലേ—" എന്നതിനോടു ചേർത്തു അർത്ഥം ഗ്രഹിക്കണമെന്നു മി: പിള്ള ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. അതിനു മറുപടിയായി എട്ടാമദ്ധ്യായം അഞ്ചാംശ്ലോകമായ "അന്തകാലേ ചമാമേവ...." എന്ന ശ്ലോകത്തിൻെറ അർത്ഥത്തെ സ്ഥാപിക്കുവാനായി ഒരു സാമാന്യസിദ്ധാന്തമുപന്യസിക്കുകയാണു് "യായം ഭാവം...." എന്ന ആറാം ശ്ലോകംകൊണ്ടു ചെയ്യുന്നതെന്നും ജഡഭരതോപാഖ്യാനം മനസ്സിൽവച്ചുകൊണ്ടു ഈ ശ്ലോകത്തിൻെറ അർത്ഥം ധരിക്കേണ്ടതാണെന്നും മാത്രമേ ഞാൻ എൻെറ ലേഖനത്തിൽ വിവരിച്ചിട്ടുള്ളു. ശേഷമുള്ളതെല്ലാം മി: പിള്ളയുടെ ദുസ്സങ്കല്പങ്ങളും ദുർവ്യാഖ്യാനങ്ങളുമാണു്. "യംയം ഭാവം...." എന്നശ്ലോകത്തിനു് ജഡഭരതോപാഖ്യാനത്തെ ഒരു ദൃഷ്ടാന്തമായി രാമാനുജൻ തുടങ്ങി പല ഗീതാവ്യാഖ്യാതാക്കന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. (പതിനൊന്നു ടീകകളോടു കൂടി പരസ്യം ചെയ്തിരിക്കുന്ന ഗീത പരിശോധിക്കുക) അതുകൊണ്ടു് ജഡഭരതോപാഖ്യാനം മനസ്സിൽവെച്ചുകൊണ്ടു് "യംയം ഭാവം...." എന്ന ശ്ലോകത്തിൻെറ അർത്ഥം ധരിക്കുവാൻ ശ്രമിക്കണമെന്ന എൻെറ ഉപദേശം ബഹുമാന്യമല്ലാതെ എങ്ങിനെ അപഹാസ്യമാകുമെന്നു മനസ്സിലാകുന്നില്ല.

"അന്തകാലേ ചമാമേവ സ്മരൻ മുക്ത്വാ
കളേബരം
യ:പ്രയാതി സമദ്ഭാവംയാതിനാസ്ത്യത്ര
സംശയ: (8–5)

"യംയാംഭാവം സ്മരൻ വാപിത്യജത്യന്തേ
കളേബരം"
തംതമേവൈതികൗന്തേയ, സദാതദ്
ഭാവഭാവിത:" (8–6)

"പ്രയാണകാലെ മനസാ ചലേനഭക്ത്യാ
യുക്തോയോഗബലേനചൈവ"
ഭ്രുവോർമദ്ധ്യേ പ്രാണമാവേശ്യ സമ്യക്
സതംപരം പുരുഷമുപൈതി ദിവ്യമ്."
(8–10)

"ഓമിത്യേകാക്ഷരം ബ്രഹ്മവ്യാഹരൻ
മാമനുസ്മരൻ
യ:പ്രയാതിത്യജൻ ദേഹം സയാതി പര
മാംഗതിമ്.(8–13)

"തസ്മാത് സർവ്വേഷു കാലേഷു മാമനുസ്മ
രയുദ്ധ്യ ച
മയ്യർപ്പിത മനോബുദ്ധിർമാമേ വൈഷ്യ
സ്യസംശയ:.(8–7)

എന്നീ ശ്ലോകങ്ങളുടെ അർത്ഥങ്ങൾ കൂട്ടിയിണക്കി ചിന്തിച്ചാൽ ചില വസ്തുതകൾ വ്യക്തമാകുന്നുണ്ടു്. മരണകാലത്തു് ഒരുവൻ ഏതുഭാവത്തെ സ്മരിക്കുന്നുവോ മരണാനന്തരം അവൻ ആ ഭാവത്തെ പ്രാപിക്കുന്നു. മരണകാലത്തു് ഭഗവാനെ സ്മരിക്കുന്നവക്കു് മരണാനന്തരം ഭഗവാനെത്തന്നെ പ്രാപിക്കുവാൻ കഴിയുന്നതാണു്. എന്നാൽ മരണകാലത്തു് ഒരു ഭാവത്തെ വ്യക്തമാക്കി (സംസ്കാരജന്യകമായ നിലയിൽ) സ്മരിക്കണമെങ്കിൽ ആ ഭാവം ആവവത്തിച്ചാവത്തിച്ചു് അനുസന്ധാനം ചെയ്യപ്പെട്ടിരിക്കണം. മരണകാലത്തു് സർവ്വസാധാരണമായി ഉണ്ടാകാറുള്ള ശരീരവൈവശ്യം മൂച്ഛ മുതലായവകൊണ്ടു് ഒരു നല്ല ഭാവത്തെ പ്രത്യേകയത്നവും കരുതലും കൂടാതെ ഒരാൾ സ്മരിച്ചു എന്നു വരുന്നതല്ല. അതുകൊണ്ടു് ഭഗവത് പ്രാപ്തികരമായ ഭഗവത്സ്മരണം മരണകാലത്തു് ഉണ്ടാകണമെന്നു് ആഗ്രഹിക്കുന്നവർ സർവ്വദാ

ഭഗവത്സ്മരണം ചെയ്യുക മുതലായ സമുചിതങ്ങളായ ഉപാധികൾ കൈക്കൊള്ളേണ്ടതാണ്.

ഈ വിശദീകരണങ്ങളിൽനിന്ന് മററു ചില തത്വങ്ങൾകൂടി ഉയൎന്നുവരുന്നുണ്ട്. പല ഗീതാവ്യാഖ്യാതാക്കന്മാരും അവയെ സ്പൎശിച്ചിട്ടുമുണ്ട്. മരണകാലത്തെ സ്മരണത്തിനുള്ള പ്രാധാന്യമാണ് അവയിൽ മുഖ്യം. സ്മരണം ഒരു ബോധവിശേഷമാണ്. അതു് സംസ്കാരത്തെ ജനിപ്പിക്കും. ആ സംസ്കാരം മനസ്സായി രൂപംകൊള്ളുന്നു. അനന്തരപ്രവൎത്തനങ്ങളിൽ അങ്ങനെ സംസ്കാരം ഒരു പ്രേരകവസ്തുവായിത്തീരുന്നു. മരണകാലത്തുണ്ടാകുന്ന സംസ്കാരം മററു സംസ്കാരങ്ങൾകൊണ്ടു വ്യവഹിതമാകാത്തതിനാലും മററുമാണ് ബലിഷ്ഠതപൂണ്ട് മരണാനന്തരഭാവത്തെ നിയന്ത്രിക്കുന്നതു്. ഉപദേശാദികളിൽനിന്നും ബോധം, ബോധത്തിൽനിന്നും സംസ്കാരം, സംസ്കാരത്തിൽനിന്നും സ്മരണം എന്നാണു ക്രമമെങ്കിലും സ്മരണവും ഒരു ബോധമെന്ന നിലയിലാണ് സംസ്കാരംവഴി കാൎയ്യകാരിയായിത്തീരുന്നതു്. അതുവരെ നിലനിന്ന സംസ്കാരത്തെ ജയിക്കുവാൻ ശക്തമല്ലാത്ത മരണകാലസംസ്കാരത്തിന് മരണാന്തരഭാവത്തെ രൂപവത്ക്കരിക്കുവാൻ സാദ്ധ്യമല്ലെന്നും സമ്മതിക്കേണ്ടതാണ്. എന്നാൽ ദീൎഘകാലം ആദരപൂൎവ്വം നിരന്തരം ചെയ്യപ്പെടുന്ന സ്മരണത്തെ തുടൎന്നുണ്ടാകുന്ന സ്മരണംപോലെ സംസ്കാരാന്തരബാധകവും ബലിഷ്ഠവും മരണാനന്തരഗതിക്ക് രൂപം കൊടുക്കുന്നതുമായ സംസ്കാരത്തെ ജനിപ്പിക്കുവാൻ മരണകാലത്തിലെ മററു ബോധവിശേഷങ്ങൾക്കും കഴിയുന്നതാണ്. സംസ്കാരാന്തരത്തെ ജയിച്ചുയൎന്നു നില്ക്കുന്ന ബലിഷ്ഠമായ സംസ്കാരം വേണമെന്നല്ലാതെ അതു് സ്മരണപരമ്പരകൊണ്ടുതന്നെ ഉണ്ടാകണമെന്ന് സംസ്കാരസ്വരൂപം അറിയാവുന്നവൎക്ക് നിൎബന്ധിക്കാവതല്ല. മരണകാലത്തെ സംസ്കാരം മരണാനന്തരഭാവത്തിന് എങ്ങിനെ രൂപം കൊടുക്കുന്നു എന്നു വിവരിക്കുന്ന ഗീതാവ്യാഖ്യാതാക്കളുടെ പ്രക്രിയതന്നെയാണ് അതിന് പ്രമാണം. യോഗസൂത്രകാരനും വ്യാഖ്യാതാക്കളും തീവ്രാഭിനിവേശംകൊണ്ട് സാധാരണ പ്രക്രിയകളെ അതിക്രമിക്കാമെന്ന് പല പ്രകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പാകവിജ്ഞാനിയും ജീവന്മുക്തനുമായ ഉപഗുപ്തൻ പരിവേദനാനുഭവത്താൽ പാപമുക്തയായ വാസവദത്തയെ മരണകാലത്ത് ഉപദേശങ്ങൾകൊണ്ട് ശ്രദ്ധാവതിയും ഗൃഹീതവിദ്യയും അനന്തരജന്മങ്ങളിൽ വിദ്യാമാൎഗ്ഗത്തിൽ സഞ്ചരിക്കത്തക്കവണ്ണം ബോധവതിയും സംസ്കാരവതിയുമാക്കിത്തീൎത്തു എന്നു വൎണ്ണിച്ചിരിക്കുന്നതിൽ ഒട്ടും അസാംഗത്യം ദൎശിക്കുക സാദ്ധ്യമല്ല. അനുഭവംകൊണ്ട് നഷ്ടപാപയും സ്ഥിരദാക്ഷിണ്യശീലം, നിസ്വാൎത്ഥസ്നേഹം, ബുദ്ധനാമസ്മരണം, ശരണത്രയശ്രവണം മുതലായവകൊണ്ട് ലബ്ധപുണ്യയുമായ വാസവദത്ത പുണ്യാനുസാരം മരണാനന്തരം തുഷിതസ്വൎഗ്ഗത്തിലേക്കുപോകുന്നു. ആ സ്വൎഗ്ഗവും യഥായോഗ്യം പാകവിജ്ഞാനം കൊണ്ട് സ്മരിപ്പിക്കപ്പെടുന്നുണ്ട്. ഇതിന് മുഴുവനും മുഖ്യകാരണം മരണകാലത്തിൽ വാസവദത്തയ്ക്ക് ഉപഗുപ്തോപദേശംവഴി ലഭിക്കുന്ന സംസ്കാരമാണ് എന്നതിൽ പക്ഷാന്തരത്തിന് ഇടയില്ല. ആ സംസ്കാരം സംസ്കാരാന്തരത്തെ ജയിക്കുന്നതും മരണാനന്തരഭാവത്തെ രൂപവത്കരിക്കത്തക്ക നിലയിൽ ശക്തവുമായിരുന്നുവോ എന്നാണ് പരിക്ഷണീയമായിട്ടുള്ളതു്. ഉപദേഷ്ടാവിന്റെ യോഗ്യതകളും ഉപദേശത്തിന്റെ വൈശിഷ്ട്യവും

മററു പരിതഃസ്ഥിതികളും ആലോചിച്ചാൽ അവ വാസവദത്തയിൽ സ്മരണപരമ്പര പോലെതന്നെ ബലിഷ്ഠമായ സംസ്കാരത്തെ ജനിപ്പിക്കുവാൻ പോരുന്നവയാണെന്നു് സൂക്ഷ്മദൃക്കുകൾക്കു് മനസ്സിലാകുന്നതാണു്. ഉത്കൃഷ്ടമായ മരണാനന്തരഗതിയെ ഉന്നി മരണകാലത്തു് അവ ബോധം നല്കുക എന്ന പതിവു് ഒരു ആചാരമായി ഇന്നും ബുദ്ധമതക്കാരുടെ ഇടയിലുണ്ടെന്നു് അഭിജ്ഞന്മാർ പറയുന്നു. ക്രിസ്തുമതക്കാരുടെ ഇടയിൽ അതു് ഒരു പ്രഹതമായ ആചാരമാണു് എന്നതു് ആക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ലല്ലോ. ഒരുവൻ മരിക്കുവാൻ തുടങ്ങുമ്പോൾ അവനെ രാമായണമോ ഭാഗവതമോ ഭഗവദ്ഗീതയോ വായിച്ചു കേൾപ്പിക്കുക, നാരായണനാമം ജപിക്കുകയും ജപിപ്പിക്കുകയും ചെയ്യുക എന്നൊരു ആചാരം ഹിന്ദുക്കളുടെ ഇടയിലെ നിത്യസംഭവമാണു്. ഇവയുടെ എല്ലാററിന്റേയും അന്തരാത്മം ഒന്നു തന്നെ എന്നതിൽ സംശയമില്ല. ജനനം മരണം മരണാനന്തരഗതി എന്നിവയെപ്പററിയുള്ള ശാസ്ത്രീയ പ്രക്രിയകൾ ഇവ യുക്തിയുക്തങ്ങളും സമഞ്ജസങ്ങളുമാണെന്നു് നമ്മോടു പറയുന്നുമുണ്ടു്. അതിനാൽ മരണാനന്തരഗതിയെ ഉത്കൃഷ്ടമാക്കത്തക്ക ഒരു അവബോധം വാസവദത്തയ്ക്കു് മരണകാലത്തു് ജനിച്ചു എന്നും ജനിപ്പിച്ചു എന്നും തീരുമാനിക്കുന്നതിൽ വലിയ അപാകമൊന്നും ഞാൻ കാണുന്നില്ല. എന്നാൽ അവൾക്കു് പ്രാപ്തമായി എന്നു വർണ്ണിക്കപ്പെട്ടിരിക്കുന്ന ഉത്കൃഷ്ടഗതി നിർവ്വാണമോ മി: പിള്ളയുടെ തുഷിതസ്വർഗ്ഗനിർവ്വാണമോ അല്ലെന്നും കേവലം ഒരു പുണ്യലോകമായ തുഷിതസ്വർഗ്ഗം മാത്രമാണെന്നും പ്രത്യേകം ഓർക്കേണ്ടതുണ്ടു്.

പ്രതിപക്ഷദ്വേഷമാണു് മി: ദാമോദരൻപിള്ളയുടെ ലേഖനത്തിലെ മുഖ്യാംശം. ആ ദ്വേഷം "ദ്വേഷാദ് ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതി വിഭ്രമഃ ; സ്മൃതിഭ്രംശാദ് ബുദ്ധിനാശഃ — —"എന്ന വിധം ബുദ്ധിനാശംവരെ എത്തിനില്ക്കുകയാണു്. ഇവിടെ അനുശോചിക്കുകയല്ലാതെ എന്താ നിവൃത്തി?

വിജ്ഞാനപരങ്ങളായ വിവാദങ്ങളിൽ ഒരു സത്യസന്ധതയും സഹിഷ്ണുതയും സഹൃദയത്വവും സാഹിത്യകാരന്മാൎക്കു് ആവശ്യമാണു് എന്നേ എനിക്കു് ഉപസംഹാരമായി പറയുവാനുള്ളു.

# എന്റെ സമാധാനം

## പി. ദാമോദരൻപിള്ള

"വിചാരവേദി"യിലെ വാദഗതിയെപ്പററി മുന്നൊരു ലക്കം ഗ്രന്ഥാലോകത്തിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിനു മറുപടിയായി ഇക്കഴിഞ്ഞ മാർച്ച് ലക്കത്തിൽ ശ്രീ. ബാലരാമപ്പണിക്കർ "ആ വാദമുഷ്ടി" എന്ന പേരിൽ എഴുതിയിരിക്കുന്ന പ്രത്യാഖ്യാനം കണ്ടു. ശ്രീ. പണിക്കർക്കു് ഒരിക്കലും കാര്യം മനസ്സിലാകയില്ലെന്നു് എനിക്കു് പൂർണ്ണമായി ബോധപ്പെട്ടതു് ഇപ്പോഴാണു്. അതിൽ അല്പം കുണ്ഠിതവുമുണ്ടു്. ഏതായാലും വാദപ്രതിവാദം നീട്ടുന്നതു ശ്രീ. പണിക്കർക്കു് ശോഭനമോ എനിക്കു് സൗകര്യപ്രദമോ അല്ല. അതിനാൽ ഈ ചെറു സമാധാനത്തോടെ നിർത്താമെന്നു ഞാൻ വിചാരിക്കുന്നു.

വാസവദത്തയ്ക്കു് സ്വർഗ്ഗമോ മോക്ഷമോ ഒന്നും കിട്ടിയതായി വിശ്വാസം വരികയില്ലെന്നായിരുന്നു എന്റെ വാദം. അങ്ങനെ പറയുമ്പോൾ അതു രണ്ടും ഒന്നാണെന്നു വക്താവു് ധരിച്ചിരിക്കുന്നതായി അർത്ഥം വരികയില്ല. പക്ഷെ ശ്രീ. പണിക്കർ അങ്ങനെയൊരു തെററിദ്ധാരണയുടെ പേരിലാണു് മറുപടിയുമായി പുറപ്പെട്ടിരിക്കുന്നതു്. ഇല്ലാത്തതു ഉണ്ടെന്നു ധരിച്ചുകൊണ്ടുള്ള വാദകോലാഹലം ഒരു മറുപടി അർഹിക്കുന്നില്ല. വാസവദത്തയ്ക്കു് മോക്ഷം കിട്ടിയെന്നു പറഞ്ഞാലും സ്വർഗ്ഗം കിട്ടിയെന്നു പറഞ്ഞാലും അർത്ഥശൂന്യമാണെന്നുള്ള വാദത്തിനു മറുപടി സ്വർഗ്ഗമോക്ഷങ്ങളുടെ വ്യത്യാസത്തെപ്പററിയുള്ള കാടും പടലുമല്ല; അവർക്കു് സ്വർഗ്ഗത്തിനെങ്കിലും അവകാശമുണ്ടെന്നു സ്ഥാപിക്കുകയാണു്. ശ്രീ. പണിക്കർ സ്വർഗ്ഗമോക്ഷങ്ങളെപ്പററി ഉപന്യസിക്കുകയാണു ചെയ്തിരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. ഇതു് കഥയറിയാതെ ആട്ടം കാണുന്നപോലാണെന്നേയുള്ളു. അദ്ദേഹത്തിനു കാര്യം മനസ്സിലാകയില്ലെന്നുള്ളതിനു് ഇതു് ഒരു ഉദാഹരണം മാത്രമാണു്.

ഇനി അതിരിക്കട്ടെ. ഗുരുതരമായ ഒരൊററ പുണ്യംകൊണ്ടു, സ്വർഗ്ഗം കിട്ടുമെന്നുള്ളതാണു് ശ്രീ. പണിക്കരുടെ അടുത്ത വാദം. ആദ്യമേ അദ്ദേഹം ഇതിനു പുറപ്പെട്ടാൽ അതു കൂടുതൽ പ്രസക്തമാകുമായിരുന്നു. പക്ഷെ കാര്യം ശരിയാകുമായിരുന്നു എന്നു് അതുകൊണ്ടും അർത്ഥമാകുന്നില്ല. യുദ്ധത്തിൽ മരിക്കുകകൊണ്ടുതന്നെ അർജ്ജുനനു സ്വർഗ്ഗം കിട്ടുമെന്നു ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നതുകൊണ്ടു് യുദ്ധത്തിൽ മരിക്കുന്ന സകലർക്കും സ്വർഗ്ഗം കിട്ടുമെന്നു് അദ്ദേഹം അർത്ഥമാക്കുന്നതായി ശ്രീ. പണിക്കർ ബലമായി വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ യുദ്ധത്തിൽ മരിക്കുന്ന സാംസ്കാരശൂന്യന്മാർക്കെല്ലാം സ്വർഗ്ഗം കിട്ടുമെന്നു സിദ്ധിക്കുന്നതാണു്. വാസവദത്തയുടെ "ക്ഷിപ്രസിദ്ധി"യും യുദ്ധത്തിലെ മരണംകൊണ്ടുള്ള സ്വർഗ്ഗപ്രാപ്തിയും തമ്മിൽ എന്താണു ബന്ധമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതെന്തെങ്കിലുമാകട്ടെ. യുദ്ധത്തിൽ മരിച്ചാൽ ഏതൊരുവനും സ്വർഗ്ഗത്തിനു അർഹനാകുമെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്നുണ്ടെന്നാണു് ശ്രീ. പണിക്കർ പറയുന്നതു്. അങ്ങനെ നെടുകെ

വിശ്വസിക്കുന്ന ഒരൊററ ഹിന്ദുവിനെ മാത്രമേ ഇതിനകം എനിക്കു കാണാൻ സാധിച്ചിട്ടുള്ളു. അതു ശ്രീ. പണിക്കർ തന്നെയാണ്. ഹിന്ദുക്കൾക്ക് ആ മാതിരി ചില വിശ്വാസങ്ങൾ ഇല്ലാതില്ല. പക്ഷെ അതൊന്നും അപ്പാടെ വിശ്വസിക്കാനുള്ളവയല്ലെന്ന് അവർക്കറിയാം. ഗംഗയിൽ കുളിച്ചാൽ മോക്ഷം കിട്ടും. കാശിയ്ക്കുപോയാൽ മോക്ഷം കിട്ടും ഇതൊക്കെയാണ് മേൽപ്പറഞ്ഞ തരത്തിലുള്ള ഹൈന്ദവ വിശ്വാസങ്ങൾ. അങ്ങനെ വിശ്വസിക്കുന്ന ഹിന്ദുക്കളാരുംതന്നെ ഗംഗയിലെ തവളയ്ക്കോ, കാശിയ്ക്കുകൊണ്ടുപോയ കയ്പൻ കുമ്പളങ്ങായ്ക്കോ എന്തെങ്കിലും ഗുണമുണ്ടാകുമെന്നു വിചാരിക്കുന്നില്ല. സംസ്കാരം തികഞ്ഞവർക്കു മാത്രമേ ആവക കർമ്മങ്ങൾ കൊണ്ടു പറയത്തക്ക പ്രയോജനമുണ്ടാകയുള്ളു എന്നാണു പൊതുവേ ഹിന്ദുക്കൾ വിശ്വസിക്കുന്നതെന്നു, "കയ്പൻ കുമ്പളങ്ങാ കാശിയ്ക്കു കൊണ്ടുപോയാലെന്താ വിശേഷം?", എന്നുള്ള പഴഞ്ചൊല്ലു തന്നെ വ്യക്തമാക്കുന്നു. മററുള്ളവർ കാശിയ്ക്കുപോയാൽ അത്രയ്ക്കു മാത്രമുള്ള ഗുണമുണ്ടാകുമെന്നല്ലാതെ അതിലധികമൊന്നും ഉണ്ടാകുന്നതല്ലെന്നാണ് പരക്കെയുള്ള ബോധം.

ഇനി യുദ്ധത്തിൽ കിട്ടുന്ന സ്വർഗ്ഗത്തിന്റെ കാര്യം ആലോചിക്കുക. അർജ്ജുനനും അദ്ദേഹത്തെപ്പോലുള്ളവർക്കും യുദ്ധത്തിലുള്ള മരണം സ്വർഗ്ഗകാരണമായേക്കാം. അതല്ല, സംസ്കാരനിലയെപ്പററി ഗണിക്കാത്ത ഒരു സ്വർഗ്ഗമാണ് യുദ്ധത്തിലെ മരണത്തിന്റെ ഫലമെങ്കിൽ സംസ്കാരമില്ലാത്ത സകലതിനും അതുകൊണ്ടു സ്വർഗ്ഗം കിട്ടേണ്ടതാണ്. ശ്രീ. പണിക്കർ അബദ്ധം എഴുന്നള്ളിക്കാത്തപ്പോഴൊക്കെ പറയുന്നതു സുബദ്ധമായിരിക്കാം. പക്ഷെ അബദ്ധം എഴുന്നള്ളിക്കാത്ത സന്ദർഭമില്ലെന്നേയുള്ളു. എന്തെന്നാൽ സംസ്കാരനിലയെപ്പററി നോട്ടമില്ലെങ്കിൽ അർജ്ജുനനുമാത്രമല്ല, അദ്ദേഹത്തിന്റെ കുതിരയ്ക്കും, ഭീമന്റെ ആനയ്ക്കുമെല്ലാം സ്വർഗ്ഗം കിട്ടിയേ മതിയാവൂ! പോരാ; യുദ്ധത്തിൽ തകരുന്ന തേര്, ഒടിയുന്ന വാള്, ചുളുങ്ങുന്ന പരിച— ഇവയ്ക്കുമെല്ലാം സ്വർഗ്ഗം തന്നെ ഗതി! അമ്പമ്പ!! ശ്രീ പണിക്കരോട് ആരുതന്നെ തോൽക്കുകയില്ല! പക്ഷെ അദ്ദേഹത്തോട് ഞാൻ ഇപ്പോഴും പറയുന്നു ഇമ്മാതിരി സ്വന്തം പുതിയ വ്യാഖ്യാനങ്ങളും തമാശകളുമൊന്നും പബ്ലിക്കാക്കാതിരിക്കയാണു ഭേദമെന്ന്!

ഇടയ്ക്കു ഒന്നു പറഞ്ഞുകൊള്ളട്ടെ. ചിലർ പഠിക്കുന്നതും കുമ്പളങ്ങാ കാശിയ്ക്കു പോകുന്നതും തുല്യമാണ്. പഠിച്ചാൽ പോരാ. കാര്യം മനസ്സിലാക്കുകകൂടി വേണം. അതില്ലെങ്കിൽ കുമ്പളങ്ങാ കാശിയ്ക്കു പോയതുപോലെ, പഠിച്ചാലും പഠിക്കാത്തതുപോലെ, ഒക്കെയിരിക്കും. യമകിങ്കരന്മാരെ മൃത്യുമുഖരായ ചിലർ കാണുമെന്നു കേട്ടിട്ടുണ്ട്. അവരുടെ അടുത്തുള്ളവർ കണ്ടതായി ആരും കേട്ടിട്ടില്ല. പക്ഷെ ശ്രീ പണിക്കർ പറയുന്നതു മരിക്കാറായ അജാമിളൻ മാത്രമല്ല, നല്ല പനങ്കുററിപോലെ നിന്ന മകൻ നാരായണൻ പയ്യനുംകൂടി യമകിങ്കരന്മാരെ കണ്ടുകളഞ്ഞെന്നാണ്. ഇതുമെല്ലാം ഹൈന്ദവ വിശ്വാസമാണെന്നു അദ്ദേഹം പറഞ്ഞേക്കാനുംമതി. നിവൃത്തികേടിന്റെ ലക്ഷണമെന്നല്ലാതെന്തു പറയാൻ!

ഇത്രമാത്രം വിശേഷമായ ബുദ്ധിസാമർത്ഥ്യവും പാണ്ഡിത്യവിലാസവും മററും അടങ്ങിയ പുസ്തകത്തിനാണു അറിവുള്ളവർ കെങ്കേമൻ അഭിപ്രായ

ങ്ങൾ എഴുതിക്കൊടുത്തതായി ശ്രീ. പണിക്കർ അവകാശപ്പെടുന്നതു്. അദ്ദേഹത്തിൻ ഇതൊക്കെ പുത്തരിയാണെന്നു തോന്നുന്നു. ഗ്രന്ഥങ്ങളിൽ കാണുന്ന അഭിപ്രായങ്ങളിൽ 98 ശതമാനവും എഴുതിയ കടലാസിന്റെ വിലപോലും ഇല്ലാത്തവയാണെന്നു് ഗ്രന്ഥകത്താക്കൾക്കറിവില്ലെങ്കിലും അഭിപ്രായകത്താക്കൾക്കു് അറിവുണ്ടെന്നു് പഴയ ദാമോദരൻപിള്ള പറയുന്നതു്, പുതിയ ശ്രീ. പണിക്കർ വിശ്വസിക്കുന്നതു നന്നായിരിക്കും. ഒന്നാലോചിച്ചു നോക്കുക. അജാമിളനെയോ, ജഡഭരതനെയോ, വിവേകാനന്ദനെയോ, ഒപ്പം വാസവദത്തയേയോ സംബന്ധിച്ചു് യാതൊരു പരിജ്ഞാനവുമില്ലാതെ അവരെയൊക്കെപ്പററി പണ്ടാരും കേട്ടിട്ടില്ലാത്ത വെറും അസംബന്ധങ്ങൾ തന്നെ തട്ടിമൂളിച്ചിരിക്കുന്ന ഒരു ഗ്രന്ഥചേലത്തെക്കുറിച്ചു പണ്ഡിതന്മാർ നല്ല അഭിപ്രായം വല്ലതും എഴുതിക്കൊടുക്കുമോ? പിന്നെന്തുകൊണ്ടു് അവർ അങ്ങനെയൊക്കെ എഴുതി? എന്തെങ്കിലും എഴുതാം; എഴുതിയാൽ അവരെ ആരും തെററിദ്ധരിക്കയില്ല. അത്ര തന്നെ കാര്യം!

ഇതുകൊണ്ടൊക്കെയാണു വാദം നീട്ടുന്നതു ശ്രീ. പണിക്കർക്കു് അത്ര ശോഭനമല്ലെന്നു ഞാൻ നേരത്തെ സൂചിപ്പിച്ചതു്. അഭിപ്രായകത്താക്കളിൽ ചിലരുമായുള്ള സംഭാഷണം വെളിപ്പെടുത്തുന്നതു് ന്യായമല്ലാത്തതിനാൽ മറുപടി പറയുമ്പോൾ എനിക്കു് ചില്ലറ അസൗകര്യങ്ങൾ നേരിടുകയും ചെയ്യുന്നു. ആകപ്പാടെ ഒന്നും വേണ്ട; ഞാൻ പിന്മാറിയേക്കാം. ശ്രീ പണിക്കർ ജയിച്ചിരിക്കുന്നതു കാണാൻ എനിക്കൊരു കൗതുകവുമുണ്ടു്.

---

ഈ വാദപ്രതിവാദത്തിനു മേലിൽ സ്ഥലമനുവദിക്കുന്നതല്ല. (ഗ്ര. പ)

---


## വായനശാലകളോടു്

കൊറിയൻസമരഭീകരത എത്രമാത്രമുണ്ടു് ?

ഫുട്ട്പാത്തു്, അതിന്റെ ജീവിതകഥ—യാഥാർത്ഥ്യത്തിന്റെ നഗ്നചിത്രം—നിങ്ങളോടു വിവരിക്കുന്നു— അതിന്റെ സ്വാരസ്യം എത്രകണ്ടുണ്ടു്?

ഉത്തരം "ഡേഞ്ചർ ലൈററ്" തരും

By K. V. മണലിക്കര — വില 12 ണ.

വായനശാലകൾക്കു് 25% കമ്മിഷൻ

അപേക്ഷിക്കുക— **K. V. Press & Publishing House**

*Manalikara, Thackalai.*

# ടോൾസ്റ്റോയിയുടെ
# "എന്താണു് കല?"

## സുകുമാർ അഴീക്കോടു്

ചിന്തകന്മാർക്കു് മതിഭ്രമം ഇയററത്തക്ക വണ്ണം ഉദ്ദാമങ്ങളായ ചില അഭിമതങ്ങൾ ആവിഷ്കരിച്ചുകൊണ്ടു് പ്രത്യഗ്രമായൊരു കലാസിദ്ധാന്തം അവതരിപ്പിച്ചവരിൽ പ്രമുഖസ്ഥാനീയനാണു് ടോൾസ്റ്റോയി. 1898-ൽ അദ്ദേഹത്തിന്റെ "എന്താണു് കല?" (What is art?) എന്ന ഗ്രന്ഥം പ്രകാശിതമായതോടെ, അന്നുവരെ കലാതത്വചിന്തയുടെ അന്തരീക്ഷത്തിൽ ഉയർന്നു വിലസിയ അനേകം സിദ്ധാന്തങ്ങൾ ഗതപ്രഭങ്ങളായി. പ്രതിഷ്ഠാപിതങ്ങളായ ആ വാദഗതികളെയൊക്കെ പുച്ഛഭാവത്തിൽ, അതിശക്തിപൂർവ്വം, പ്രതിരോധിക്കുന്നതായിരുന്നു പ്രസ്തുതഗ്രന്ഥം. അതിൽ ടോൾസ്റ്റോയി ചെയ്ത വിഗ്രഹഭഞ്ജനം ഭീതിജനകമാണു്. ഒരു സ്വതന്ത്രചിന്തകന്റെ യുക്തിഗ്രഹണവിചക്ഷണത്വവും, ഒരു അരാജകവാദിയുടെ നിരങ്കുശത്വവും, ഒരു ആദർശവാദിയുടെ ആശയശുദ്ധിയും സമ്മേളിക്കുന്ന അപ്രതിമഗ്രന്ഥം ആണു് അതു്. ഗെഥെ, ഷെയിക്സ്പിയർ, ഫ്ളോബെട്ടു്, ബൽസാക്കു്, ഇബ്സൻ, കിപ്ലിങ്ങു്, മല്ലാർമ്മെ, വെർലെയിൻ, ബോദലെയർ, മെയിററർലിങ്കു്, എമിലി സോളാ, സോഫോക്ലിസ്സു്, യൂരിപ്പെഡസു്, ഏയിസ്കിലസു്, ഡാന്റെ, ടാസ്സോ, മിൽടൻ എന്നീ വിശ്വസാഹിത്യമഹാജ്യോതിസ്സുകളെയും, റാഫെൽ, മൈക്കെൽ ആൻജെലൊ ബാക്കു്, ബീതോവൻ, വാഗ്നർ, റിച്ചാർഡ് സ്ട്രൗസ്സു് എന്നീ ആലേഖ്യസംഗീതവിദ്വാന്മാരെയും തൂലശകലങ്ങളെപ്പോലെ ഊതിപ്പറപ്പിക്കുന്ന വിസ്മയാവഹദർശനം അതിലുണ്ടു്. സർവ്വാതിശായിയായ ഈ വിഗ്രഹഭഞ്ജകത്വം വീക്ഷിച്ചതിനാലാവാം ബർനാർഡ്ഷാ ആ ഗ്രന്ഥത്തെപ്പററി പറഞ്ഞതു്, "സാധാരണ വിമർശകൻ നിശ്ചയമായും ഉന്നയിക്കാനിടയുള്ള എതിർപ്പുകളോടെല്ലാം കടുത്ത അവഗണനാബുദ്ധിയോടെയാണു് ഇതു് ലേഖനം ചെയ്യപ്പെട്ടിട്ടുള്ളതു്" എന്നു്.

പതിനഞ്ചു് സംവത്സരങ്ങളിലെ വിപുലവിചാരത്തിന്റെ പക്വഫലമത്രേ "എന്താണു് കല?" (1) 1896-നാടുത്തു് പ്രസിദ്ധീകൃതമായ "കലയെപ്പററി" (On Art) എന്ന നിബന്ധം, പ്രസ്തുതഗ്രന്ഥത്തിൽ സ്ഥാപിതമായ സിദ്ധാന്തത്തിന്റെ ലഘുവും അസംസ്കൃതവുമായ രൂപത്തെ ഉപലക്ഷിക്കുന്നു. ഈ നിബന്ധത്തിൽ നിന്നു് ചില ആശയങ്ങൾ അപാകരിച്ചും ചിലവ വിപുലീകരിച്ചും രചിച്ചതത്രേ "എന്താണു് കല?" എന്ന ഗ്രന്ഥം. ഗ്രന്ഥത്തിൽ വ്യാകീർണ്ണമായുള്ള ഉദഗ്രപക്ഷപാതങ്ങൾ മുൻഗാമിയായ പ്രബന്ധത്തെ അലങ്കരിക്കുന്നില്ല. എന്നാലും, അദ്ദേഹത്തിന്റെ

(1) "What is Art and Essays on Art"—TOLSTOY P. (276)

കലാസിദ്ധാന്തത്തിന്റെ അങ്കുരം ഇതിലുണ്ടു്—കലാസൃഷ്ടിയുടെ ഭാവം ഉൽക്കൃഷ്ടകരവും, രൂപം സുപ്രഗത്ഭവും കലാകാരന്റെ സൃഷ്ടിപ്രേരണ ആത്മാർത്ഥവും ആവണമെന്ന സിദ്ധാന്തമത്രേ പ്രബന്ധത്തിൽ ഉപപാദിക്കപ്പെട്ടിട്ടുള്ളതു്.

"എന്താണു് കല?" എന്ന ഗ്രന്ഥത്തിലാവട്ടെ, അവ്യാഹതവും വിശൃംഖലവുമായ ശക്തിയോടെ ടോൾസ്റ്റോയിയുടെ—വാദവാഹിനി കുതിച്ചുപായുകയാണു്. ഇരുപതു് അദ്ധ്യായങ്ങളിലും കുറെ അനുബന്ധങ്ങളിലും വ്യാപിച്ചുകിടക്കുന്ന ആ ചിന്താഗതിയെ നമുക്കു് ഒരു സിംഹാവലോകനത്താൽ ഇവിടെ സംഗ്രഹിക്കാൻ ശ്രമിക്കാം:—

കലാഭാസങ്ങളുടെ ആവിർഭാവത്തെ ഉപഹസിച്ചുകൊണ്ടാണു് പ്രഥമാദ്ധ്യായം ആരംഭിക്കുന്നതു്. നാട്ടിലെങ്ങും നടമാടുന്ന നാടകങ്ങളും ഗ്രന്ഥങ്ങളും യഥാർത്ഥകലയല്ലെന്നും അവ വെറും ഛദ്മങ്ങൾ ആണെന്നും ഗ്രന്ഥകാരൻ വാദിക്കുന്നു. കലാത്മകമായ യാഥാർത്ഥ്യത്തിന്നുപകരം മിഥ്യാസാടോപം സുഹിതസഞ്ചാരം ചെയ്യുകയാണു്. അക്കാരണത്താൽ, "കല കൂടുതൽ കൂടുതൽ അവ്യക്തവും മനുഷ്യാനുഭൂതിയ്ക്കു് പിടുത്തം കിട്ടാത്തതും ആയ എന്തോ ഒന്നാവുന്നു."

ഈ അജ്ഞതാദുർവ്വിലസിതത്തിൽ നിന്നു വിമുക്തി ലഭിക്കണമെങ്കിൽ സമുദായവും കലാകാരനും ഒരു പ്രശ്നത്തിന്നു് സമാധാനം മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നു ടോൾസ്റ്റോയി വാദിക്കുന്നു: "യാതൊന്നിന്നു വേണ്ടി മനുഷ്യജീവിതവും കർമ്മവും നന്മയും ആഹുതിചെയ്യപ്പെടുന്നുവോ, മാനുഷ്യകത്തിന്നു് അത്രമാത്രം പ്രധാനപ്പെട്ടതും ആവശ്യമുള്ളതും ആയ ഈ കല എന്താകുന്നു?" (2) ഇതാണു് പ്രശ്നം.

ഈ മഹാമൌലികപ്രശ്നത്തിന്നു് സമാധാനമെന്നോണം ബോംഗാർടൻ (1714–1762) തൊട്ടു് ടെയിൻ (1828–1893) വരെയുള്ള കലാതത്വചിന്തകന്മാർ പ്രഖ്യാപനം ചെയ്ത വിവിധസിദ്ധാന്തങ്ങളെയാകുന്നു ഗ്രന്ഥകാരൻ തൃതീയാദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു്.

ഇവയിൽവെച്ചു് ഭൂരിപ്രചാരമാർന്ന "സൌന്ദര്യസജ്ജകമായ വൃത്തിയാണു് കല" എന്ന സിദ്ധാന്തം തുടരുന്ന അദ്ധ്യായത്തിൽ വിമൃഷ്ടമായിരിക്കുന്നു. ദ്വിവിധവ്യാഖ്യാനത്തിന്നു് വിധേയമാണു് സൌന്ദര്യം. കേവലസത്തയുടെ സ്ഫുടീകരണഭേദങ്ങളിലൊന്നാണു് സൌന്ദര്യം എന്നു് ഒരു വ്യാഖ്യാനം; ഭൌതികോപയോഗശൂന്യമായ ഒരു അമലരസമാണു് സൌന്ദര്യം എന്നു് മറെറാരു വ്യാഖ്യാനം—ഫിഷ്ടെ, ഹെഗൽ, ഷെല്ലിങ്ങ്, ഷോപ്പൻഹോവർ, കസിൻ എന്നിവർ പ്രഥമപക്ഷത്തെയും കാൻറ്, ഷില്ലർ, വിൽഹെം ഹംബോൾഡ്, ഹോം എന്നിവർ ദ്വിതീയപക്ഷത്തെയും ആശ്രയിച്ചവരാകുന്നു. പ്രഥമപക്ഷത്തിന്നു് അടിസ്ഥാനമേയില്ലെന്നും ഇതരപക്ഷം അതിവ്യാപ്തിയാൽ ദുഷ്ടമാണെന്നും വാദിച്ചു്, ടോൾസ്റ്റോയി അവയെ ഉത്സർജ്ജിക്കുന്നു. ഒരു പ്രവൃത്തിയെയും തദുൽഗളിതമാവുന്ന രസാത്മകത മുൻനിർത്തി നിർവ്വചിച്ചുകൂടെന്നാകുന്നു അദ്ദേഹത്തിന്റെ മതം. ഭക്ഷണത്തിന്റെ ഉദ്ദേശം രസമല്ല ശരീരപോഷണമാണെന്നു് ധരിക്കുന്നതു മാത്രമേ

(2) "What is Art?"—(Ch. II)

യഥാൎത്ഥധാരണയാകയുള്ളു. കലയെയും ഈദൃശമായി നാം സമീക്ഷിക്കണം എന്നു് ടോൾസ്റ്റോയി പ്രഖ്യാപിക്കുന്നു.

ചാറത്സ് ഡാർവിൻ, ഹെർബർട്ട് സ്പെൻസർ, ഗ്രാൻറ് അല്ലൻ, സള്ളി, വെറൊൺ എന്നിവരുടെ കലാനിർവ്വചനങ്ങളെ ഹേയകോടിയിൽ നിൎത്തിയതിന്നു ശേഷം, കലാസംബന്ധിയായ വാസ്തവിക വീക്ഷണം ഇന്നതാണെന്നു് ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. "മനുഷ്യജീവിതത്തിലെ സ്ഥിതികളിൽ ഒന്നാണു് കല" എന്നു് പരിഗണിക്കാത്തേടത്തോളം കലാചിന്ത അപ്രഗത്ഭമായേ തീരൂ എന്നാകുന്നു ടോൾസ്റ്റോയിയുടെ പക്ഷം. മനുഷ്യനും മനുഷ്യനും തമ്മിൽ സംഗമിക്കാനുള്ള ഒരുപായവും ഉപാധിയുമത്രേ കല. ടോൾസ്റ്റോയി ഇങ്ങിനെ നിർവ്വചിക്കുന്നു കലയെ: "താൻ അനുഭവിച്ച ചില ഭാവങ്ങളെ ഒരു മനുഷ്യൻ ബോധപൂർവ്വകം ചില ബാഹ്യചിഹ്നങ്ങളാൽ അന്യൎക്കു് ഉപദാനം ചെയ്യുകയും അവരിൽ ആ ഭാവങ്ങൾ പടൎന്നുപിടിച്ചു് അവർ അവ അനുഭവിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, ആ മനുഷ്യവൃത്തിയാണു് കല." (അഞ്ചാമദ്ധ്യായം കാണുക.) ഭാവാന്തരണമാണു് കലാധൎമ്മമൎമ്മം എന്നാകുന്നു ടോൾസ്റ്റോയിയുടെ പരമസിദ്ധാന്തം. ഭാവസംപ്രസരണാത്മകമാണു് മനുഷ്യജീവിതത്തിലെ സർവ്വകൎമ്മങ്ങളും എന്നിരിക്കെ, അവയെല്ലാം കലാവ്യവഹാരപരിധിയിൽ താത്വികമായി ഉൾപ്പെട്ടുമെങ്കിലും, സാമാന്യപ്രയോഗത്തിൽ കലയ്ക്കു് അൎത്ഥപരിമിതിയുണ്ടെന്നു് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നുണ്ടു്. അതായതു് "മതപരമായ അനുഭൂതിയിൽനിന്നു് സമുൽഗളിക്കുന്ന ഭാവങ്ങളെ പ്രസരിപ്പിക്കുന്ന പ്രവൃത്തി" ആണു് കല. ടോൾസ്റ്റോയിയുടെ കലാസിദ്ധാന്തത്തിന്റെ അവഷ്ടംഭങ്ങളിലൊന്നാണു് ഈ മതാനുഭൂതിവാദം എന്നു് വായനക്കാർ ധരിക്കണം.

ജനതാമദ്ധ്യത്തിൽ ഈ ഉന്നതതത്ത്വത്തിനു പകരംവന്ന ബോധവിപൎയ്യയത്തിന്റെ നിദാനത്തെ പിന്നത്തെ രണ്ടദ്ധ്യായങ്ങളിൽ ഗ്രന്ഥകാരൻ വിചയനം ചെയ്തു് പ്രദൎശിപ്പിക്കുന്നു. നവോത്ഥാനദശയിൽ സംഭൂതമായ വിജ്ഞാനവിപ്ലവം ക്രൈസ്തവവിശ്വാസത്തെ പിടിച്ചുമാററിയതിന്റെ ഫലമാകുന്നു അതെന്ന നിഗമനത്തിലാണു് അവസാനം അദ്ദേഹം ചെന്നെത്തുന്നതു്.

കലാബോധത്തിന്റെ വിപൎയ്യയത്തോടൊപ്പം കലയും വ്യഭിചരിക്കപ്പെട്ടുമെന്നു് ടോൾസ്റ്റോയി അനന്തരം ആവലാതിപ്പെടുന്നു. സർവ്വജനീനകല (Universal Art) ഇന്നില്ല എന്നദ്ദേഹം പരിദേവനം ചെയ്യുന്നു. ഇന്നു് കല വക്രവും സങ്കീൎണ്ണവും ലളിതജനതതികൾക്കു് ദുർഗ്രഹവുമാണു്. മാർക്സിസ്റ്റുവിമൎശകന്മാരെപ്പോലെ, ഗ്രന്ഥകാരനും വചിയ്ക്കുന്നു, ആധുനികകല ഉന്നതവൎഗ്ഗത്തിന്റെ കല മാത്രമാണെന്നു്. പക്ഷെ, ഇദാനീന്തനമായ സാമ്പത്തികഘടന പരിണമിച്ചാൽ ഈ ഭാഗികത്വം പരിശാന്തമാവുമെന്നു്, മാർക്സിസ്റ്റുകളെപ്പോലെ, ടോൾസ്റ്റോയി കരുതുന്നില്ല. കലാബോധത്തിൽ സമൂലമായ ഒരു പരിവൎത്തനം പ്രസ്ഥാനം ചെയ്യിക്കാതെ കല സർവ്വജനീനമാവുകയില്ല എന്നാണു് ആ ചിന്തകന്റെ വാദം. കേൾക്കുക: "കല ഒരു പ്രധാന സംഗതിയാണെങ്കിൽ, സർവ്വമനുജൎക്കും ആവശ്യമായ ഒരു ആത്മീയാനുഗ്രഹമാണെങ്കിൽ, (കലാരാധകന്മാർ പറയാറുള്ളതുപോലെ, മതത്തിനു് തുല്യമാണെങ്കിൽ), അതു് സർവ്വൎക്കും അഭിഗമ്യമാവണം. എന്നാൽ ഇന്നു് കാണുമ്പോലെ അതു് സർവ്വൎക്കും

അഭിഗമ്യമല്ലെങ്കിൽ, ഒന്നുകിൽ കല, സാധാരണ അവകാശപ്പെടുന്നതിൻവണ്ണം, ജീവപ്രധാനമായ സംഗതിയല്ല, അല്ലെങ്കിൽ നാം വിളിച്ചുവരുന്ന കലയല്ല യഥാർത്ഥ കല."

കല ഈവിധം മിഥ്യാത്മകമാവാൻ ഹേതു, മതാനുഭൂതിയിൽനിന്ന് ഉന്നിദ്രമാവുന്ന ഉത്തുംഗഭാവങ്ങളാൽ വികസ്വരമല്ലാത്ത, ഹീനഭാവജടിലമായ, കല നിർമ്മിക്കപ്പെടുന്നതിനാലാകുന്നു. മതാനുഭൂതികൾ നിത്യനൂതനങ്ങളും നിസ്സീമങ്ങളും നിഷ്കളങ്കങ്ങളുമത്രേ. ഹോമർ ഈ മഹാഭാവത്തെ അവലംബിച്ചു കല സൃഷ്ടിച്ചു; അതിനാൽ അതു് സർവ്വജനീനമായി. ആധുനികകലാകാരന്മാർക്കു് സുഭഗമായ ആഭാവങ്ങൾ അനഭിഗമ്യമാകയാൽ തനിസ്സാധാരണവും അസഹ്യമായ അഹങ്കാരം, ജീവിതാസംതൃപ്തി, ലൈംഗികാഭിലാഷം എന്നീ നീചവികാരങ്ങളായി അവരുടെ കരുക്കൾ. അതിനാൽ അവ സർവ്വജനീനങ്ങളല്ലാതെയുമായി.

സർവ്വജനീനത്വം വിരളീഭവിക്കുന്തോറും കല കൂടുതൽ കൃത്രിമവും സങ്കീർണ്ണവും ദുർഗ്രഹവും വക്രവും ക്ലിഷ്ടവും ആവുന്നു. ബോദലെയർ, വെർലെയിൻ, മെയറിസ്മെയ്ററർലിങ്ക്, മല്ലാമ്മെ എന്നിവരുടെ സാഹിത്യസൃഷ്ടികളുടെ ദുർഘടത്വവും ദുർഗമത്വവും ത്യാജ്യമാണെന്ന് ടോൾസ്റ്റോയി വാദിക്കുന്നു. (അനുബന്ധങ്ങളിൽ അവരിൽച്ചിലരുടെ അർത്ഥരഹിതമായ ചില പ്രലാപങ്ങൾ ടോൾസ്റ്റോയി ഉദ്ധരിച്ചിട്ടുണ്ടു്.) കലയുടെ മഹത്വം ലാളിത്യമത്രേ. ഉത്തമകല സമസ്താഭിഗമ്യമായിരിക്കും. വേദങ്ങൾ, ഇലിയഡ്, ഒഡിസ്സി, ബൌദ്ധകഥകൾ എന്നിവ ഉത്തമവും ഉന്നതവും ആയ കല ആകുന്നു. കാരണം അവ അന്നും ഇന്നും കാലദേശവ്യത്യാസംവിനാ, സർവ്വർക്കും ഹൃദ്യവും രുച്യവുമത്രേ. മതപരാനുഭൂതിയാൽ അനുഗൃഹീതങ്ങളാകുന്നു അവ. അവയുടെ സർവ്വസമർപ്പകത്വത്തിനു് നിദാനം മറ്റൊന്നല്ല. കല മനസ്സിലാക്കുകയല്ല വേണ്ടതു്. എന്തുകൊണ്ടെന്നാൽ കലാധർമ്മം ആശയാവധാരണമല്ല, ഭാവാനുരണനമാകുന്നു. സാധാരണക്കും ഭാവാനുരണനത്തിനു് സാധിക്കും. ഇക്കാരണത്താൽ അവക്കു് കല മനസ്സിലാക്കാൻ ആവില്ലെന്നവാദം വ്യർത്ഥവും അപ്രസക്തവുമത്രേ. ഇന്നു് കല കലയല്ലാതായിരിക്കുന്നുവെന്നതാണു് വാസ്തവം. ആശയാവധാരണത്തിനൊന്നല്ല, ഭാവാനുരണനത്തിനും അതു ഇന്നു് സമർത്ഥമല്ല.

കല ഹൃദയസംവാദപ്രഗത്ഭത യില്ലാത്തതാവാൻ കാരണം, പണം മോഹിച്ചും ഉയന്ന വർഗ്ഗക്കാരുടെ അനുജ്ഞ അനുസരിച്ചും, കലാകാരൻ സൃഷ്ടിവ്യാപാരം നടത്തുന്നുവെന്നതത്രേ. ആത്മചോദനമല്ല കലാനിർമ്മാണകാരണമെങ്കിൽ യഥാർത്ഥ കലയ്ക്കു് പകരം കൃത്രിമകല വളന്നുവരുന്നു.

ആധുനികസാമൂഹ്യജീവിതത്തിലെ മൂന്നു സംഗതികൾ കൃത്രിമകലയുടെ സംപോഷണത്തിനു് വളം കൊടുക്കുന്നു: (1) കലാനിർമ്മാണത്തിനുള്ള ധനപരമായ പ്രേരണ, (2) കലാവിമർശനം, (3) കലാവിദ്യാലയങ്ങൾ. ധനത്തിന്റെ പ്രചോദനമാണു് കലയെ ഉൽഘാടനം ചെയ്യുന്നതെങ്കിൽ, ആത്മാർത്ഥത നിശ്ശൂന്യമായി കൃത്രിമത്വം വദ്ധിക്കുമെന്നതിൽ ശങ്കിക്കേണ്ട. പിന്നെ കലാനിരൂപകന്മാർ: കലയിൽ ഒന്നും വ്യാഖ്യാനവിധേയമല്ല. അതു് അനുഭൂതിവിഷയമാണു്. അതുകൊണ്ടു് കലാവിമർശകന്മാർ വ്യാജജീവികളത്രേ. സോഫോക്ലിസ്സിന്റെയും

ഷെയിക്സ്പിയരുടെയും ഡാൻേറയുടേയും ഇബ്സൻേറയും മററും അന്തസ്സാരവിധുരമായ കൃതികൾ ഉൽകൃഷ്ടങ്ങളാണെന്ന് വിധിപറഞ്ഞ കലാവിമർശകന്മാരുടെ വംശം ഉടൻതന്നെ നശിക്കേണ്ടതത്രേ. ഇതുപോലെതന്നെ കലാവിദ്യാലയങ്ങളുടെ കാര്യം: കലയിൽ ഒന്നും പഠിപ്പിക്കാനില്ല. ആത്മാൎത്ഥതയെ ഹോമിക്കാനാണ് കലാവിദ്യാലയങ്ങൾ പഠിപ്പിക്കുന്നത്. അങ്ങിനെ കൃത്രിമകല സർവ്വോൽക്കർഷേണ വൎത്തിക്കുന്നു.

പതിമൂന്നാമദ്ധ്യായത്തിൽ, അനുകരണാശ്രയമായ കൃത്രിമകലയ്ക്ക് ഉദാഹരണമായി, വിശ്വവിഖ്യാതസംഗീതനാടകകൎത്താവായ റിച്ചാർഡ് വാഗ്നരുടെ പ്രണയനങ്ങളെ ടോൾസ്റ്റോയി ഉന്നയിക്കുന്നുണ്ട്. ശുദ്ധകലയല്ല അവ എന്ന് അദ്ദേഹം ശപഥം ചെയ്യുന്നു. കർഷകസ്ത്രീകളുടെ ഗാനങ്ങൾ ബീഥോവൻേറ ഗീതങ്ങളെക്കാൾ എത്രയോ നിരഞ്ജനമായ കലയാണെന്നാണ് പിന്നത്തെ അദ്ധ്യായത്തിൽ ഗ്രന്ഥകാരൻ വാദിക്കുന്നത്.

കൃത്രിമകലയിൽനിന്ന് ശുദ്ധകലയ്ക്കുള്ള വ്യാവൎത്തകധർമ്മം സംവാദകത്വം (Infectionsness) അത്രേ. കലാകാരന്ന് പ്രണയനസന്ദർഭത്തിലുള്ള അതേ വൈകാരികതീഷ്ണത സഹൃദയനിൽ അനുവാചനവേളയിൽ ഉന്മിഷിതമാവുന്നുണ്ടെങ്കിൽ, അത് കലയാണെന്ന് അനുവദിക്കാം. മൂന്നു സംഗതികളെ ആലംബിച്ചുനില്ക്കുന്നു കലയുടെ സംവാദകത്വം. (1) ഭാവത്തിൻേറ വ്യക്തിത്വം; (2) ഭാവപ്രതിപാദനത്തിൻേറ വിശദത്വം, (3) കലാകാരൻേറ ആത്മാൎത്ഥത. ഇവയിൽ സർവ്വപ്രമുഖം കലകാരൻേറ ആത്മാൎത്ഥതയാണ്. അതിൽനിന്ന് ഉറന്നൊഴുകേണ്ട അനുഗ്രഹങ്ങളാകുന്നു ഇതരങ്ങൾ. സ്വന്തം ഹൃൽപ്രദ്യോതനമാണ്, അന്യൻേറ അങ്കുശപ്രചോദനമല്ല, കലാനിർമ്മാണനിദാനമെങ്കിലേ, കല സംവാദാത്മകമാവുകയുള്ളൂ. കല കലയോ അല്ലയോ എന്നറിയുവാൻ ഈ മാപനദണ്ഡം ഉപയോഗിച്ചാൽ മതി.

ഇനി, കല നല്ലതോ ചീത്തയോ എന്നറിയണം. ഇതറിയാൻ മാറ്റും മറൊന്നാണ്. കലയുടെ നന്മയും തിന്മയും ഭാവത്തിൻേറ ഉൽകൃഷ്ടതാപകൃഷ്ടതകളെ ആശ്രയിച്ചുനിൽക്കുന്നു. കല വെറും കലയായാൽപോരാ; നല്ല കലകൂടിയാവണം. ഭാവപരമായ ഉത്തമത്വത്തിന്നവലംബം മതപരാനുഭൂതിയാകുന്നു. മതപരമായ അനുഭൂതിക്കെതിരായ സർവ്വ കലകളും നിഷിദ്ധങ്ങളത്രേ. എന്താണ് ഇന്നാവശ്യമുള്ള മതപരാനുഭൂതി? "നമ്മുടെ ഭൌതികവും ആത്മീയവും, വ്യക്തിപരവും സാമൂഹ്യവും, താൽകാലികവും ശാശ്വതികവുമായ ക്ഷേമം സമസ്തവും മനുഷ്യർക്കിടയിലുള്ള സാഹോദര്യത്തിൻേറ—പരസ്പരമുള്ള സ്നേഹബന്ധത്തിൻേറ—വികാസത്തെ ആശ്രയിച്ചു നില്ക്കുന്നുവെന്ന അവബോധമാകുന്ന ആധുനികദശയിലെ ഏററവും വിപുലവും പ്രായോഗികവുമായ സാംഗത്യമുള്ള മതപരാനുഭൂതി" (3) ഇത്തരം ഭാവത്താൽ രഞ്ജിതമായ കല സർവ്വജനീനമായിരിക്കും. "ഈശ്വരൻേറയും മനുജൻേറയും സ്നേഹത്തിൽനിന്ന് പ്രവഹിക്കുന്ന" ഇമ്മാതിരി തുംഗകലാശില്പങ്ങൾ വളരെ വിരളമാകുന്നു. ഷില്ലരുടെ "ചോരന്മാർ" (The Robbers,) വിക്ടർ യൂഗോ

(3) "What is Art?"—(Ch. XVI)

വിൻെറ "പാവങ്ങൾ", ഡിക്കൻസിൻെറ നോവലുകൾ, ഡോസ്റ്റവ്സ്കിയുടെ കൃതികൾ, ജോർജ്ജ് എലിയട്ടിൻെറ "ആഡം ബീഡ്" എന്നിവ മാത്രമേ ടോൾസ്റ്റോയിയുടെ ദൃഷ്ടിയിൽ ഉന്നതങ്ങളായുള്ളു. തൻെറ പ്രണയനങ്ങളിൽ രണ്ടു കഥകളേ ഉത്തമങ്ങളായുള്ളു എന്നും ടോൾസ്റ്റോയി നിസ്സങ്കോചം പ്രഖ്യാപിച്ചിട്ടുണ്ട്. (4) സംഗീതത്തിൻെറ സീമയിൽ മൊസാട്ട്, ഷോപ്പിൻ, ബീത്തോവൻ എന്നിവരുടെ അല്പം ചില കൃതികൾമാത്രം ഉൽകൃഷ്ടങ്ങളാണ്. ഡാൻെറയുടെയും ഷെയിക്ക്സ്പിയരുടേയും ടാസ്സോവിൻെറയും റാഫെയിലിൻെറയും കലാസൃഷ്ടികൾ ഈമാനദണ്ഡമനുസരിച്ച് അപകൃഷ്ടങ്ങളാണെന്നാണ് ടോൾസ്റ്റോയി സിദ്ധാന്തിക്കുന്നതു്.

അപകൃഷ്ടകലയാണ് ഇന്ന് പ്രചാരപ്രാചുര്യത്തോടെ വിലസുന്നതെന്നുവെച്ചു, "റിപ്പബ്ളിക്കി"ൽ പ്ലാറേറാ നിർദ്ദേശിച്ചതുപോലെ, കലകളെയെല്ലാം ധ്വംസിക്കണമെന്ന് ടോൾസ്റ്റോയി വാദിക്കുന്നില്ല. അദ്ദേഹം അങ്ങിനെ നൈരാശ്യനിഹതനല്ല. തങ്ങളുടെ പ്രമാദം അനാവരണം ചെയ്തറിഞ്ഞു സത്യമാർഗ്ഗത്തെ അനുസരിക്കുകയാണു കലാപ്രേമികളുടെ കർത്തവ്യമെന്ന് അദ്ദേഹം അനുശാസിക്കുന്നു.

ആധുനികകല വേശ്യാസമാനമാണെന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു—വേശ്യയെപ്പോലെ അലങ്കാരവതിയും ക്രയവിധേയയും അനൽത്ഥകാരിണിയുമാണ് ഇന്നത്തെ കല. മനുഷ്യൻെറ ആത്മീയശക്തിയെ അതു് നിഹനിക്കുന്നു. യേശുദേവൻെറ യഥാർത്ഥാനുശാസനങ്ങൾ ജനങ്ങൾ അംഗീകരിക്കുകയാണെങ്കിൽ ഇന്നത്തെ ഈ പാവപ്രശ്നത്തിന്ന് ഉപശമം ദർശിക്കാം.

ഭാവിയിലെ കല സർവ്വജനീനമായിരിക്കും., ഉയൎന്ന വർഗ്ഗത്തിൻെറ മാത്രം സമ്പാദ്യമാവില്ല അതു്. കലാവിദ്യാലയങ്ങളും ധനപ്രേരണയും ഭാവിയിൽ കലയെ ബാധിക്കില്ല. ഭാവിയിലെ കലാകാരൻ സാധാരണജീവിതം ശ്രമപൂർവ്വം നയിച്ചു് കാലയാപനം ചെയ്യും. ക്രയവിക്രയം അന്ന് കലാക്ഷേത്രത്തിൽ കാണില്ല തന്നെ. മനുഷ്യരെ ഏകീഭവിപ്പിക്കുന്ന മാംഗലികഭാവങ്ങളാൽ അനുരഞ്ജിതമായിരിക്കും ഭാവികല. മദമോഹമാത്സര്യാദികൾ മലീമസപ്പെടുത്താത്ത മോഹനസത്തയായിരിക്കും അന്നത്തെ കല. കലയുടെ രൂപം അന്നും ഏററവും ലളിതവും ലഘുവും ഭദ്രവും ആയിരിക്കും. "സർവ്വക്കും അധിഗമ്യമായ ഈ സരളവികാരങ്ങളാൽ പ്രചോദിതമായ ഈ കലയുടെ പരിധി അതിബൃഹത്തും ഇന്നവരെ മിക്കവാറും അക്ഷുണ്ണവുമാകുന്നു." (പത്തൊമ്പതാം അദ്ധ്യായം കാണുക.)

അന്തിമാദ്ധ്യായത്തിൽ, ടോൾസ്റ്റോയ കലയുടേയും ശാസ്ത്രത്തിൻെറയും സംശ്ലിഷ്ടതയെപ്പററി ഉപന്യസിയ്ക്കുന്നു. ശാസ്ത്രം ഇന്ന് അപഥസഞ്ചാരപ്രസക്തമാണെന്നും നേർവഴിയ്ക്ക് അത് സ്വയം വന്ന് ജീവിതത്തെ ഭാസുരമാക്കണമെന്നും ഗ്രന്ഥകാരൻ വാദിക്കുന്നു. കല ശാസ്ത്രത്തിൻെറ അധിഷ്ഠാനത്തിൽ വികസിക്കണം. ടോൾസ്റ്റോയി പറയുകയാണ്: "കല ഒരു രസമല്ല, ആശ്വാസമല്ല, തമാശയല്ല; ഒരു മഹാസംഗതിയാണ് കല. മനുഷ്യൻെറ ബൈദ്ധമായ അനുഭവത്തെ ഭാവമാക്കി മാററുന്ന ഒരു ജീവിതോപകരണമാകുന്നു കല.

(4) God sees the Truth But waits" & "A Prisoner of the Cancasus (Vide "Twenty three Tales" by Tolstoy)

നമ്മുടെ ദശയിൽ, മനുഷ്യസൌഭ്രാത്രമാണ് പൊതുവിലുള്ള മതപരാനുഭൂതി—നമ്മൾക്കറിയാം, മനുഷ്യരുടെ പരസ്പരൈക്യത്തിലാകുന്ന ക്ഷേമം കിടക്കുന്നതെന്ന്. ഈ അവബോധത്തെ ജീവിതവുമായി സംഘടിപ്പിക്കുന്നതിനുള്ള നാനാമാർഗ്ഗങ്ങളെയാകുന്ന യഥാർത്ഥശാസ്ത്രം നിർദ്ദേശിക്കേണ്ടതു്. ഈ അവബോധത്തെ കല ഭാവമാക്കിമാററണം." കല അഹിംസാത്മകപരിവത്തനത്തെ വരുത്തണമെന്ന് ടോൾസ്റ്റോയിതുടന്ന പറയുന്നു; "കലയുടെ കത്തവ്യം വിശങ്കടമാകുന്നു, ഇന്ന് ബാഹ്യോപായങ്ങളെക്കൊണ്ട്— നമ്മുടെ നിയമക്കോടതികൾ, പോലീസ്, അനാഥശാലകൾ, ഫാക്ററി പരിശോധന എന്നിവകൊണ്ട്— നിലനിത്തുന്ന ശാന്ത്യാത്മകമായ സഹകരണത്തെ, ശാസ്ത്രത്തിന്റെ സഹായത്തോടും മതത്തിന്റെ നേതൃത്വത്തോടും കൂടി, മനുഷ്യന്റെ സ്വാതന്ത്ര്യവും സന്തുഷ്ടവുമായ പ്രവത്തനത്താൽ, യഥാർത്ഥകലയുടെ പ്രേരണ സമ്പാദിക്കേണ്ടിയിരിക്കുന്നു. ഹിംസയെ ഉത്സർജ്ജിക്കാൻ കല കാരണമാവണം."

ഇത്രയുമാണ് ടോൾസ്റ്റോയിയുടെ കലാസിദ്ധാന്തം. ഇദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ പല അംശങ്ങളും നമുക്ക് അംഗീകാര്യമായെന്നുവരില്ല. പക്ഷെ അവയിലെ ആത്മാത്ഥതയുടെ മണിഘോഷം ആരെയും പിടിച്ചിരുത്തി ചിന്തിപ്പിക്കാതിരിക്കില്ല. അങ്ങിനെ ചിന്തിച്ചാലോ, കല അത്രയും വിമലീകരിക്കപ്പെട്ടും എന്ന് തീച്ച്യയാണ്.

---


# ശബ്ദതാരാവലി

## മലയാളനിഘണ്ടു

(പരിഷ്കരിച്ച നാലാം പതിപ്പ്)

ഭാഷാനിഘണ്ടുക്കളിൽവച്ച് പ്രഥമസ്ഥാനം അർഹിക്കുന്നതും കൂലങ്കഷമായ ഭാഷാപരിചയത്തിനു പര്യാപ്തമായതെന്ന് പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ളതുമായ ഈ കോശഗ്രന്ഥത്തിന്റെ **ഒന്നും രണ്ടും** വാല്യം തയാർ. ക്രൗൺ ¼ ൽ 2000-ൽ പരം വശങ്ങളുള്ള രണ്ടു വാല്യങ്ങൾക്കുംകൂടി 25 ക. മാത്രം. ഈ പുതിയ പതിപ്പിനെപ്പററി **മഹാകവി വള്ളത്തോൾ** ഇങ്ങനെ പറയുന്നു. "........പിറപ്പിൽത്തന്നെ മലയാളഭാഷയിലെങ്ങും ഒരു പുതിയ പ്രകാശം വീശിയ മഹാനിഘണ്ടുവാണ്, എന്റെ വന്ദ്യസുഹൃത്തും അശ്രാന്തപരാശ്രമനുമായ പത്മനാഭപിള്ള അവർകളുടെ 'ശബ്ദതാരാവലി' ഇപ്പോളാകട്ടെ, ആ പ്രശസ്തഗ്രന്ഥം തൽപുത്രനായ ശ്രീമാൻ പി. ദാമോദരൻനായർ എം. എ.; ബി. എൽ. ചെയ്ത സംസ്കാരങ്ങൾ മൂലം, കടച്ചിൽ കഴിഞ്ഞ ഒരു രത്നമായിത്തീന്നിരിക്കുന്നു. ഇതു കേരളീയക്കെല്ലാം വിലമതിയ്ക്കാവതല്ലാത്ത ഒരു നേട്ടംതന്നെ."

കെ. മാത്യു ലൈബ്രേറിയൻ

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.

# രണ്ടു തത്ത്വങ്ങൾ

[‘ഗ്രന്ഥാലയശാസ്ത്രത്തിന്റെ അടിസ്ഥാനമായ അഞ്ചുതത്ത്വങ്ങൾ’ എന്ന പുസ്തകത്തെ അധികരിച്ചു, ശ്രീ. മധുരവനം സി. കൃഷ്ണക്കുറുപ്പ് ബി. എ. എൽ. ടി. പരിഷത്ത്ത്രൈമാസികത്തിൽ എഴുതിയിരുന്ന ഒരു ലേഖനത്തിലെ ശ്രദ്ധേയമായ ഒരു ഭാഗമാണു ചുവടേ ഉദ്ധരിക്കുന്നതു്. 1. പുസ്തകങ്ങൾ ഉപയോഗിക്കുവാനാണു്. 2. പുസ്തകങ്ങൾ എല്ലാവക്കും കിട്ടണം. 3. ഓരോ പുസ്തകത്തിനും ആവശ്യക്കാർ ഉണ്ടായിരിക്കും. 4. വായനക്കാരന്റെ സമയം നഷ്ടപ്പെട്ടുത്തരുതു്. 5. ഗ്രന്ഥാലയം എപ്പോഴും വളന്നുവരുന്ന ഒരു സ്ഥാപനമാണു്. ഇവയാണു് അഞ്ചു തത്ത്വങ്ങൾ. പ്രൊഫസർ കുപ്പുസ്വാമി ശാസ്ത്രികൾ ഈ തത്ത്വങ്ങളെ സംസ്കൃതത്തിൽ സൂത്രങ്ങളാക്കിയിട്ടുണ്ടു്. ഇവയിൽ ഒന്നും രണ്ടും തത്ത്വങ്ങളെയാണു ലേഖകൻ വിവരിക്കുന്നതു്. പത്രാധിപർ]

‘പുസ്താനിപഠിതും’—(പുസ്തകങ്ങൾ ഉപയോഗിക്കുവാനാണു്) ഇതാണു ഒന്നാമത്തെ തത്ത്വം. (സൂത്രം) പ്രത്യക്ഷത്തിൽ അനാവശ്യമായ ഒരു നിഷ്കൃഷ്ടയല്ലേ ഈ തത്ത്വത്തിൽ അടങ്ങിയിരിക്കുന്നതെന്നു സൂക്ഷ്മമായി ചിന്തിക്കാഞ്ഞാൽ നമുക്കു തോന്നാനിടയുണ്ടു്. പക്ഷേ അങ്ങനെയല്ല. വളരെ പുരാതനകാലം മുതല്ക്കുതന്നെ പല രാജ്യങ്ങളിലും മികച്ച ഗ്രന്ഥശാലകൾ വളന്നു് വന്നിട്ടുണ്ടെന്നതു ശരിതന്നെ; എങ്കിലും അവയെ പൊതുജനങ്ങളുടെ വകയായുള്ള സ്ഥാപനങ്ങളെന്നോ, പൊതുജനങ്ങളുടെ ആവശ്യമോ സൗകര്യമോ പ്രധാനമായി ഉദ്ദേശിച്ചു് ഏർപ്പെടുത്തിയ സ്ഥാപനങ്ങളെന്നോ ഒരിക്കലും പറഞ്ഞുകൂടാ. വിദ്യാവിഷയത്തിൽ രാജാക്കന്മാക്കും പ്രഭുക്കന്മാക്കും ഉള്ള പ്രീതിയും ഭക്തിയുമാണു് അവയുടെ ഉത്ഭവത്തിനും അഭിവൃദ്ധിയ്ക്കും പ്രധാന ഹേതു. നമ്മുടെ ഈ പ്രഥമ നിയമം അക്കാലത്തു് എങ്ങനെ അജ്ഞാതമായിരുന്നു എന്നു കാണിക്കുവാൻ അന്നു പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന രീതിതന്നെ പരിശോധിക്കാം. പതിനഞ്ചാം നൂറ്റാണ്ടിലാണു പാശ്ചാത്യരാജ്യങ്ങളിൽ അച്ചടിയന്ത്രം നടപ്പിൽ വന്നതു്. അതു പുസ്തകങ്ങളുടെ നിലയിലും വിലയിലും ക്രമേണ ഒരു വിപ്ലവത്തിനുതന്നെ കാരണമാക്കി. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ, അതായതു പുസ്തകങ്ങൾക്കു വില കുറഞ്ഞു വന്നു അവ സാധാരണന്മാക്കുകൂടി ലഭ്യമായി വന്നതിനുമുമ്പു, പുസ്തകങ്ങൾക്കു പിച്ചളവട്ടക്കണ്ണിയും ഇരുമ്പു ചങ്ങലയും പൂട്ടും ഉണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ പലക്കും ഇന്നു വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. അലമാരിയിലെ തട്ടിനോടു പൂട്ടിയിട്ടിരുന്ന ഈ പുസ്തകങ്ങളെ ചങ്ങലയുടെ നീളത്തോളം മാത്രമേ പുറത്തേയ്ക്കെടുപ്പാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. ഈ കരുതൽകൊണ്ടു് ഒരു കാര്യം തികച്ചും സാധിച്ചു എന്നു സമ്മതിക്കാം. പുസ്തകങ്ങൾ സുരക്ഷിതമായിരുന്നു. അവ നഷ്ടപ്പെടാതെ സംരക്ഷിക്കുക—ഇതൊന്നു മാത്രമായിരുന്നു അന്നത്തെ പ്രധാനോദ്ദേശം. അമൂല്യഗ്രന്ഥങ്ങൾ ഭാവിയിൽ വരുന്ന സന്താനപരമ്പരകൾക്കുവേണ്ടി സൂക്ഷിച്ചു വെക്കുന്നതു ശ്ലാഘനീയം തന്നെ. പക്ഷേ തലമുറതോറും ഇതേ നയം തുടരുകയാണെങ്കിൽ അതു ബുദ്ധിശൂന്യമായിരിക്കുമെന്നു് അവർ മനസ്സിലാക്കിയിരുന്നില്ല. അങ്ങനെ വന്നാൽ ഗ്രന്ഥങ്ങൾക്കു ഒരിക്കലും ബന്ധനത്തിൽനിന്നു മോചനമില്ലെന്നു വരുന്നു. ഗ്രന്ഥശാലകൾ ഗ്രന്ഥ

ങ്ങളുടെ കാരാഗൃഹങ്ങളും ശവക്കല്ലറകളുമായി മാറുകയായിരിക്കും അതിന്റെ അവസാന ഫലം.

മഹാഭാരതംപോലെയുള്ള ഒരു ഗ്രന്ഥം പകർത്തിയെടുക്കുവാൻ ഒരു പുരുഷായുസ്സു മുഴുവൻ വേണ്ടിവന്നിരുന്ന ഒരു കാലത്തു് ഇത്തരം മുൻകരുതലുകൾ തീർച്ചയായും ആവശ്യമായിരുന്നു. അക്കാലത്തായിരിക്കണം "ഗ്രന്ഥമാക്കും കൊടുക്കൊല്ലാ ദേവേന്ദ്രൻതാനിരക്കിലും" എന്നു തുടങ്ങിയുള്ള പ്രമാണങ്ങൾ നമ്മുടെ നാട്ടിൽ നടപ്പിൽ വന്നതു്. അച്ചടിയന്ത്രത്തിന്റെ പ്രചാരം കൊണ്ടും മററും ആ നില തീരെ മാറിയ ഇക്കാലത്തും ആ പഴയശീലം കൈവിടാതെ വെച്ചുകൊണ്ടിരിക്കുന്നതു് ഒരിക്കലും ബുദ്ധിപൂർവ്വമല്ല. ഒരു ഗ്രന്ഥശാലയിൽനിന്നു പുസ്തകങ്ങൾ നഷ്ടപ്പെടാതിരിക്കാനുള്ള വ്യവസ്ഥകൾ ഇന്നും ആവശ്യമാണെങ്കിലും, അവ ജനങ്ങൾക്കു ഉപയോഗിപ്പാനുള്ള സൌകര്യത്തിനാണു് നാം ഇന്നു പ്രാധാന്യം കല്പിക്കേണ്ടതു്. അങ്ങനെ വരുമ്പോൾ വാങ്ങി അനേകവഷം കഴിഞ്ഞിട്ടും പേജുകൾ മുറിക്കുക കൂടി ചെയ്യാതെ കിടന്നു ദ്രവിക്കുവാനുള്ള ദയ ഗം ഒരു ഗ്രന്ഥശാലയിലെ ഒരു പുസ്തകത്തിനും സംഭവിക്കുന്നതല്ല.

'പുസ്തകങ്ങളെ സംരക്ഷിക്കുക' എന്നു മാത്രമുള്ള ആ പഴയ പതിവിൽനിന്നു പടിപടിയായി വന്ന മാററങ്ങൾ ചരിത്രദൃഷ്ടിയിൽ രസകരമാണു്. പുസ്തകങ്ങളുടെ കാൽച്ചങ്ങല ആദ്യം പൊട്ടിച്ചെറിഞ്ഞു; അവയ്ക്കു് അല്പമൊരാശ്വാസവും സ്വാതന്ത്ര്യവും കിട്ടി. പക്ഷേ, ആ സരസ്വതീക്ഷേത്രത്തിനുള്ളിലേക്കു് വളരെ ചുരുക്കം പേക്കു മാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. ക്രമേണ അതിന്നു നിശ്ചയിച്ച തുക കൊടുക്കാൻ കഴിവുള്ളവക്കു പുസ്തകങ്ങൾ ഉപയോഗിക്കാമെന്നു വന്നു. പണമൊന്നും കൊടുക്കാതെതന്നെ ഗ്രന്ഥശാലയ്ക്കുള്ളിൽ വന്നു് അവ ഉപയോഗിക്കാമെന്നതായിരുന്നു അടുത്തപടി. പഴയ വാശിയുടെ മുറുക്കം കുറഞ്ഞുവന്നതോടുകൂടി പുസ്തകങ്ങൾ വീട്ടിൽകൊണ്ടുപോയി വായിക്കാൻ ചുരുക്കം ചിലരെ അനുവദിച്ചുവന്നു; പക്ഷേ, വീഴ്ച കൂടാതെ അവ മടക്കുമെന്ന ഉറപ്പിന്നു ഒരു നിശ്ചിതസംഖ്യ ജാമ്യമായി കൊടുത്തവക്കു മാത്രം. പിന്നീടു് അതിൽനിന്നും കവിഞ്ഞു് എല്ലാവക്കും വീട്ടിൽകൊണ്ടുപോയി വായിക്കാമെന്നു വന്നുകൂടി. നമ്മുടെ നാട്ടിലെ പല ഗ്രന്ഥശാലകളും ഇന്നും ഈ നിലയിൽ എത്തിക്കഴിഞ്ഞിട്ടില്ല. പിന്നിലുള്ള ഓരോ പടിയിൽ, കാലത്തിനൊത്തു മുമ്പോട്ടു പോകാൻ സംശയിച്ചുകൊണ്ടു നില്ക്കുന്നതേയുള്ളൂ. ഇന്നും പല സ്ഥാപനങ്ങളിലും ഒരു വായനക്കാരൻ, അധികാരത്തോടുകൂടി കടന്നുചെല്ലുന്ന ഒരു പൌരനോ, ബഹുമാന്യനായ ഒരു അതിഥിയോ അല്ല; തെല്ലുനേരം അകത്തു കടന്നിരിക്കാൻ അധികൃതന്മാർ ദയവായി കല്പിച്ചനുവദിച്ച കേവലം ഒരന്യൻ മാത്രമാണു്.

അമേരിക്ക, റഷ്യ, ഇംഗ്ലണ്ടു് എന്നീ പരിഷ്കൃതരാജ്യങ്ങളിൽ ഇതിനകം ഗ്രന്ഥശാലകൾക്കുണ്ടായിട്ടുള്ള പുരോഗതി അത്ഭുതാവഹം മാത്രമല്ല അസൂയാവഹവും കൂടിയാണു്. വായനക്കാരൻ ഗ്രന്ഥശാല അന്വേഷിച്ചുപോയി ചിലപ്പോൾ നിരാശപ്പെട്ടു മടങ്ങുക എന്നതാണല്ലോ ഇവിടത്തെ പതിവു്. അവിടെയാകട്ടെ വായനക്കാരന്റെ വരവിനെ കാത്തുകൊണ്ടു് അടങ്ങിയിരിക്കാതെ, ഗ്രന്ഥശാല വായനക്കാരനെ അന്വേഷിച്ചു പുറപ്പെട്ടു തുടങ്ങിയിരിക്കുന്നൊന്നു തന്നെ പറയാം. ഒരു നഗരത്തിൽ കേന്ദ്രഗ്രന്ഥാലയത്തിന്നു പുറമേ ശാഖാഗ്രന്ഥാലയങ്ങൾ പൌരന്മാരുടെ ആവശ്യവും

സൗകര്യവും അനുസരിച്ച് പലഭാഗത്തും ആരംഭിച്ചു തുടങ്ങി. അപ്പോൾ ധാരാളം നല്ല പുസ്തകങ്ങളും, സുഖമായിരുന്നു വായിക്കാനുള്ള സ്ഥലസൗകര്യങ്ങളും, വീട്ടിൽനിന്നു അഞ്ചോ പത്തോ മിനിട്ടു നടന്നാൽ ഏതൊരാൾക്കും കിട്ടുമെന്നു വന്നുകൂടി. ഈ ശാഖാകേന്ദ്രത്തിലേക്കും കൂടി എത്തിച്ചേരാൻ സാധിക്കാത്തവർക്ക് പേരിനു മാത്രമുള്ള ഒരു സംഖ്യ കൊടുത്താൽ പുസ്തകങ്ങൾ വീട്ടിലേക്കു അയച്ചുകൊടുത്തു തുടങ്ങി. ഒടുവിൽ പരിഷ്കരിച്ചു ഇത്രത്തോളമായിരിക്കുന്നു: തന്റെ അയൽവക്കത്തുള്ളവർക്കു കൂടി സൗകര്യപ്പെടുത്തികൊടുക്കുവാൻ ഒരുക്കമുള്ള ഏതൊരാൾക്കും യാതൊരു പ്രതിഫലവും കൂടാതെ പുസ്തകങ്ങൾ അയച്ചുകൊടുക്കുക. അതുകൊണ്ടു് ഇക്കാലത്തു് സ്വകാര്യമായ ഒരു ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ സംഭരിക്കുന്നതു് അനാവശ്യവും ദുർവ്യയവുമായിത്തീർന്നിരിക്കുന്നെന്നു പറയാം. പലതുകൊണ്ടും മെച്ചം ഇന്നു കാണുന്നതു പൊതു ഗ്രന്ഥാലയങ്ങൾക്കുതന്നെയാണു്. അവയുടെ പ്രചാരവും ഉപയോഗവും ഭാവിയിൽ വർദ്ധിച്ചു വരികതന്നെ ചെയ്യും.

പ്രഥമതത്വം പരിപൂർണ്ണമായി സ്വീകരിക്കുകയാണെങ്കിൽ ഇന്നത്തെ ഗ്രന്ഥാലയങ്ങളിൽ വളരെയധികം പരിവർത്തനം ആവശ്യമായിരിക്കുന്നു. ഗ്രന്ഥശാല സ്ഥാപിക്കുന്ന സ്ഥലം, തുറന്നു വെക്കുന്ന സമയം, ഉദ്യോഗസ്ഥന്മാർ, ഇരുന്നു വായിക്കുവാനുള്ള സൗകര്യങ്ങൾ, പുസ്തകങ്ങൾ പുറത്തേക്കു അയപ്പാനുള്ള വ്യവസ്ഥകൾ മുതലായി പലകാര്യങ്ങളിലും ധാരാളം പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ടു്. ഈ നിലയിൽനിന്നു പരിശോധിക്കുമ്പോൾ മാത്രമേ ഇന്നത്തെ നില പൊതുവിൽ എത്രമാത്രം പരിതാപകരമാണെന്ന് തെളിയുകയുള്ളൂ. ഏകദേശം പതിനഞ്ചു കൊല്ലത്തോളം ഒരു ഗ്രന്ഥശാലതന്നെ കോഴിക്കോട്ടുണ്ടെന്ന വസ്തുത അവിടുത്തെ മികച്ച പുസ്തകപ്രേമികൾ പോലും അറിയാതെ രഹസ്യമായി സൂക്ഷിച്ച മലബാർ ഡിസ്ട്രിക്റ്റ് ബോർഡും, വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ പൊതുജനങ്ങൾക്കും കൂടി ഉപയോഗപ്രദമാക്കണമെന്ന് ഗവമ്മെൻറ് കല്പന വന്നശേഷവും കുട്ടികളെപ്പോലും ഇന്നും ലൈബ്രറിയിൽ നിന്നകററിനിർത്തുന്ന സ്കൂൾ അധികൃതന്മാരും മണ്മറഞ്ഞുപോയ ഒരു അന്ധകാരയുഗത്തിലെ അവശിഷ്ടങ്ങൾ മാത്രമാണ്. പ്രബുദ്ധമായ ഒരു പൊതുജനാഭിപ്രായത്തിനു മാത്രമേ ഇത്തരം അഴിമതികൾ മേലിലെങ്കിലും അസാദ്ധ്യമാക്കിത്തീർത്തു്, 'പുസ്താനി പഠിതും' എന്ന പ്രഥമതത്വത്തെ സർവ്വത്ര സ്വീകരിപ്പിക്കാൻ സാധിക്കുകയുള്ളൂ.

'താനിസർവ്വേഭ്യ:.' (പുസ്തകങ്ങൾ എല്ലാവർക്കും കിട്ടണം) ഗ്രന്ഥാലയശാസ്ത്രത്തിന്റെ ഒന്നാമത്തെ തത്വം പുസ്തകങ്ങളുടെ ഉപയോഗത്തെ, ഊന്നിപ്പറയുന്നുവെങ്കിൽ, രണ്ടാമത്തേതു—'താനി സർവ്വേഭ്യഃ'—പൊതുജനങ്ങളുടെ അവകാശത്തെ എടുത്തു പറയുകയാണു് ചെയ്യുന്നതു്. ഓരോ പൗരനും ധനം, ജാതി, മതം എന്നിങ്ങനെ യാതൊരു വ്യത്യാസവും കൂടാതെ പുസ്തകങ്ങൾ ഉപയോഗിപ്പാൻ സൗകര്യമുണ്ടാകണമെന്നു ഈ തത്വം അനുശാസിക്കുന്നു. സ്ത്രീകളെയും കുട്ടികളെയും മാത്രമല്ല രോഗികളെയും തടവുകാരേയും കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നുണ്ടു്. ഒന്നാമത്തെ നിയമം ഗ്രന്ഥശാലയ്ക്കു് ഒരു നവജീവൻ നല്കി. രാഷ്ട്രത്തെ അഭിമുഖീകരിക്കുന്ന ഒരു സജീവപ്രശ്നമായി ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഈ നിയമം ഉയർത്തുന്നു. നിലവിലുള്ള ഗ്രന്ഥാലയങ്ങളെ തികച്ചും ഉപയോഗപ്പെടുത്താൻ

ഒന്നാമത്തെ നിയമം നമ്മെ പ്രേരിപ്പിക്കുന്നു. പുതിയ ഗ്രന്ഥശാലകളും പുതിയ തരം ഗ്രന്ഥശാലകളും ആരംഭിക്കാൻ രണ്ടാമത്തെ നിയമം നമ്മെ ഉത്സാഹിപ്പിക്കുന്നു. ഒന്നാമത്തെ നിയമത്തെത്തന്നെ വളരെ അനുകൂലദൃഷ്ടിയോടുകൂടിയല്ലാ, സ്ഥാപിത താല്പര്യക്കാർ വീക്ഷിച്ചതു്. പൊതുജനങ്ങളുടെ ആവശ്യമായി രണ്ടാമത്തെ തത്വം ബലപ്പെട്ടുവന്നപ്പോൾ തങ്ങളുടെ സ്ഥാനനാശത്തെ ഭയന്നു അത്തരക്കാർ അതിനെ കഠിനമായി വെറുത്തു തുടങ്ങി. ആവുംപോലെ എതിർത്തുനോക്കുകയും ചെയ്തു. പക്ഷേ, ലോകഗതിയും, കാലസ്ഥിതിയും അവർക്കു് എതിരായിരുന്നു.

ഉദാഹരണമായി 1850 ൽ ബ്രിട്ടീഷ് പാർലിമെൻറിൽ നടന്ന ഒരു സംഭവം വിവരിക്കാം. പൊതുജനങ്ങളുടെ ഉപകാരത്തിനു് ഗവൺമെൻറുതന്നെ സൗജന്യ ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കണമെന്നു് മി. ഈവട്ടു് അവതരിപ്പിച്ച ബില്ലിനെപ്പററി വാദപ്രതിവാദം നടക്കുകയായിരുന്നു. വിദ്യാഭ്യാസവും വിജ്ഞാനവും നാട്ടിൽ പരക്കുന്നതിനു് പൊതുവിൽ എതിർപ്പാണു് ആ സദസ്സിൽ തെളിഞ്ഞുകണ്ടതു്. വിരോധം പറഞ്ഞവരുടെ വാദമുഖങ്ങൾ ഏതാണ്ടു് ഇങ്ങനെ സംഗ്രഹിക്കാം:— വിദ്യാഭ്യാസം നാട്ടിൽ വർദ്ധിക്കുന്നതു ആപൽക്കരമാണു്. ഗ്രന്ഥശാലയുപയോഗിക്കുന്നവരുടെ ഗുണത്തിനായി അതുപയോഗിക്കാത്തവരോടു് നികുതി വാങ്ങുന്നതു വലിയ അനീതിയാണു്. ഈ ബില്ലിൽ ആന്തരമായ ചില ദുരുദ്ദേശങ്ങൾ ഉണ്ടു്. എന്തുകൊണ്ടെന്നാൽ ഗ്രന്ഥശാലകൾ എളുപ്പത്തിൽ രാഷ്ട്രീയമായ പ്രക്ഷോഭണത്തിനുള്ള കേന്ദ്രങ്ങളായിത്തീരുകയും ബഹുജനങ്ങളുടെ ജീവിതഗതിയിൽ കലശലായ അസംതൃപ്തിക്കു കാരണമാക്കി സാമ്പത്തികക്കുഴപ്പങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും—ഇംഗ്ലണ്ടിൽത്തന്നെ ഭരണാധികാരികളുടെ നയം ഇതാണെങ്കിൽ കഴിഞ്ഞ ഒന്നരനൂററാണ്ടിനകത്തു ഇവിടത്തെ സാക്ഷരത പത്തു ശതമാനത്തിലധികം വർദ്ധിക്കാത്തതിൻെറ രഹസ്യവും ഇതിൽനിന്നും സ്പഷ്ടമാകുന്നതാണു്.

ഒരു രാജ്യത്തിലെ എല്ലാ പൗരന്മാർക്കും വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും അവകാശമുണ്ടെന്ന തത്വം—വിജ്ഞാനവിതരണം, നിർദ്ദോഷമായ വിനോദം, സംസ്കാരാഭിവൃദ്ധി എന്നിവയാണല്ലോ ഗ്രന്ഥശാലയുടെ പരമോദ്ദേശം—അടുത്ത കാലംവരെ യാതൊരു രാജ്യത്തിലും സർവ്വസമ്മതമായി സ്വീകരിച്ചിരുന്നില്ല. അറിവും വളർച്ചയും ഉയർച്ചയുമെല്ലാം ഒരു ചെറിയ വിഭാഗം ജനങ്ങളുടെ കുത്തകയായിരുന്നു.

"ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ" എന്ന മനുസ്മൃതിവചനവും, പഠിപ്പും അറിവുമുണ്ടാകാൻവേണ്ട വിശേഷബുദ്ധി അടിമകൾക്കില്ലെന്ന അരിസ്റ്റോട്ടലിൻെറ വിധിയും, പാവങ്ങളുടെ ഉയർച്ചയെ എല്ലാവഴിക്കും തടഞ്ഞിരുന്ന പ്രമാണികളുടെ ദുർന്നയവുമെല്ലാം ഒരേ മനോഭാവത്തിൻെറ വകഭേദങ്ങൾ മാത്രമാണു്. സമ്പത്തും വിഭവങ്ങളും ഉള്ളവരെന്നും, ഇല്ലാത്തവരെന്നും ഉള്ള ഒരു വ്യത്യാസം സമുദായത്തിൽ നിലനിൽക്കുന്നിടത്തോളം ഈ അഭിപ്രായഗതി ഒരു രൂപത്തിലല്ലെങ്കിൽ മറെറാരുരൂപത്തിൽ പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും. അതു നശിക്കുന്നതുവരെ അറിവും തെളിവും നാട്ടിൽ പരക്കുന്നതും പരത്തുന്നതും ആപല്ക്കരമാണെന്നു വാദിക്കുന്നവരും ധാരാളമുണ്ടായിരിക്കും. വിദ്യാപോഷണത്തിൽ ഏർപ്പെട്ടവർ ഈ ഉദാസീനതയേയും വിരോധത്തേയും ജയിച്ചു, 'താനിസർവ്വേഭ്യഃ' എന്ന മുദ്രാവാക്യത്തെ മുറുകെപ്പിടിച്ചു മുന്നോട്ടു പോവുകതന്നെ വേണം."

# ചിന്താലോകത്തിൽ

ഓരോ രാഷ്ട്രത്തിനും ഓരോ ആശയമുണ്ട്. ലോകപുരോഗതിയ്ക്കു് ഈ ഓരോ ആശയവും അപരിത്യാജ്യമാകുന്നു. ഇന്ത്യയ്ക്കും ഇങ്ങനെ ഒരാശയമുണ്ട്. അതു് അത്യുൽകൃഷ്ടമാണു്. അതിനാലാണു നിരന്തരമായ ശത്രുപീഡയേററിട്ടും ഇന്ത്യ നില നില്ക്കുന്നതു്. നമ്മെ നാമാവശേഷമാക്കാതിരിപ്പാൻ വല്ല വിദേശീയവിജേതാക്കളും വല്ല ഔദാര്യവും വല്ല കാലത്തും കാണിക്കുകയുണ്ടായിട്ടുണ്ടോ? ഇന്ത്യയ്ക്കു ഇന്നും സ്ഥായിയായ ശക്തിയുണ്ടു്. ലോകസംസ്കരണത്തിനുള്ള പൊതുനിധിയിലേക്കു് ഇന്ത്യ അതിന്റെ അംശം കൊടുക്കണം.

— സ്വാമി വിവേകാനന്ദൻ

നീ ആദ്യം ലോകത്തിലേയ്ക്കു വന്നപ്പോൾ ഹേ! തുളസി! നീ കരയുകയും ലോകം ചിരിക്കുകയും ചെയ്തു. നീ ലോകത്തിൽനിന്നു പോകുമ്പോൾ നീ ചിരിക്കുകയും ലോകം കരയുകയും വേണം.

— തുളസീദാസൻ

യാതൊരിടത്തു സത്യമായ ജ്ഞാനം ഉണ്ടോ അവിടെ ശുദ്ധമായ ആനന്ദമല്ലാതെ ശോകം ഉണ്ടാകുന്നില്ല.

— മഹാത്മാഗാന്ധി

ദൈവം എപ്പോഴും എന്റെ പക്ഷത്തായിരിക്കണമെന്നു ഞാൻ വിചാരിക്കാറില്ല; ഞാൻ എപ്പോഴും ദൈവത്തിന്റെ പക്ഷത്തായിരിക്കണമെന്നേ വിചാരമുള്ളൂ

— എബ്രഹാം ലിങ്കൺ

എതൊന്നു കൊണ്ടു് ഈശ്വരനെ അറിയുവാൻ കഴിയുന്നുവോ അതാണു വിദ്യ; മറെറല്ലാം അവിദ്യ—മിഥ്യ.

— ശ്രീരാമകൃഷ്ണപരമഹംസൻ

ജീവിതജീത്തികൾക്കുള്ളിൽ തടവുകാരനായി കഴിയുന്ന മനുഷ്യനെ, മരണം, വിചാരിച്ചിരിക്കാതെ വന്നു തുറന്നു വിടുന്നു.

— ടാഗോർ

എല്ലാ ജീവികളുമിരുന്നിട്ടും ഒരു സത്വത്തെ സ്നേഹിയ്ക്കുക എന്നതു് അതിനെ സ്വച്ഛമാക്കുകയാണു്.

— വിക്ടറർ ഹ്യൂഗോ

# സുഭാഷിതവീഥി

[മനുഷ്യരുടെ ജീവിതയാത്രയിൽ, ശോകത്തിന്റെ കരിനിഴൽ പരന്നു കാണുന്ന മണ്ഡലങ്ങളിൽ പ്രകാശം വീശുന്ന കൈത്തിരികളാണു സുഭാഷിതങ്ങൾ. അവ നമ്മെ ധീരന്മാരും പുരോയാനകുതുകികളുമാക്കിത്തീൎക്കുന്നു. ആപത്തിൽ ബന്ധുക്കളെപ്പോലെ സഹായിക്കുന്നു. പദ്യരൂപത്തിലുള്ള ഇത്തരം സുഭാഷിതങ്ങൾ, സൎവസമ്മതങ്ങളായ ഉത്തമഗ്രന്ഥങ്ങളിൽനിന്നു് ഉദ്ധരിച്ചു അവയുടെ സാരം ചുരുക്കിപ്പറയുന്നതു വായനക്കാൎക്കു പ്രയോജനകരമായിരിക്കുമെന്നു വിചാരിക്കുന്നു. പഠിക്കുവാനും ഓൎമ്മിക്കുവാനുമുള്ള സൌകര്യത്തെ പുരസ്കരിച്ചാണു പദ്യങ്ങൾതന്നെ ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നതു്.]

(ഭൎത്തൃഹരിയിൽനിന്നു്)

1

വിപദിധൈൎയ്യ, മഥാഭ്യുദയേ ക്ഷമാ
സദസിവാക്പടുതാ യുധിവിക്രമഃ
യശസിചാഭിരതിൎവ്യസനം ശ്രുതൌ
പ്രകൃതിസിദ്ധമിദം ഹി മഹാത്മനാം.

അന്വയം.

വിപദി ധൈൎയ്യം, അഥ അഭ്യുദയേ ക്ഷമാ
സദസി വാക്പടുതാ, യുധി വിക്രമഃ,
യശസി അഭിരതിഃ, ശ്രുതൌവ്യസനം
ച ഇദം മഹാത്മനാം പ്രകൃതിസിദ്ധം ഹി.

സാരം.

ആപത്തിൽ ധൈൎയ്യവും, ഐശ്വൎയ്യലാഭത്തിൽ ക്ഷമയും, സദസ്സിൽ വാക്സാമൎത്ഥ്യവും, യുദ്ധത്തിൽ പരാക്രമവും, സൽകീൎത്തിയിൽ ആഗ്രഹവും, വേദശാസ്ത്രാദികളിൽ (ജ്ഞാനനിക്ഷേപങ്ങളായ ഗ്രന്ഥങ്ങളിൽ) അധികതാല്പൎയ്യവും മഹാത്മാക്കൾക്കു പ്രകൃതിസിദ്ധമാകുന്നു.

2

അകരുണത്വമകാരണവിഗ്രഹഃ
പരധനേപരയോഷിതി ച
സ്പൃഹാ
സുജനബന്ധുജനേഷ്വസഹിഷ്ണുതാ
പ്രകൃതിസിദ്ധമിദം ഹി ദുരാത്മനാം.

അന്വയം.

അകരുണത്വം അകാരണവിഗ്രഹഃ പരധനേ പരയോഷിതി ച സ്പൃഹാ സുജനബന്ധുജനേഷു അസഹിഷ്ണുതാ ഇദം ദുരാത്മനാം പ്രകൃതിസിദ്ധം ഹി.

സാരം.

ദീനന്മാരിൽ ദയയില്ലാതിരിക്കുക, കാരണംകൂടാതെ ശണ്ഠ പിടിക്കുക, പരധനത്തിലും പരസ്ത്രീയിലും ആഗ്രഹമുണ്ടാവുക, സജ്ജനങ്ങളിലും ബന്ധുജനങ്ങളിലും അസൂയ ജനിക്കുക എന്നിതെല്ലാം ദുൎജ്ജനങ്ങളുടെ സ്വഭാവമാകുന്നു.

3

ബോദ്ധാരോ മത്സരഗ്രസ്താഃ
പ്രഭവഃ സ്മയദൂഷിതാഃ
അബോധോപഹതാശ്ചാന്യേ
ജീൎണ്ണമംഗേസുഭാഷിതം.

അന്വയം.

ബോദ്ധാരഃ മത്സരഗ്രസ്താഃ ഭവന്തി പ്രഭവഃ സ്മയദൂഷിതാഃ (ഭവന്തി) അന്യേ അബോ

ധോപഹതാഃ ച (ഭവന്തി) അംഗേ സുഭാഷിതം ജീർണ്ണം.

സാരം.

അറിവുള്ളവർ അസൂയാലുക്കളായിത്തീരുന്നു. (പരസ്പരം മത്സരിക്കുന്നു എന്നു താൽപര്യം) പ്രഭുക്കന്മാർ അഹങ്കാരംകൊണ്ടു ദൂഷിച്ചവരായിത്തീരുന്നു. മററുള്ളവർ അറിവുകേടുകൊണ്ടു പീഡിതന്മാരുമാണ്. അതിനാൽ സുഭാഷിതഗ്രന്ഥങ്ങൾ പ്രചാരം കൂടാതെ മറഞ്ഞു പോകാനിടവരുന്നു.

4

ദാനം ഭോഗോനാശ-
സ്തിസ്രോഗതയോ ഭവന്തി വിത്തസ്യ
യോ ന ദദാതി ന ഭുങ്ക്തേ
തസ്യ തൃതീയാഗതിർ ഭവതി.

അന്വയം.

വിത്തസ്യ ദാനം ഭോഗഃ നാശഃ തിസ്രഃ ഗതയഃ ഭവന്തി യഃ ന ദദാതി ന ഭുങ്ക്തേ തസ്യ തൃതീയാ ഗതിഃ ഭവതി.

സാരം.

ധനത്തിനു, ദാനം, അനുഭവം, നാശം ഇങ്ങനെ മൂന്നു വഴികളുണ്ട്. മററാക്കും കൊടുക്കാതെയും താൻ അനുഭവിക്കാതെയുമിരിക്കുന്നവന്റെ ധനം മൂന്നാമത്തെ വഴിയിലേക്കു തിരിയുന്നു.

(തിരുക്കുറളിൽനിന്നു്)

1

അഴക്കാറവാ വൈകളിയിന്നാച്ചൊന്നാങ്കു
മിഴക്കാവിയെൻറ തറം.

സാരം.

പരസ്ത്രീയിൽ അസൂയ, ഇന്ദ്രിയാഭിലാഷം, കോപം, കഠിനവാക്കു് ഇവയെ ജയിച്ചു ജീവിക്കുകയത്രേ ധമ്മം.

2

പെണ്ണിർ പെരുന്തക്കയാവുളകർപെന്നു-
ന്തിൺമൈയുണ്ടാകപ്പെറിൻ.

സാരം.

പാതിവ്രത്യം എന്ന ഗുണം (ഭാര്യയിൽ) ഉണ്ടെങ്കിൽ, ഭാര്യയെക്കാൾ ശ്രേഷ്ഠമായ എന്തൊരു സമ്പാദ്യമാണു് ഒരാൾക്കു വേണ്ടതു്?

3

ഉഴതുണ്ടുവാഴ്വാരേ വാഴ്വാർ മറെറല്ലാ-
റെറാഴതുണ്ടുപിൻ ചെൽപവർ

സാരം.

ഉഴതുണ്ടു ജീവിക്കുന്നവരാണു ജീവിക്കുന്നവർ; മററുള്ളവർ തൊഴതുണ്ടു പുറകേ നടക്കുന്നവരാണ്. (കൃഷിപ്പണി ചെയ്യുന്നവൻ, താനുണ്ണുകയും അന്യരെ ഊട്ടുകയും ചെയ്യുന്നു. മററുള്ളവർ പരാന്നോപജീവികളാണെന്നു താൽപര്യം.)

4

ഈൻറപൊഴുതിർ പെരിതുവക്കുന്ത-
ന്മകനൈ-
ച്ചാൻേറാനെനക്കേട്ടതായ്.

സാരം.

തന്റെ പുത്രനെ വിജ്ഞാനസമ്പന്നനെന്നു വിദ്വാന്മാർ പുകഴ്ത്തുന്നതു കേട്ട മാതാവു്, പ്രസവിച്ച കാലത്തുണ്ടായതിലധികം ആനന്ദം അനുഭവിക്കും.

# ഗ്രന്ഥശാലകളുടെ സത്വരശ്രദ്ധയ്ക്കു്

1951 ജൂലൈ 1 മുതൽ 1952 ജൂൺ 30 വരെയുള്ള ഇക്കഴിഞ്ഞ സഹകരണവർഷത്തിൽ നാഷനൽ ബുക്ക്സ്റ്റാളിൽനിന്നും 100 ക. യ്ക്കോ അതിൽക്കൂടുതലോ തുകയ്ക്കു പുസ്തകം വാങ്ങിച്ചിട്ടുള്ള എല്ലാഗ്രന്ഥശാലകൾക്കും **രണ്ടരശതമാനം** കണക്കിനുള്ള ഒരു പ്രത്യേക ബോണസ്സ് നല്കുന്നതാണ്. ഇതു സംബന്ധിച്ചുള്ള അറിയിപ്പ്, ബോണസ്സിനു അർഹതയുള്ള എല്ലാ ഗ്രന്ഥശാലകൾക്കും അയച്ചുകൊടുത്തിട്ടുണ്ടു്. ഏതെങ്കിലും ഗ്രന്ഥശാലയ്ക്കു ഇതു ലഭിച്ചിട്ടില്ലെങ്കിൽ ഉടനേ വിവരം അറിയിക്കുക.


നാഷനൽ ബുക്ക്സ്റ്റാൾ

പോസ്റ്റ്ബോക്സ് 40, കോട്ടയം.

**Phone : 282 x 272** **Grams "Books"**

(പ്രൊപ്രൈറ്റേഴ്സ്: സാഹിത്യപ്രവർത്തകസഹകരണസംഘം ക്ലിപ്തം)

# കേരളത്തിലെ
# പ്രാചീന ഗ്രന്ഥപ്പുരകൾ

എം. തോമസ്സ്. എം. ഏ., എൽ. ററി.

കേരളീയസംസ്കാരത്തിന്റെ പ്രാചീനത്വവും വൈവിധ്യവും ആരാഞ്ഞുനോക്കുന്ന ഒരു ഭാരതീയനു് അനുഗൃഹീതമായ ഈ ഭൂഭാഗത്തെപ്പററി കോൾമയിർകൊള്ളാതിരിക്കുവാൻ സാധിക്കുന്നതല്ല. ഐതിഹ്യങ്ങളിലും നിരർത്ഥകങ്ങളായ ദുരഭിമാനത്തിലും അധിഷ്ഠിതമല്ലാ കേരളീയസംസ്കാരം. ജീവിതത്തിന്റെ ബഹുമുഖങ്ങളായ വശങ്ങളെക്കുറിച്ചു് കേരളീയർ രചിച്ചിട്ടുള്ള അമൂല്യഗ്രന്ഥങ്ങൾ ഇതിനു് എക്കാലവും സാക്ഷ്യം വഹിക്കുന്നവയാണു്. നമ്മുടെ പൂർവികന്മാർ വിദ്യാപരമായി ചെയ്തിരിക്കുന്ന അതിവിപുലവും സർവ്വതോമുഖവുമായ പ്രയത്നത്തിന്റെ സ്ഥിരപ്രതിഷ്ഠകളാണു് കേരളത്തിലെ പഴയ താളിയോലഗ്രന്ഥപ്പുരകൾ. ഇപ്പോൾ ജീർണ്ണങ്ങളും നിരുപയോഗങ്ങളുമെങ്കിലും സരസ്വതീക്ഷേത്രങ്ങളായി ഒരിക്കൽ മാനിക്കപ്പെട്ടുവന്ന ഈ പ്രാചീനഗ്രന്ഥപ്പുരകൾ കേരളീയരുടെ വിദ്യാസക്തിക്കും പുസ്തകശേഖരണത്തിനും കറയററ തെളിവുകളായിത്തീരുന്നുണ്ടു്. രാജാക്കന്മാർ, പ്രഭുക്കന്മാർ, ബ്രാഹ്മണർ, പാണ്ഡിത്യപാരമ്പര്യമുള്ള വിദ്വാന്മാർ എന്നിവരുടെ ഗൃഹങ്ങളിൽ വലിയ ഗ്രന്ഥപ്പുരകളും സാമാന്യഗൃഹങ്ങളിൽ നിത്യപാരായണത്തിനുപയോഗിക്കുന്ന സർവ്വസമ്മതമായ പുരാണഗ്രന്ഥങ്ങളും സാർവത്രികമായി ശേഖരിച്ചുവന്നിരുന്നു. രാമായണം, ഭാരതം, ഭാഗവതം, നാരായണീയം, ദേവീമാഹാത്മ്യം, സൌന്ദര്യലഹരി, ഭഗവൽഗീത എന്നീവക ഗ്രന്ഥങ്ങൾ എല്ലാ ഹൈന്ദവഗൃഹങ്ങൾക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തവയായിരുന്നു. സാമാന്യഗൃഹങ്ങളിലെ ഈ വക ഗ്രന്ഥങ്ങൾക്കുപുറമേ വിവിധവൃത്തികളെ ആശ്രയിച്ചു ജീവിക്കുന്നവർക്കു് സഹായകരമായ പല വിശിഷ്ടഗ്രന്ഥങ്ങളും അവരവരുടെ ഗൃഹങ്ങളിൽ സൂക്ഷിച്ചുവന്നു. വൈദ്യം, ജ്യോതിഷം, ശില്പം, നാട്യം, വ്യാകരണം, മീമാംസ, വൈദികം, തന്ത്രം, മന്ത്രം, മന്ത്രവാദം എന്നീ വിവിധ വിഷയങ്ങൾ പരമ്പരാഗതമായി തൊഴിലാക്കിയിട്ടുള്ള അനേകം കുടുംബങ്ങൾ കേരളക്കരയിൽ മുമ്പുണ്ടായിരുന്നു; ഇപ്പോഴും കുറവല്ല. മീമാംസാപരമായ ഗ്രന്ഥങ്ങൾക്കു് പയ്യൂർ, മേപ്പത്തൂർ ആദിയായ ഭട്ടതിരിമാരുടെ ഭവനങ്ങളും വ്യാകരണശാസ്ത്രങ്ങൾക്കു് കൂടല്ലൂർനമ്പൂതിരിഗൃഹവും, അഷ്ടാംഗവൈദ്യശാസ്ത്രസങ്കേതമായി തയ്ക്കാട്ടുമൂസ്സിന്റെ ഗൃഹവും, വിഷവൈദ്യതാളിയോലഗ്രന്ഥങ്ങൾക്കു് കോക്കര, പാമ്പുമ്മേക്കാട്ടു്, കാരാട്ടു് എന്നീ ഗൃഹങ്ങളും, കളരിചികിത്സാഗ്രന്ഥങ്ങൾക്കു് കുറുപ്പന്മാരുടെ ഗൃഹങ്ങളും, മന്ത്രവാദഗ്രന്ഥങ്ങൾക്കു് കല്ലൂരു്, സൂര്യകാലടി മുതലായ കുടുംബങ്ങളും, ജ്യോതിഷത്തിനു് പാഴൂർപടിപ്പുരയും, നാട്യഗ്രന്ഥങ്ങൾക്കു് ചാക്യാർഗൃഹങ്ങളും, കൃഷ്ണനാട്ടഗ്രന്ഥങ്ങൾക്കു് സാമൂതിരിക്കോവിലും, രാമനാട്ടഗ്രന്ഥങ്ങൾക്കു ഇളയിടത്തു സ്വരൂപം മനയ്ക്കലും, തച്ചുശാസ്ത്രഗ്രന്ഥങ്ങൾക്കു് കൊടുങ്ങല്ലൂർ രാജകുടുംബവും—എന്നുവേണ്ട ശാസ്ത്രങ്ങളുടേയും കലകളുടേയും പോഷണത്തിനുവേണ്ടി ആദിമകേരളീയസമുദായം സൃഷ്ടിച്ചിരുന്ന വിവിധവൃത്തിക്കാർ ഓരോരുത്തരും

അവരവരുടെ കലകളിൽ ഗ്രന്ഥശേഖരംനടത്തി പ്രാവീണ്യം നേടിയിരുന്നു. കൂടാതെ, സ്വാതന്ത്ര്യസിദ്ധമായ ബുദ്ധിവൈശിഷ്ട്യത്താൽ സ്വതന്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തിരുന്നു. കുമാരിളഭട്ടന്റെ മീമാംസയെപ്പോലെ മീമാംസാലോകത്തിൽ പ്രചാരം ലഭിച്ചിരിക്കുന്ന പ്രഭാകരമീമാംസയുടെ കർത്താവു ഒരു കേരളീയനാണ്; സ്മാർത്തവിഷയകമായി ഭാർഗ്ഗവസ്മൃതി, ശാങ്കരസ്മൃതി, ഏകശാസം, പ്രായശ്ചിത്തവിമർശിനി, പ്രായശ്ചിത്തസംഗ്രഹം, ആശൗചദീപിക എന്നീവകകൃതികളും, മീമാംസാപരമായി ശ്രീ ശങ്കരാചാര്യസ്വാമികളുടെ നേട്ടങ്ങളും, ഇവിടെമാത്രം പ്രചാരത്തിലിരിക്കുന്ന ധാരാകല്പം, വൈദ്യമനോരമ, ചികിത്സാക്രമം, സഹസ്രയോഗം, യോഗരത്നപ്രകാശിക, വൈദ്യമഞ്ജരി, ചികിത്സാമഞ്ജരി ആദിയായ വൈദ്യഗ്രന്ഥങ്ങളും, നാരായണീയം, ഉഡ്ഡീശം, ഉല്ലലം, മേഖല, അഷ്ടാംഗഹൃദയം, കാലവഞ്ചനം, ലക്ഷണാമൃതം എന്നിങ്ങനെയുള്ള വിഷവൈദ്യഗ്രന്ഥങ്ങളും, ജ്യോതിഷഗ്രന്ഥങ്ങളായി നീലകണ്ഠസോമയാജിയുടെ ആര്യഭടീയംഭാഷ്യം, തലക്കുളത്തു ഭട്ടതിരിയുടെ ദശാദ്ധ്യായി, പരമേശ്വരൻനമ്പൂതിരിയുടെ ആര്യഭടീയവ്യാഖ്യാനം, മഹിഷമംഗലത്തിന്റെ ബാലശങ്കരം എന്നിവയും, അഭിനയക്രമങ്ങളെ വിവരിക്കുന്ന "ആട്ടപ്രകാരവും", 'പ്രപഞ്ചസാരം' പോലെയുള്ള മന്ത്രഗ്രന്ഥങ്ങളും, ശില്പരത്നം തുടങ്ങിയ തച്ചുശാസ്ത്രഗ്രന്ഥങ്ങൾ, വ്യവഹാരമാല, രാജനീതി, അർത്ഥശാസ്ത്രം എന്നീവക രാജധർമ്മഗ്രന്ഥങ്ങളും, മാതംഗലീല മുതലായ ഹസ്ത്യായുർവേദഗ്രന്ഥങ്ങളും, ബുദ്ധഭടം തുടങ്ങിയുള്ള രത്നശാസ്ത്രങ്ങളും കേരളത്തിൽത്തന്നെ ഉടലെടുത്തവയാണ്. ശാസ്ത്രീയഗ്രന്ഥങ്ങളുടെ ഈ വൈവിധ്യവും വിപുലതയും ശ്രേഷ്ഠതയും ആലോചിച്ചുനോക്കുമ്പോൾ അക്കാലത്തെ സംസ്കാരചരിത്രഘട്ടത്തിൽ കേരളത്തിന് സംപൂജ്യമായ ഒരു സ്ഥാനത്തിന് അവകാശമുള്ളതായികാണുന്നു.

ശ്രീചിഹ്നം, വാസുദേവവിജയം ധാതുകാവ്യം, സുഭദ്രാഹരണം, ഹേത്വാഭാസോദാഹരണം എന്നീ വ്യാകരണതർക്കാദികാവ്യശാസ്ത്രങ്ങൾ ജനിച്ചിട്ടുള്ളതു് ഭാഷയുടെ പൂർണ്ണാഭിവൃദ്ധിയുടെ സൂചനയാണ്. കേരളമാഹാത്മ്യവും മററു സ്ഥലമാഹാത്മ്യകൃതികളും ഓരോ സ്ഥലങ്ങളുടേയും പ്രാചീനതയെ ദ്യോതിപ്പിക്കുന്നവയാണ്. ചൂഡാമണി, തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ രംഗപ്രയോഗപ്രധാനങ്ങളായ നാടകങ്ങൾ, മഹാകാവ്യങ്ങളായി സുകുമാരന്റെ കൃഷ്ണവിലാസം കാവ്യം, മാധവനടിതിരിയുടെ ഉത്തരനൈഷധം, കൊട്ടുങ്ങല്ലൂർ ഇളയതമ്പുരാന്റെ രാമചരിതം എന്നിവയും, യമകമഹാകാവ്യങ്ങളുടെ കൂട്ടത്തിൽ നിസ്തുലസ്ഥാനം വഹിക്കുന്ന യുധിഷ്ഠിരവിജയവും ശുകസന്ദേശം, ഭ്രമരസന്ദേശം, ചാതകസന്ദേശം, ചകോരസന്ദേശം എന്നീ പുരാതനസന്ദേശകാവ്യങ്ങളും, ചമ്പുക്കളിൽ മാനദേവന്റെ പൂർവ്വഭാരതചമ്പുവും, രാമപാണിവാദന്റെ ഭാഗവതചമ്പുവും, കൃഷ്ണകർണ്ണാമൃതം, നാരായണീയം തുടങ്ങിയ സ്തോത്രപ്രധാനഗ്രന്ഥങ്ങളും, ശൃംഗാരസുധാകാരം, രസസദനം ആദിയായ ഭാണാദിരൂപകങ്ങളും ഏതൊരു കേരളീയനും എന്നും അഭിമാനത്തോടുകൂടി സ്മരിക്കാവുന്നവയാണ്. കുലശേഖരവർമ്മ, സംഗ്രാമധീരരവിവർമ്മ, ലീലാശുകൻ എന്നറിയപ്പെടുന്ന വില്വമംഗലത്തുസ്വാമിയാർ, യുധിഷ്ഠിരവിജയകർത്താവായ വാസുദേവഭട്ടതിരി എന്നിവരുടെ പേരുകൾ സംസ്കൃതസാഹിത്യലോകത്തിൽ കേൾവി ലഭിച്ചിട്ടുള്ളവയാണ്. സാഹിത്യശാസ്ത്രാദിഗ്രന്ഥങ്ങൾ

കൈകാര്യം ചെയ്യുവാൻ സ്ത്രീകൾക്കും അന്ന് സാധിക്കുമായിരുന്നുവെന്നുള്ളതിന് മനോരമ തമ്പുരാട്ടി, തിരുവളക്കാവിൽ വാരിയത്തു വാര്യസ്യാർ എന്നിങ്ങനെയുള്ള സുപ്രസിദ്ധ വിദുഷികളുടെ പേരുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

നമ്മുടെ ഈ പ്രാചീനഗ്രന്ഥപ്പുരകളിൽ ഇപ്രകാരം ഗ്രന്ഥങ്ങൾ ശേഖരിച്ചുവെക്കുന്നതു് വളരെ ശ്രമകരമായ ഒരു കൃത്യമായിരുന്നു. ഭവനങ്ങളിൽ ഗ്രന്ഥരചനാപരിചയമുള്ളവരെ വരുത്തി സകല ചെലവും വേതനവും കൊടുത്താണ് ഈ ഗ്രന്ഥങ്ങൾ പകർത്തി എഴുതിക്കൊണ്ടിരുന്നതും. ഭാരതം ഭാഗവതം മുതലായവ എഴുതിത്തീർക്കുന്നതിന് മൂന്നും, നാലും വർഷങ്ങൾതന്നെ വേണ്ടിവരും. ലഭിക്കാൻ പ്രയാസമുള്ള ഒരു ഗ്രന്ഥം കണ്ടാൽ ആ ഗ്രന്ഥമുള്ളിടത്തു ചെന്ന് അനുമതി വാങ്ങി പകർത്തി എഴുതിക്കൊള്ളുക പതിവായിരുന്നു. കേരളീയ ഗ്രന്ഥങ്ങൾ അന്യസ്ഥലങ്ങളിലേക്ക് പ്രചരിക്കുന്നതിനും അവിടങ്ങളിലുള്ളവ ഇങ്ങോട്ടു ഒഴുകുന്നതിനും ഇടയായിട്ടുള്ളതു് ഈ ലിഖിതവിദ്യ മൂലമാണ്. മൂന്നൂറും നാനൂറും വർഷം പഴക്കമുള്ള താളിയോലഗ്രന്ഥങ്ങളും മൂന്നു വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ഗ്രന്ഥകാരന്മാരുടെ സ്വന്ത കൈയ്യെഴുത്തുകളിൽ മലയാളം, ഗ്രന്ഥാക്ഷരം, തമിഴ് എന്നീലിപികളിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളും ഇപ്പോഴും ലഭിക്കുമെന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

കേരളത്തിലെ ഈവക ഗ്രന്ഥങ്ങൾ ചിലതെല്ലാം വെളിയിലോട്ടും പ്രചരിച്ചിരുന്നു. വിദ്യാകുതുകികളായ നമ്മുടെ നാട്ടുകാർ വെളിക്കുനിന്നും ലഭിക്കുന്ന പുസ്തകങ്ങൾ സൂക്ഷിച്ചു വെക്കുകയും ചെയ്തിരുന്നു. ഭാസനാടകങ്ങളുടെ പ്രസിദ്ധീകരണം കേരളത്തിൽ ഉണ്ടായതു് ഇതിനെ ഉദാഹരിക്കുന്നതാണ്.

അതുകൊണ്ട് പാണ്ഡിത്യപ്രധാനമായ ഗ്രന്ഥപ്പുരകൾ ചുരുക്കം ചിലരുടെ കൈകളിലമന്നു; അതുതന്നെയുമല്ല ജ്യോതിഷം വൈദ്യം ആദിയായ വിവിധവൃത്തികളിൽ ഏർപ്പെട്ടിരുന്നവർ തങ്ങളുടെ പരമ്പരാഗതമായ ജ്ഞാനം അന്യരിൽ പകരുന്നതിന് പ്രായേണ വിമുഖരുമായിരുന്നു; കൂടാതെ ഒരു പുസ്തകം എഴുതിക്കുന്നതിന്റെ വില ഒരു പുരയിടത്തിന്റെ വിലയിൽ കുറയാതെ ആകുമെന്ന് വിചാരിച്ചുനോക്കിയാൽ സാമാന്യജനങ്ങൾക്ക് ഗ്രന്ഥത്തിന്റെ പ്രതികൾ ലഭിക്കുക പ്രായേണ വിഷമവുമായിരിക്കുമല്ലോ. പോരെങ്കിൽ ആയുധ വിദ്യയിലും, കച്ചവടത്തിലും കൃഷിയിലും കൂടുതൽ വ്യാപൃതരും, ശരീരപ്രയത്നികളുമായ ഇതരസമുദായ വിഭാഗങ്ങൾക്ക് പൊതുവേ ഗ്രന്ഥപാരായണത്തിൽ നൈസർഗ്ഗികമായ ആത്തി ഇല്ലായിരുന്നു താനും. ഈശ്വരവിശ്വാസമുള്ള ഒരു ജനതയായിരുന്നതുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും ഈശ്വരസ്തുതി നടത്തുന്നതിനാവശ്യമായിരുന്ന ഭാഗവതം, രാമായണം, ഭാരതം, ഭഗവൽഗീത എന്നീ ഗ്രന്ഥങ്ങൾ ഹൈന്ദവ കുടുംബങ്ങളിലും, വേദപുസ്തകം, നമസ്കാരക്രമങ്ങൾ ആദിയായവ ക്രൈസ്തവകുടുംബങ്ങളിലും മാത്രം സാർവ്വത്രികമായിരുന്നതായി വിചാരിക്കാനേ ന്യായം കാണുന്നുള്ളു. അന്നത്തെ സാമൂഹ്യവൃത്തികളുടെ വിഭജനമനുസരിച്ച് സാമാന്യഗൃഹത്തിലെ ഒരുവന് വിവിധ വൃത്തികളിലിരിക്കുന്നവരിൽനിന്നും ആവശ്യമുള്ള കാര്യങ്ങൾ ദരിദ്രനാണെങ്കിൽ തന്നെയും നടത്തിക്കുന്നതിന് അധികം പ്രയാസമുണ്ടായിരുന്നില്ല.

ഇപ്രകാരം അതിശ്രേഷ്ഠതയുള്ള ഒരു സംസ്കാരപാരമ്പര്യവും; അഭിമാനകരമായ ഗ്രന്ഥനിർമ്മാണവും, ആദരണീയമായ ഗ്രന്ഥപ്പുരകളും കേരളീയക്കു് ഒരുകാലത്തു് ഉണ്ടായിരുന്നതായി നമുക്കു മനസ്സിലാക്കാം. ഈ സന്ദർഭത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ കൂടി നാം ഓർമ്മിച്ചിരിക്കുന്നതു് യാഥാർത്ഥ്യ രൂപം ലഭിക്കുന്നതിനു് സഹായകരമായിരിക്കും. ഒന്നാമതായി ഇത്തരം ഉപരിഗ്രന്ഥപഠനം പ്രായേണ നമ്പൂതിരിമാർക്കും, ബ്രാഹ്മണർക്കും, ചുരുക്കം ചില പ്രഭുകുലനായന്മാർക്കും മാത്രമേ ലഭ്യമായിരുന്നുള്ളൂ. സഹിഷ്ണുതാരഹിതമായ പെരുമാററം ജ്ഞാനപ്രപരണവിഷയം കുത്തകാവകാശമാക്കിക്കൊണ്ടിരുന്ന നമ്മുടെ നാട്ടിലെ ബ്രഹ്മണരിൽ, പ്രായേണ ഇല്ലായിരുന്നെങ്കിൽ തന്നെയും, അടുത്ത കാലംവരെ മാമൂൽ ആചാരാദി അടിമത്തങ്ങളിൽ കിടന്നിരുന്ന കേരളീയ ജനത സമുദായാതിരുകളെ ലംഘിച്ചു പ്രവർത്തിക്കുവാൻ ധൈര്യപ്പെട്ടിട്ടുണ്ടെന്നു് വിചാരിക്കുക അശക്യമാണു്. ഇപ്രകാരം ഉയർന്ന മേഖലകളിൽ സ്ഥിതിചെയ്തിരുന്ന കേരളീയ ഗൃഹങ്ങളിൽ ഗ്രന്ഥപ്പുരകൾ സർവ്വസാധാരണമായിരുന്നുവെന്നും ഇടത്തരം ഗൃഹങ്ങളിൽ ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥശേഖരണം മാത്രം സാർവ്വത്രികമായിരുന്നുവെന്നും ഇതിനകം തെളിഞ്ഞു കാണുമല്ലോ. ഇവ കൂടാതെ മഠാധിപതികളുടേയും ക്ഷേത്രസങ്കേതങ്ങളുടേയും ഗ്രന്ഥപ്പുരകളും ഉണ്ടായിരുന്നതായികാണാം.

പക്ഷേ കേരളത്തിലെ പ്രാചീന ഗ്രന്ഥപ്പുരകളുടെ ഈ യൌവ്വനകാലം ആംഗ്ലേയ വിദ്യാഭ്യാസാഭിവൃദ്ധിയോടുകൂടി മങ്ങിപ്പോകുകയും, അവയുടെ പുരോഗതി നിലയ്ക്കുകയും, അവയുടെ സംരക്ഷണയിൽ അജാഗ്രത അനുദിനം വർദ്ധിക്കുകയും ചെയ്തു. സംസ്കാരസമ്പന്നവും പാണ്ഡിത്യമുള്ളതുമായ ചുരുക്കം ചില ഗൃഹങ്ങളിൽ മാത്രം അവ വെളിച്ചം തട്ടാതെയെങ്കിലും സൂക്ഷിക്കപ്പെട്ടുപോന്നു. അതേസമയത്തു് ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കനുസരണമായി ഇവിടെ ഗ്രന്ഥസഞ്ചയം വർദ്ധിച്ചതുമില്ല. ഉദ്യോഗപ്രാപ്തിക്കുവേണ്ടിയുള്ള ഇംഗ്ലീഷുപഠനത്തിൽനിന്നും ആദ്യകാലം പുതുതായി പുസ്തകങ്ങൾ രചിക്കുന്നതിനു് സാധ്യമല്ലാതായി വന്നു; ദേശഭാഷാനഭിജ്ഞരായ വൈദേശികരുടെ ശിക്ഷണത്തിൽ നിന്നും സംസ്കൃതമലയാളങ്ങളോടു വിദ്യാർത്ഥികൾക്കു മമതക്കുറവുണ്ടായി. രാഷ്ട്രഭാഷയായ ഇംഗ്ലീഷിന്റെ പഠനം ഉപജീവനമാർഗ്ഗത്തിനല്ലാതെ സാഹിത്യ ശാസ്ത്രാദി ഗ്രന്ഥനിർമ്മാണത്തിനു് അവസരവും നൽകിയിരുന്നില്ല. വിശിഷ്ടങ്ങളായ പുരാതനഗ്രന്ഥങ്ങളെ പുറന്തള്ളാനുള്ള വാസനയും ലോകസാഹിത്യ സാഗരത്തിൽ നീന്തിത്തുടിക്കുവാനുതകുന്ന ആംഗ്ലേയസാഹിത്യത്തെ ആശ്ലേഷിക്കുവാനുള്ളശേഷിക്കുറവും നിറഞ്ഞ ആ ഇടക്കാലാവസ്ഥ വാസ്തവത്തിൽ ഗ്രന്ഥസംഭരണത്തെ സംബന്ധിച്ചടത്തോളം ഒരു ഇരുളടഞ്ഞ കാലഘട്ടമാണു്.

നമ്മുടെ പ്രാചീന ഗ്രന്ഥപ്പുരകളിലെ ഗ്രന്ഥങ്ങൾ ഇവിടെയും, ഇൻഡ്യയിലെ ഇതരഭാഗങ്ങളിലുമുള്ളവ പൊതുവേ വിദേശികളുടേയും അന്യമതസ്ഥരുടേയും കൈയ്യിൽ അകപ്പെട്ടു അന്യദേശങ്ങളിലായിപ്പോകുവാനും നശിച്ചുപോകുന്നതിനും ഇട വന്നിട്ടുണ്ടു്. സൂക്ഷ്മക്കുറവുകൊണ്ടു് ജീർണ്ണങ്ങളായും, വെള്ളത്തിനും തീയ്ക്കും, ചിതലിനും ഇരയായും ഒട്ടനവധി വിസ്മൃതങ്ങളായിട്ടുണ്ടു്. ഇതാണു് ഇന്നത്തെ ഗ്രന്ഥപ്പുരകളുടെ സ്ഥിതി. സൂര്യപ്രകാശം ലഭിക്കാത്ത അനേകം ഗ്രന്ഥങ്ങൾ

നമ്പൂരിമാരുടെ ഇല്ലങ്ങളിലുംമററും ഇനിയും തേടിപ്പിടിക്കാനും കാണുന്നതാണ്. നമ്മുടെ നാട്ടിലെ ഗ്രന്ഥപ്പുരകളിലെ താളിയോല ഗ്രന്ഥങ്ങളുടെ വിപുലത മനസ്സിലാക്കുന്നതിന് തിരു:സർവ്വകലാശാല നടത്തുന്ന ഓറിയൻറൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയും തൃപ്പൂണിത്തുറ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയും പരിശോധിച്ചാൽ മതിയാകുന്നതാണ്. ഇതിനകം തന്നെ അനേകായിരമായി വർദ്ധിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ താളിയോലഗ്രന്ഥങ്ങൾ ഉത്സാഹപൂർവം ഇപ്പോഴും ശേഖരിച്ചാൽ പ്രാചീനതയുള്ള ഗ്രന്ഥപ്പുരകളിൽനിന്നും ലഭിക്കാവുന്ന ഗ്രന്ഥങ്ങളുടെ ഒരു ചെറിയ അംശം മാത്രമേ ആകുന്നുള്ളുവെന്നാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധന്മാരുടെ അഭിമതം.

---


# ഗ്രന്ഥശാലകളുടെ ശ്രദ്ധയ്ക്ക്

യവനസാഹിത്യഭണ്ഡാരത്തിൽനിന്നും സമീപകാലത്തു കൈരളിക്കു ലഭിച്ചിട്ടുള്ള വിശിഷ്ടരത്നങ്ങളിൽ ഒന്നാകുന്നു, **'ഹെലൻ'**. മനുഷ്യസ്വഭാവത്തിന്റെ ചിത്രീകരണമായ ഈ ഗദ്യനാടകത്തിൻെറ പ്രതികൾ എല്ലാ ഗ്രന്ഥശാലകളിലും വാങ്ങി ഞങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

എൻ. കെ. മാധവൻ
മാനേജിംഗ് സെക്രട്ടറി
ഗോദവർമ്മവിലാസം ഗ്രന്ഥശാല
P. O, കിളിമാനൂർ.

## = ഹെലൻ =

ഗ്രന്ഥകർത്താ– Dr. കെ. എം. വർമ്മ M. A. L. T. Ph. D.
പ്രകാശകർ– ഗോദവർമ്മവിലാസം ഗ്രന്ഥശാല
കിളിമാനൂർ.

വില രൂപാ ഒന്ന്.

N. B. ഈ പുസ്തകത്തിൻെറ പ്രതികൾ ലഭിച്ചിട്ടുള്ള ഗ്രന്ഥശാലകൾ എത്രയുംവേഗം വില അയച്ചുതന്നു സഹായിക്കണമെന്നപേക്ഷ.

# * ചരമാന്തചിത്രം

## വാരനാട്ടു് കെ. പി. ശാസ്ത്രികൾ

വേണാട്ടിലേക്കു നിജഭൗതികശിഷ്ടവും താ-
നാണാനയിച്ചിട്ടവതെന്നു മതിന്നുപോലെ
ചേണാർന്നൊരബ്ദസിതവാഹനമുൻമുകപ്പിൽ-
ക്കാണായി ഗാന്ധിജി മഹാത്മജിതന്റെ ചിത്രം!

ആർത്തു ജനങ്ങൾ ജയഗാന്ധിജിയെന്നു, പെട്ടെ-
ന്നോർത്തു പരിതു, മിടറീ ഗളനാളമെല്ലാം;
വാർത്തു തുടങ്ങി മിഴിനീർ, ഹൃദയങ്ങൾ വിങ്ങി
വീർത്തു, തെളിഞ്ഞിതവയിൽ ചരമാന്തചിത്രം!

തിട്ടാളുമന്നഗരി-ഡൽഹിയിലുള്ള ബിർളാ-
ക്കൊട്ടാരമാന്ന ഭജനാലയകുട്ടിമത്തിൽ
ഒട്ടാഞ്ഞടഞ്ഞ ഹൃദയങ്ങളിൽ വന്നതൊന്നും
പട്ടാങ്ങമായിടരുതേ ഭഗവൻ മുകുന്ദ!

ചാരാകെ നന്മ വിളയിപ്പതിനീശ്വരന്നാൾ-
പ്പേരായ ഗാന്ധിജി മരിച്ചു കിടന്നിടുന്നു!
ഓരാതെയാരു വെടി,യത്തിരുമാറിൽനിന്നും
തോരാതെ രക്തമൊഴുകിപ്പടരുന്നു ചുറ്റും!

അയ്യോ! മഹാത്മജി! ധരാകൃതപുണ്യപൂരം
മെയ്യോലുമന്നിധി തകർന്നുകഴിഞ്ഞുവെന്നോ?
പൊയ്യോ, കിനാവുകളിയോയിതു, തോക്കെടുത്തു
കയ്യോങ്ങിയോ നരനൊരാളവിടത്തെനേർക്കും!

വിട്ടേക്ക സംശയ,മയേ, വെടിയുണ്ടയമ്മാർ-
ത്തട്ടേററു ഗാന്ധിജി മരിച്ചതസത്യമെങ്കിൽ,
പട്ടേൽ ജവാഹരി കൃപാലിനിയാദി ശിഷ്യ-
രൊട്ടേറെയെന്തു ചുഴലെത്തലചായ്ച്ചിരിപ്പൂ?

ത്യാഗീന്ദ്രനെങ്ങടെ മഹാത്മജി പോയി,യെന്നു
ഭാഗീരഥീനദി നിലത്തുകിടന്നലയ്പ്പൂ;
യോഗീശനദ്രി ഹിമവാൻ മരവിച്ചുനില്പ്പൂ,
ഹാ! ഗീതതന്നെയൊരുതെല്ലിട ഞെട്ടിയില്ലേ!

ഭൂരിഭ്രമത്തൊടിതുകേട്ടു നടുങ്ങിനില്പ്പൂ
പാരിന്റെ വൻകരകളഞ്ചുമൊരേതരത്തിൽ;
കോരിത്തരിച്ചു തരുസങ്കുലസംവൃതാംഗം
നേരിൽ പ്രപഞ്ചഗതിതന്നെ നിലച്ചുവല്ലോ!!

കണ്ടാല്ലു, മിന്ത്യയിലെ നാല്പതുകോടി മർത്ത്യർ
കൊണ്ടാടിവാണൊരഭയസ്ഥലമായ വത്സം
വിണ്ടാണു കാണ്മത,തിൽനിന്നു പറന്നുപോയി-
ട്ടുണ്ടാമസുക്കളു,മതേവഴി ദേഹിതാനും!

ഹാ! വന്ദ്യമാം തിരുവുരസ്സതിൽനിന്നൊലിച്ചു-
ട്ടുവഞ്ചുമച്ചുടുനിണപ്പുഴതൻ തുടുപ്പിൽ,
പാവങ്ങൾ, കാണുവതു നാമിഹ ഭാരതത്തിൻ-
മൂവന്തിയോ, പുലരിയോ, പ്രളയാഗ്നിവായ്പ്പോ?

ഓരാവതെങ്ങിനെ, കിടപ്പിതു കണ്ടു കണ്ണീർ
തോരാവതെന്നു,ലകിതീനിമിഷം നശിച്ചാൽ
നേരായ പുണ്യമതിലപ്പുറമില്ല വേറെ;
പാരാന്ന ഭാവിയുടെ ഭാവുകമല്ലി കെട്ടു!

രണ്ടായ് ശതാബ്ദമടിമത്തനകം ചുമന്നു
തിണ്ടാടുമിന്ത്യയുടെ മുക്തിയെ വീണ്ടെടുപ്പാൻ
*രണ്ടാമനായ് 'പ്പരമഹംസ'മഹസ്സു പെററി-
ട്ടുണ്ടായൊരാഷ്മഹിമപ്രസരപ്രതാപൻ,

ശസ്ത്രപ്രപഞ്ചഗതിയാരുടെ നാട്ടിലക്ക-
നസ്തംഗമിക്കവതിനില്ലനുവാദലേശം,
ന്യസ്താസ്വധൈര്യബല,മപ്പടുസാർവ്വഭൗമ-
ഹസ്തങ്ങളാൽ കൃതസപര്യ,നതീതലോകൻ,

രംഹസ്സൊടിന്ത്യയെയമർത്തി മദിച്ച ബ്രിട്ടീഷ്-
സിംഹത്തിനെസ്സടകളിൽപ്പിടികൂടി നിർത്തി
സംഹൃത്യ താനിയമദംഷ്ട്രയടർത്തി വീത-
ദംഭം ശുനപ്രകൃതനാക്കിയ വീരവീരൻ,

* ഒന്നാമൻ ശ്രീ വിവേകാനന്ദൻ

* കവി, അടുത്തു പ്രസിദ്ധീകരിക്കാൻപോകുന്ന 'വിഭൂതികലശം' എന്ന ഹൃദയഹാരിയായ കാവ്യത്തിൽനിന്ന്. (ഗ്ര. പ.)

[പകർപ്പവകാശം കവിക്ക്]

നല്ലററധാൎമ്മികത കാട്ടിയ പാർല്ലിമെന്റോ–
ടൊപ്പം തദാംഗല,മതല്ല ജഗത്തശേഷം
കെല്പഞ്ചിട്ടും തന്നതഭക്ഷണവന്തപസ്സാൽ
നിഷ്പന്ദമാക്കി നിലനിൎത്തിയ യോഗിവൎയ്യൻ,

'ക്വിററിന്ത്യ'മന്ത്രമവിടുന്നു ജപിച്ചു, പെട്ടെ–
ന്നാററിന്ത്യയിൽ ഭരണ,മാംഗളരാകമാനം
തെററിത്തെറിച്ചു കടലക്കരകേറി,യേവം
മുററിത്തെളിഞ്ഞ പരമാത്മമഹഃപ്രഭാവൻ,

തട്ടിപ്പറിച്ചവരിൽനിന്നുമൊഴിച്ചു, കാല്ക്കൽ–
ക്കെട്ടിക്കിടപ്പവളിലേക്കൊരു തൃക്കടാക്ഷം
കിട്ടിക്കുവാൻ തൊഴുത ഭാരതലക്ഷ്മിതൻ കൈയ്
തട്ടിക്കളഞ്ഞൊരവധൂതകുലാവതംസം,

തൻപുത്രി ഭാരതധരാതലലക്ഷ്മി തന്റെ
വൻപുള്ള വേളിസമയത്തതിലുൾപ്പെടാതെ
വെമ്പുന്നവൎക്കു തുണയായ് 'നവഖാൽ'ക്കൊരൂന്നു–
കമ്പും പിടിച്ചു നടകൊണ്ടൊരു ദേവദൂതൻ,

ത്രാണം ജഗത്തിനരുളാനവതീൎണ്ണ,നേഷ്യ–
ക്കാണത്തമോതിയുയിരിട്ട പുരോഹിതാഗ്ര്യൻ,
ക്ഷീണസ്വയംഭരതമേദിനിയാൾക്കു പഞ്ച–
പ്രാണൻ മഹാത്മജി! മഹാത്മജിയന്തരിച്ചു!

ആ വിണ്ണിൽനിന്നു ജഗദുദ്ധരണത്തിനായി–
ട്ടാവിർഭവിച്ചു, നവധൎമ്മമണിപ്രദീപം
ആവിഷ്കരിച്ചവരിലന്തിമനായ ലോക–
ഭാവിപ്രവാചകനെയും വെടിവെച്ചു മർത്ത്യൻ!!

---


**അഗസ്ത്യമന്ദിരത്തിന്റെ സൌഹൃദം**

സകല സുഹൃത്തുക്കൾക്കും

പുതുവത്സരം ഭവാന്മാൎക്ക് ഭാസുരമായി ഭവിക്കട്ടെ!

അനേകംപേരെ ആപത്തിൽനിന്നും രക്ഷിച്ചുകൊണ്ടിരിക്കുന്ന **അഗസ്ത്യസിന്ദൂരം**

ഈയാണ്ടുമുതൽ ആവശ്യംപോലെ കൊടുക്കാൻ സാധിക്കും. ഇതിന്റെ അത്ഭുതപ്രഭാവശക്തിക്ക് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അകാലമരണങ്ങളിൽ മിക്കതിനേയും മാററിവയ്ക്കാൻ കഴിയുമെന്നാണ് അനുഭവസ്ഥന്മാരുടെ അഭിപ്രായം.

ഭാഗ്യവാന്മാർ ഇതിന്റെ ഗുണഭാക്താക്കളാകട്ടെ!

ആരോഗ്യവും ആയുസ്സും വൎദ്ധിപ്പിക്കുന്ന മററനേക ഔഷധങ്ങളും തയ്യാർ.

അഗസ്ത്യമന്ദിരം
പഴവങ്ങാടി–തിരുവനന്തപുരം

ആർ. അച്ചുതൻതമ്പി

# പഞ്ച'പ്ര'കാരങ്ങൾ

## പുത്തേഴത്തു രാമൻമേനോൻ ബി. ഏ. ബി. എൽ.

"പഞ്ച 'പ്ര' കാരങ്ങൾ എന്നുവെച്ചാൽ, ഭയപ്പെടാനുള്ളതൊന്നുമില്ല. വിദ്യാർത്ഥിലോകം പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്ന അഞ്ചുകൂട്ടം കാര്യങ്ങളുടെ ആദ്യക്ഷരമായ 'പ്ര' ശബ്ദത്തെ കൂട്ടിപ്പിടിച്ചുകൊണ്ടു 'പഞ്ചപ്രകാരങ്ങൾ' എന്നൊരു കൂട്ടക്കതിനു നിരത്തിയതാണു്. ആ അഞ്ചുകൂട്ടവും, കേവലം വിദ്യാർത്ഥിലോകം മാത്രമല്ല, പൊതുജനലോകംകൂടി അറിഞ്ഞിരിക്കേണ്ട സംഗതികളാണു്. വിദ്യാർത്ഥികൾക്കൊരു വിശേഷണം കൊടുത്തു എന്നു മാത്രം. ജാതിമതഭേദമോ, വർഗ്ഗവ്യത്യാസമോ, രാജ്യവിഭിന്നതയോ കൂടാതെ, എല്ലാവരും അംഗീകരിക്കാവുന്നതും, ആയുരാരോഗ്യാദികളുടെ സംവർദ്ധനയ്ക്കു് ഉതകുന്നതുമാണു ആ പഞ്ചപ്രകാരങ്ങൾ. അവ ഏതെല്ലാം എന്നല്ലേ? വളച്ചുകെട്ടാതെ നേരേ പറഞ്ഞുകളയാം. പ്രഭാതോത്ഥാനം, പ്രാതസ്സ്നാനം, പ്രാർത്ഥന, പ്രസാദം, പ്രവർത്തനം ഇവയാണു പഞ്ചപ്രകാരങ്ങൾ. പച്ചമലയാളത്തിൽ പറഞ്ഞാൽ, വെളുപ്പിനു എണീക്കലും, നേരത്തെ കുളിക്കലും, ഈശ്വരനെ വിചാരിക്കലും, ഉന്മേഷപൂർണ്ണമാനസനായിരിക്കലും, ഉത്സാഹിച്ചു പ്രവർത്തിക്കലും ഇതിൽ ഏതെങ്കിലുമൊന്നുണ്ടോ ആക്ഷേപാർഹമായിട്ടു്? ഈശ്വരവിചാരം എന്നു കേൾക്കുമ്പോൾമാത്രം, ഒരു പക്ഷേ, ഒരു പക്ഷക്കാരൊക്കെ കക്ഷിമാറിയേക്കും. അതു പേടിയാണു് അവർക്കു് ഈശ്വരനെയെങ്കിൽ, അവരങ്ങു നീങ്ങിനിന്നുകൊള്ളട്ടെ എന്നു നിശ്ചയിക്കുവാനേ നിർവ്വാഹമുള്ളൂ. എല്ലാവർക്കും വേണ്ടതായ ഈശ്വരനെ ഏതാനും ചിലർക്കുവേണ്ടി ഉപേക്ഷിക്കുക എന്നു വരുന്നതല്ലല്ലോ. ഇനി ഈ ഓരോ പ്രകാരങ്ങളെപ്പററിയും കുറഞ്ഞൊന്നു പറഞ്ഞുകളയാം.

പ്രഭാതോത്ഥാനവും പ്രാതസ്സ്നാനവും, രണ്ടും അഖിലരാഷ്ട്രസമ്മതി സമ്പാദിച്ചിട്ടുള്ള കാര്യങ്ങളാകുന്നു. "നേരത്തെകിടന്നു നേരത്തെ എണീക്കുക" എന്നു് ഇംഗ്ലീഷുകാരുടെ പുസ്തകങ്ങളിലും കാണാവുന്നതാണു്. എന്നാൽ, അവരൊക്കെ പ്രായേണ പാതിരയ്ക്കുശേഷം കിടന്നു്, എട്ടുമണിക്കുശേഷം എണീക്കുന്നവരാണുതാനും! അതൊരു സമയം, അവരുടെ നാട്ടിലെ ശീതോഷ്ണസ്ഥിതികൊണ്ടായിരിക്കും. ഇന്ത്യക്കാർ പണ്ടേക്കുപണ്ടേ, ബ്രാഹ്മമുഹൂർത്തത്തിൽ ഉറക്കമുണർന്നു ശീലിച്ചുകൊണ്ടു വന്നിട്ടുള്ളവരാണു്. 'സരസ്വതിയുടെ യാമം' എന്നു് അറിയപ്പെടുന്ന ആ സമയം—വെളുപ്പിനു മൂന്നുമണിക്കുശേഷം ആറുമണിവരെയുള്ള സമയം—എത്ര പ്രശാന്തവും, ഉന്മേഷജനകവും, ആഹ്ലാദസംവർദ്ധകവുമാണെന്നു് അനുഭവിച്ചറിയുകതന്നെ വേണം. വിദ്യാർത്ഥികൾ വെളുപ്പിനു നാലുമണിക്കെങ്കിലും എണീററു പാഠപദ്ധതികളിൽ നിഷ്ണാതരായിത്തീരുന്നതു്, അവരുടെ ആരോഗ്യം വർദ്ധിപ്പിക്കുവാൻ മാത്രമല്ല, മനസ്സു ശുദ്ധമാക്കുവാനും പഠിക്കുന്നതൊക്കെ എളുപ്പത്തിൽ മനസ്സിലാക്കുവാനും ഉള്ളതൊക്കെ ഉള്ളിൽപ്പതിയുവാനും വളരെ സഹായകമായിരിക്കുന്നതാണു്. പ്രപഞ്ചം മുഴുവൻ ധ്യാനതല്പരതയോടുകൂടി, കോൾമയിർക്കൊണ്ടുകൊണ്ടു്, അപാരമായ ഒരു അചി

ന്ത്യാനന്ദം അനുഭവിക്കുന്ന ഒരു പുണ്യവേളയാകുന്ന ബ്രാഹ്മമുഹൂർത്തം. അതിനെ അറിയാതെയും, ആദരിക്കാതെയും അലസമായി ഉറങ്ങുന്നതു് അക്ഷന്തവ്യമായ ഒരപരാധമാകുന്നു. എത്ര അധികം ജോലി, അതു എത്ര വിജയപ്രദമായ വിധത്തിൽ, ആ സമയത്തു ചെയ്തുതീർക്കുവാൻ സാധിക്കുമെന്നു ഒന്നു പരീക്ഷിച്ചറിയുകതന്നെ വേണം.

കൂടാതെ, അരുണോദയത്തെപ്പോലെ ചേതസ്സമാകർഷകമായ ഒരു സമയവും കാഴ്ചയും വേറെയില്ല. ഉഷസ്സിന്റെ ആഗമനത്തെ പക്ഷികൾ പാടിപ്പുകഴ്ത്തുന്നതും, കാല്യവാതം സ്വാഗതം ചെയ്യുന്നതും പണ്ടത്തെ നമ്മുടെ ഋഷീശ്വരന്മാർ ദൈവികമായ ഒരെഴുന്നള്ളത്തുപോലെ ഉഷസ്സന്ധ്യയെ വർണ്ണിച്ചിട്ടുള്ളതും, ഒന്നും വെവ്വേറെയല്ലെന്നു ശുക്രനക്ഷത്രത്തിനെ പിന്തുടർന്നുണ്ടാകുന്ന അരുണാഗമനത്തെ ദർശിച്ചിട്ടുള്ളവർ സമ്മതിക്കുന്നതാണു്. പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെ 'വയലറ്റുറെയിസ്സും' 'അൾട്രാവയലറ്റുറെയിസ്സും' അരുണകിരണങ്ങൾ മാത്രമാണെന്നു് അറിയുമ്പോൾ, ആരോഗ്യത്തിനും ആയുസ്സിനുംവേണ്ടിയെങ്കിലും—അതു രണ്ടും വേണ്ടാത്തവർ ആരുമില്ലല്ലോ—പ്രഭാതോത്ഥാനത്തെ ഒരു വ്രതമായി ആരും സ്വീകരിക്കാതിരിക്കയില്ല. ഇങ്ങനെ ദൈഹികവും ആത്മീയവും ലൌകികവും പാരത്രികവും ആയ എല്ലാ ശ്രേയസ്സുകൾക്കും സഹായമായി നില്ക്കുന്ന ഈ "വെളുപ്പാൻകാലത്തെ എണീക്കൽ" ഏതു വിദ്യാർത്ഥിയും സനിഷ്കർഷം സാധകം വരുത്തേണ്ടതാകുന്നു.

പ്രാതസ്സ്നാനവും, അതുപോലെത്തന്നെ എല്ലാവിധത്തിലും പ്രാധാന്യം അർഹിക്കുന്ന ഒരു ആചാരമാകുന്നു. നമ്മുടെ രാജ്യത്തു കുളി ഒഴിച്ചുകൂടാത്തതാണെന്നു തീർച്ചയാണല്ലോ. ആറുമണിക്കുമുമ്പു പതിവായി കുളിച്ചു ശീലിച്ചിട്ടുള്ളവർക്കല്ലാതെ ആ കുളിയുടെ മഹിമകളെക്കുറിച്ചു കുറച്ചെങ്കിലും മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. സകല ഔഷധികളുടേയും ഇരിപ്പു്, വെയിലുദിക്കുന്നതുവരെ വെള്ളത്തിലാണെന്നുള്ള ആ വൈദ്യശാസ്ത്രസിദ്ധാന്തം ഇന്നത്തെ സയൻസുകാർക്കും നിഷേധിക്കാവുന്നതല്ല. തുറവുള്ള സ്ഥലത്തിലോ തടാകത്തിലോ നദിയിലോ ഉദയസൂര്യനെ കണ്ടുംകൊണ്ടുള്ള കുളികഴിഞ്ഞാൽ ഏതു വിദ്യാർത്ഥിയും ഒരു പത്തു പരീക്ഷയുള്ള പാഠങ്ങൾ ഒന്നിച്ചു് ഉരുക്കഴിക്കുന്നതിനു പ്രയാസമുണ്ടായിരിക്കയില്ല. കുളങ്ങളും മറ്റും അപൂർവ്വങ്ങളും, ഉള്ളവ ഉപയോഗശൂന്യങ്ങളും, നദികൾ അസുലഭങ്ങളുമായിട്ടുള്ള പ്രദേശങ്ങളിൽ, അതിനുപകരം 'കോരിക്കുളി'യും (പൈപ്പുകുളി)യും ആയാലുംകൂടി ഏറെക്കുറെയൊക്കെ മുൻപറഞ്ഞ ഫലസിദ്ധി ഉണ്ടാകുന്നതാണു്. അതൊന്നുമില്ലെങ്കിൽപോലും, ഒരിക്കൽ കുളിക്കുന്നതു പ്രഭാതത്തിലാക്കുന്നതായാൽ അന്നത്തെ ആ ദിവസം മുഴുവനും, കുളിയുടെ രീതി എങ്ങിനെയായിരുന്നാലും, ഉത്സാഹവും ഉന്മേഷവും നിലനില്ക്കുന്നതായിരിക്കും. വിദ്യാർത്ഥികൾ തന്നിമിത്തം പ്രാതസ്സ്നാനത്തെ നിഷ്ഠയോടുകൂടി നിലനിർത്തേണ്ടതാകുന്നു.

പ്രഭാതോത്ഥാനവും പ്രാതസ്സ്നാനവും കഴിഞ്ഞാൽപിന്നെ വേണ്ടതു് 'പ്രാർത്ഥന'യാകുന്നു. പ്രാർത്ഥനാശബ്ദത്തിനു ഞാൻ കേവലം 'ഈശ്വരവിചാരം' എന്നല്ലാതെ, ഏതെങ്കിലും വിശ്വാസത്തിന്റെയോ, മതത്തിന്റെയോ യാതൊരു ഛായയും കൊടുത്തിട്ടില്ല. ബുദ്ധിയുള്ളവരാരും ആലോ

ചനാശക്തിയുള്ളവരാരും, നിത്യസംഭവങ്ങളുടെ ഗുരുലഘുത്വങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവരാരും നിരീശ്വരവാദികളായിരിക്കാൻ വഴിയില്ലെന്നാണ് എന്റെ വിനീതമായ വിശ്വാസം. ഈ കാണുന്ന ദൃശ്യപ്രപഞ്ചം മുഴുവനും, മനസ്സുകൊണ്ടു സങ്കല്പിക്കാൻ കഴിയുന്ന അദൃശ്യപ്രപഞ്ചവും, അതിനെക്കുറിച്ചൊക്കെ സ്പർശിക്കയും വിമർശിക്കയും ചെയ്യുന്ന ഞാനും, എന്റെ അഗമ്യവും അഗാധവുമായ മനസ്സും എല്ലാം കേവലം യാദൃച്ഛികസംഭവങ്ങളാണെന്നും, കേൾപ്പോരും കേൾവിയുമില്ലാത്ത—ഇന്നത്തെ രാജ്യഭരണത്തെപ്പോലെ—എന്തോ ഒന്നാണെന്നും എങ്ങിനെ വിചാരിക്കാം? സകലനിയന്താവായി, പ്രപഞ്ചാധിപനായി ഒരു "വ്യവസ്ഥാപിതഭരണാധികാരി" ഈ പ്രപഞ്ചത്തിനുണ്ടെന്നു വിശ്വസിക്കുന്നതാണു നിരീശ്വരമതക്കാരനുപോലും നിതരാം സമാധാനപ്രദമായിരിക്കുന്നതു്. ആ സർവ്വേശ്വരന്റെ പ്രവൃത്തികൾ സഫലങ്ങളാകുവാനും, വ്യതിയാനങ്ങളും അപഥസഞ്ചാരങ്ങളും വന്നുചേരാതിരിക്കാനും പ്രാർത്ഥിക്കുക എന്നു മാത്രമേ പ്രാർത്ഥനാശബ്ദംകൊണ്ടിവിടെ നിർദ്ദേശിച്ചിട്ടുള്ളു. ഓരോരുത്തർക്കും, അവരുടെ അറിവിന്റെയും വാസനാദികളുടെയും അവസ്ഥപോലെ, സഗുണമായോ നിർഗ്ഗുണമായോ, ദ്വൈതമായോ, വിശിഷ്ടബ്രഹ്മമായോ സ്മരിക്കയും സ്തുതിക്കയും ആരാധിക്കയും നമസ്കരിക്കയും ഒക്കെ ആകാവുന്നതാണു്. അതിൽ ഏതെങ്കിലും ഒന്നു ചെയ്യേ കഴിയൂ എന്നും, അതു ജീവിതയാത്രയിൽ എന്നും ഒരു ദീപയഷ്ടിയായി മുൻനടക്കുന്നതു് അനുഭവപ്പെട്ടുകൊള്ളുമെന്നും ഉറപ്പിക്കുന്നതിന്നിവിടെ മടിക്കുന്നില്ല. വിദ്യാർത്ഥികൾ നിശ്ചയമായും ഈശ്വരോന്മുഖമായ ഒരു ശ്രദ്ധയെ സമ്പാദിക്കേണ്ടതും, അചിരേണ അതിനെ അതിന്റെ സമ്പൂർണ്ണതയിൽ എത്തിക്കുവാൻ പരിശ്രമിക്കേണ്ടതുമാകുന്നു. ആ ശ്രമത്തിന്റെ വിജയം അനുസരിച്ചിരിക്കും അവരുടെ ജീവിതവിജയം എന്നുകൂടി ഉറപ്പിച്ചു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

പ്രയത്നവും പ്രസാദവുമാകുന്ന നാലാമത്തെയും അഞ്ചാമത്തെയും 'പ്ര'കാരങ്ങൾ. പ്രസാദം എന്നുവെച്ചാൽ, ക്ഷേത്രങ്ങളിൽ നിന്നു കിട്ടുന്ന പുഷ്പം ചന്ദനം മുതലായ പ്രസാദമല്ല ഇവിടെ നിർദ്ദിഷ്ടമായിട്ടുള്ളതു്. പ്രസാദാത്മകത്വം, മനസ്സിന്റെ നൈർമ്മല്യം, ഉന്മേഷം, സന്തോഷം, സംതൃപ്തി മുതലായ ഗുണങ്ങളെയാണു ഞാൻ 'പ്രസാദം' (മനഃപ്രസാദം) എന്ന സംജ്ഞകൊണ്ടു സൂചിപ്പിക്കുന്നതു്. മനസ്സ് ഒരിക്കലും വിഷാദാത്മകമായിരിക്കരുതു്,. എപ്പോഴും ശുഭപ്രതീക്ഷയോടുകൂടിയതായിരിക്കണം. അല്ലാതെ Pessimistic ആയിരിക്കരുതു്. ഈ മനോഭാവത്തെയാണു ഞാൻ പ്രസാദം എന്ന വാക്കുകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതു്. ഈ മന:പ്രസാദം എങ്ങിനെ സമ്പാദിക്കാം എന്നു ആലോചിക്കുമ്പോൾ, മനസ്സിന്റെ നിർമ്മലത, വിചാരങ്ങളുടെ ശുദ്ധി, വാക്കുകളുടെ ഭവ്യത, പ്രവൃത്തികളുടെ സൌഹാർദ്ദം ഇവകളെക്കൊണ്ടല്ലാതെ സാധിക്കുന്നതല്ലെന്നു തെളിയുന്നതാണു്. അഥവാ മേൽപറഞ്ഞവയെല്ലാം മന:പ്രസാദത്തിന്റെ ഫലങ്ങളാകുന്നു. ആ മന:പ്രസാദം, ഈശ്വരവിശ്വാസം ഒന്നുകൊണ്ടല്ലാതെ ഉണ്ടാകാവുന്നതല്ല. "മയി സർവ്വമിദം പ്രോതം സൂത്രേമണിഗണാ ഇവ" എന്ന ഭഗവദ്വചനത്തിൽ അധിഷ്ഠിതമായ മനസ്സിന്നു മാത്രമേ ശാന്തിയും സമാധാനവും പ്രസാദാത്മകത്വവും സ്ഥിരമാക്കുവാൻ സാധിക്കുകയുള്ളു. മന:പ്രസാദമില്ലാത്ത ജീവിതം ദുസ്സഹവും, പ്രവൃത്തികൾ പീഡാനുഭവങ്ങ

ളുമായിരിക്കും. അതുകൊണ്ടു, ജീവിതായോധനത്തിനുള്ള സന്നദ്ധതയുടെ പരിശീലനരംഗമായ വിദ്യാർത്ഥിജീവിതത്തിൽ ഏതു വിദ്യാർത്ഥിയും പ്രസാദം എന്ന പ്രധാന ഗുണം സമ്പാദിക്കുവാൻ ശ്രമിക്കേണ്ടതാകുന്നു.

'പ്രയത്നം' എന്നതാണ് എന്റെ പഞ്ചപ്രകാരങ്ങളിൽ ഒടുവിലേത്തതു്. പ്രയത്നവിമുഖത ഒരിക്കലും അനുവദനീയമല്ല. അവരവരുടെ മുറകളെ, ചുമതലകളെ, കൃത്യങ്ങളെ അതിശ്രദ്ധയോടും, അത്യന്തം ആത്മാർത്ഥതയോടുംകൂടി ചെയ്യണം. "സുഖിക്കു വിദ്യയില്ല" എന്നാണു പറയപ്പെടുന്നതു്. ഇന്നത്തെ വിദ്യാർത്ഥികൾ അധികവും സുഖലോലുപരും ആഡംബരപ്രിയരും അലസരും അസംപ്രേക്ഷ്യകാരികളുമായിരിക്കുന്നു എന്നു വ്യസനിക്കാത്തവരില്ല. പഠിപ്പുകാലത്തു പഠിക്കുകതന്നെ വേണം. വിദ്യാർത്ഥിയുടെ സകലപ്രയത്നത്തിന്റേയും കേന്ദ്രീകരണം പഠിപ്പിലായിരിക്കണം. പ്രവൃത്തി, കർമ്മം, ലോകചക്രത്തിന്റെ അച്ചുതണ്ടാണ്. "നഹികശ്ചിത്ക്ഷണമപി ജാതുതിഷ്ഠത്യകർമ്മകൃത്" എന്നാണു ഗീതാവാക്യം. പ്രവൃത്തിയിൽനിന്നു പേടിച്ചോടുന്നതല്ല, ധർമ്മബോധത്തോടും സ്വാർത്ഥരാഹിത്യത്തോടും ഈശ്വരനിലുള്ള ദൃഢവിശ്വാസത്തോടുംകൂടി പ്രവർത്തിക്കുകതന്നെയാണുവേണ്ടതു്. പ്രത്യേകിച്ചും വിദ്യാർത്ഥികൾ അചഞ്ചലവും, അക്ഷോഭ്യവും, ഭക്തിശ്രദ്ധകളാൽ ശുദ്ധവും ശക്തവുമായ ഹൃദയത്തോടുകൂടി പ്രയത്നിക്കണം. ആ പ്രയത്നശീലവും പ്രവൃത്തിശ്രദ്ധയും ആണു, മേലാൽ അവരുടെ സർവ്വൈശ്വര്യങ്ങൾക്കും നിദാനമാകുവാൻ പോകുന്നതു്."

[Ambadi Karthyayani Amma—Presentation Volume]

# FREDERIC OZANAM

അഥവാ

# ഒരു മാതൃകായുവാവ്

ഭാഷാസാഹിത്യലോകത്തിൽ പണ്ടേ തന്നെ പ്രതിഷ്ഠനേടിക്കഴിഞ്ഞ പണ്ഡിതനായ റവ. ഫാദർ സി. കെ. മററം അവർകൾ എഴുതിയിട്ടുള്ള ഒരു പ്രശസ്തമായ ജീവചരിത്രഗ്രന്ഥത്തിൻെറ രണ്ടാം പതിപ്പാണിതു്. മലയാളത്തിൽ, നിരൂപണശാഖ ശൈശവാവസ്ഥയിൽ സ്ഥിതിചെയ്തിരുന്ന കാലത്തു, 'നിരൂപണസാഹിത്യം' എന്ന പേരിൽ പ്രയോജനപ്രദമായ ഒരു ഗ്രന്ഥം രചിച്ചു ചില നൂതനാശയങ്ങളെ ആവിഷ്കരിച്ചതോടേ ഫാദർമററം (അന്നു മററത്തിൽ കുര്യൻ കത്തനാർ എന്നുപേരിലാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്) വിദ്വൽ പ്രശംസയ്ക്കു പാത്രീഭവിച്ചു. അതിനെത്തുടന്നു അനേകം ലേഖനങ്ങളും ചില ഗ്രന്ഥങ്ങളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ഒരേ പ്രവൃത്തിയിലുള്ള പ്രയത്നത്തിൻെറ നൈരന്തര്യം, ആ പ്രവൃത്തിക്കു ആധാരമായ വിഷയത്തിലുള്ള വാസനാവിശേഷത്തെയാണു സൂചിപ്പിക്കുന്നതെങ്കിൽ ഫാദർ മററത്തിൻെറ ഭാഷാഭിമാനത്തിനും തൽപ്രേരകമായ വാസനാതിരേകത്തിനും വേറെ തെളിവു് ആവശ്യമില്ല. ഇപ്പോഴും ഈ ഗ്രന്ഥകാരൻെറ അനസ്യൂതമായ ശ്രദ്ധ സാഹിത്യത്തിൽ അടിയുറച്ചുതന്നെ നില്ക്കുന്നു എന്നുള്ളതു് ഇയ്യിടെ പ്രസിദ്ധീകരിച്ചിട്ടുള്ള 'പൂവും കായും' എന്ന സമാഹാരഗ്രന്ഥങ്ങൾ വിളിച്ചു പറയുന്നു.

'മാതൃകായുവാവി'ൻെറ ഒന്നാംപതിപ്പു മുപ്പതുകൊല്ലം മുമ്പാണു പ്രസിദ്ധം ചെയ്തതു്. ഇപ്പോൾ ഭാഷാരീതിയിലും വിഷയപ്രതിപാദനത്തിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു. വളന്നുകൊണ്ടിരിക്കുന്ന ഒരു ഭാഷയിൽ ഇത്തരം മാററങ്ങൾ അപരിത്യാജ്യമാണുതാനും.

പത്തൊൻപതാം ശതവഷത്തിൻെറ മധ്യഘട്ടത്തിൽ, ഫ്രാൻസിൽ—പാരീസിൽ—പ്രചരിച്ച പാഷണ്ഡമതത്തെ അടിച്ചുടയ്ക്കുന്നതിനുവേണ്ടി 'സെയിൻറ് വിൻസൻറ് ഡിപോൾ' എന്ന സംഘം സ്ഥാപിച്ചു ധീരധീരം പോരാടിയ ഒരു പണ്ഡിതശ്രേഷ്ഠനും പ്രഭാഷകകേസരിയുമാണു ഫ്രെഡറിക്ക്. അദ്ദേഹത്തിൻെറ വിശ്രുതമായ ചരിത്രം വായനക്കാക്കു രസകരമായ വിധത്തിൽ പകരുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. ആണ്ടുമാസംതീയതി വെച്ചുകൊണ്ടാരംഭിക്കുന്ന ശുഷ്കപ്രായമായ ജീവചരിത്രഗ്രന്ഥങ്ങളെയല്ല, ഇംഗ്ലീഷ്സാഹിത്യത്തിലുള്ള ഉത്തമചരിത്രനിബന്ധങ്ങളെ അനുകരിച്ചാണു 'മാതൃകായുവാവ്' രചിച്ചിരിക്കുന്നതെന്നു അവതാരികയിൽ സുപ്രസിദ്ധപണ്ഡിതനായ ശ്രീ. ഐ. സി. ചാക്കോ സൂചിപ്പിച്ചിരിക്കുന്നതു് പ്രായേണ, അന്വത്ഥമാണു്.

കൌതുകകരമായ ഒരു കഥാഗ്രന്ഥം എന്നപോലെ സന്തോഷത്തോടുകൂടി വായിച്ചു രസിക്കാനും, മതസംബന്ധമായും മററുമുള്ള അനവധി ഗ്രാഹ്യാംശങ്ങൾ ഉൾക്കൊ

ഗ്രന്ഥകത്താ—റവ: ഫാദർ സി. കെ. മററം, ഐ. എസ്. പ്രസ്സ്, എറണാകുളം.
പേജ് 176. വില രൂപാ ഒന്നര.

ള്ളാനും, ധീരന്മാർ ആസൂത്രണം ചെയ്യുന്ന പ്രവൃത്തിപരിപാടികളുടെ വൈശിഷ്ട്യം അറിഞ്ഞു പഠിക്കുവാനും ഈ ജീവചരിത്രം നമ്മെ സഹായിക്കുന്നു. ഉജ്ജ്വലവും ഉചിതപദനിബദ്ധവുമായ ഒരു ഗദ്യശൈലിയുടെ ഉടമസ്ഥനാണു ഗ്രന്ഥകാരൻ. ഉൽപതിഷ്ണുക്കളായ യുവജനങ്ങളുടെ ഇടയിൽ ഈശ്വരവിശ്വാസം കുറഞ്ഞുവരുന്ന ഇക്കാലത്തു് എതാദൃശ ഗ്രന്ഥങ്ങൾ ഉണ്ടായേതീരു എന്നു് ഈ പതിപ്പിന്റെ അവതാരികാകർത്താവും, മററു മതപണ്ഡിതന്മാരും ഉപക്രമത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു ശ്രദ്ധേയമാണു്. ചരിത്രഗാത്രത്തിൽ ഇടയ്ക്കിടയ്ക്കു സന്ദർഭോചിതങ്ങളായ സൂക്തിരത്നങ്ങൾ പതിച്ചു് ആകർഷകമാക്കുവാൻ ഗ്രന്ഥകർത്താവു ചെയ്തിട്ടുള്ള പരിശ്രമവും ശ്ലാഘ്യമായിട്ടുണ്ടു്. ആകെപ്പാടെ, ഈ ജീവചരിത്രം, നമ്മുടെ ഗദ്യശാഖയ്ക്കും ക്രിസ്തുമതത്തിനും ഒരു നേട്ടമാണെന്നു പറയാം.

---

## അംഗഗ്രന്ഥശാലകൾ

(തുടർച്ച)

1336—ശ്രീരാമവിലാസം തച്ചർകരയോഗവായനശാല, ഉദയമാർത്താണ്ഡപുരം, കൊല്ലം.
1337—യുവജനസമാജം ഗ്രന്ഥശാല & വായനശാല, കോതമംഗലം.
1338—യുവജനസമാജം വായനശാല, കടമ്പനാട്ടു് വടക്കു്, കടമ്പനാട്ടു്.
1339—പ്രമാടം പബ്ളിക്കു് ലൈബ്രറി, പ്രമാടം, പത്തനംതിട്ട.
1340—വള്ളത്തോൾ വായനശാല, വള്ളിക്കോട്ടു്, വാഴമുട്ടം, പത്തനംതിട്ട.
1341—പ്രകാശ് ലൈബ്രറി & റീഡിംഗ്റൂം, വെഞ്ഞാറമൂട്ടു്.
1342—ജയഭാരത് ഗ്രന്ഥശാല, സെൻറ്ഡൊമനിക്, വെട്ടുകാട്ടു്, ചിററാററുമുക്കു്.
1343—ശ്രീകൃഷ്ണവിലാസം വായനശാല, വെള്ളല്ലൂർ, കിളിമാന്നൂർ.
1344—ഫ്രൻസ് യൂണിയൻ വായനശാല, കണ്ണമാലി, (C. K. താലൂക്കു്.)
1345—V. L. & R. R., ചെറുവത്തേരി, ചെവ്വൂർ P. O.
1346—പ്രകാശ് വായനശാല, ചെറിയേല, മുഖത്തല.
1347—യുവജനസമാജം വായനശാല, ആളൂർ P. O.
1348—നേതാജി ഗ്രന്ഥശാല & റീഡിംഗ്റൂം, കോയിവിള വടക്കു്, തേവലക്കര.
1349—ഇരവിനല്ലൂർ പബ്ളിക്കു് ലൈബ്രറി, ഇരവിനല്ലൂർ, പുതുപ്പള്ളി,
1350—യൂണിയൻ ക്ലബ്ബ് ലൈബ്രറി & റീഡിംഗ്റൂം, പുത്തൻചന്ത, വാകത്താനം P. O.
1351—ഗ്രാമീണവായനശാല, പൈങ്കുളം (തലപ്പള്ളി.)
1352—യുവജനസമാജം & ഗ്രാമീണ വായനശാല, തെക്കുംഭാഗം, ചൊവ്വര.
1353—മഹാത്മാ വായനശാല, വാത്തുരുത്തി, വില്ലിംഗ്ടൻ ഐലൻറ് P. O.
1354—വിവേകാനന്ദവായനശാല, പൂണിത്തുറ, തൃപ്പൂണിത്തുറ.
1355—യുവഭൂഷണം വായനശാല, ഷണ്മുഖപുരം, പച്ചിളം.
1356—സർക്കാർ ഗ്രാമീണവായനശാല, കോതാട്ടു്, തെക്കൻ ചിററൂർ.
1357—വിജ്ഞാനപോഷിണി ഗ്രന്ഥശാല, നീരാവിൽ, പെരിനാട്ടു്.
1358—ദേശസേവിനിവായനശാല, കടവട്ടൂർ, പൂയപ്പള്ളി.
1359—സംസ്കാരവർദ്ധിനി ഗ്രന്ഥശാല & വായനശാല, കുറുപുഴ, പച്ച.
1360—യുവജനസമാജം വായനശാല, പൂവണത്തുംമൂട്ടു്, വാമനപുരം
1361—കലാപോഷിണി ഗ്രന്ഥശാല, ആനകുന്നം, മടവൂർ.
1362—നാരായണമെമ്മോറിയൽ ഗ്രാമസേവാസംഘം ഗ്രന്ഥശാല, പുരവൂർ, പാറശ്ശാല.
1363—കണ്ടലപബ്ളിക്കു് ലൈബ്രറി, കണ്ടല, ഊരൂട്ടമ്പലം.
1364—പീപ്പിൾസ് ലൈബ്രറി, നെയ്യാററിൻകര.

(തുടരും)

# ഗ്രന്ഥശാലാവാർത്തകൾ

### ഗോദവർമ്മവിലാസം ഗ്രന്ഥശാല, കിളിമാനൂർ.

23-3-1109-ൽ ഡാക്ടർ കെ. ഗോദവർമ്മ. M. A. Ph. D. (London) യുടെ നാമധേയ സ്മാരകമായി ആരംഭിച്ചു. ഇപ്പോൾ പ്രസ്തുത ഗ്രന്ഥശാലയിൽ 2585 പുസ്തകങ്ങളും 212 അംഗങ്ങളും ഉണ്ടു്. 1111 മുതൽ ഗവർമെൻറു ഗ്രാൻറു കിട്ടിവരുന്നു



മാനേജിംഗ് സെക്രട്ടറി മി. എൻ. കെ. മാധവൻെറ പരിശ്രമഫലമായിട്ടാണു ഇന്നു പ്രസ്തുതഗ്രന്ഥശാല ഈ നിലയിലെത്തിയിട്ടുള്ളതു്. തുടങ്ങിയ അന്നു മുതൽ മാനേജിംഗ് സെക്രട്ടറിയുടെ വക ഒരു ഇരുനിലക്കെട്ടിടമാണു ഗ്രന്ഥശാലയ്ക്കു വേണ്ടി സൌജന്യമായി ഉപയോഗിച്ചുവരുന്നതു്. കിളിമാനൂർ നിവാസികളുടെ സാംസ്കാരികമായും, കലാപരമായും മററുമുള്ള അഭിവൃദ്ധിയ്ക്കു് പ്രസ്തുതഗ്രന്ഥശാല ശരിയായ പങ്കുവഹിച്ചുവരുന്നു.

### നേതാജി ഗ്രന്ഥശാല, തേവലക്കര

ഈ വായനശാലയുടെ 2-ാമതു വാർഷികം 27-4-52-ൽ ശ്രീ ജി. കുട്ടൻപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. ഗോപിനാഥപിള്ള ബി. എ, രാമകൃഷ്ണക്കുറുപ്പു്, പി. നാണുവൈദ്യൻ, ആർട്ടിസ്റ്റ് എൻ ഗോവിന്ദപ്പിള്ള എന്നിവർ പ്രസംഗിച്ചു. തുടന്നു് ശ്രീ. മാമ്പുഴ കുട്ടൻപിള്ള പ്രസിഡൻറായും, രാമകൃഷ്ണക്കുറുപ്പു് വൈസ് പ്രസിഡൻറായും നാണുവൈദ്യൻ സെക്രട്ടറിയായും, കൃഷ്ണപിള്ള ജോയിൻറു സെക്രട്ടറിയായും, ഗോപിനാഥക്കുറുപ്പു് ഖജാൻജിയായും 24 പേരടങ്ങിയ ഒരു കമ്മററിയെ ഭരണസമിതിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

### ഭാരതീ നൂൽനിലയം, പുതുക്കട

ഈ വായനശാലയുടെ ഒരു പൊതുയോഗം മേയ് 8-ാനു: ശ്രീ. എസ്. തുളസീദാസ് പണിക്കർ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. സംഘത്തിൻെറ മുൻപ്രസിഡൻറായിരുന്ന ശ്രീ. മീനാക്ഷിനാഥപിള്ളയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കി. തുടന്നു ശ്രീ. എസ്. തുളസീദാസ്പണിക്കർ പ്രസിഡൻറായും, സോമസുന്ദരംപിള്ള വൈസ് പ്രസിഡൻറായും ശ്രീ. എൻ. മുത്തയ്യ സെക്രട്ടറിയായും, ററി. നാരായണപിള്ള ഖജാൻജിയായും ഒരു ഭരണസമിതിയെ തിരഞ്ഞെടുത്തു.

### ജയഭാരത് ഗ്രന്ഥശാല, മാത്ര.

ഈ ഗ്രന്ഥശാലയുടെ ഒരു ജനറൽ ബോഡിയോഗം മേയ് 11-ാനു ശ്രീ. പി.

എസ്. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. റ്റി. കെ. രാമകൃഷ്ണപിള്ള B. Sc. പ്രസിഡൻറായും, എൻ. രാമകൃഷ്ണപിള്ള സെക്രട്ടറിയായും, വി. ഗോപാലപിള്ള ജോയിൻറ് സെക്രട്ടറിയായും, വി. പൊന്നപ്പൻപിള്ള ഖജാൻജിയായും ഒൻപതു പേരടങ്ങിയ ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

### തൃപ്പൂലിയൂർ ജ്ഞാനപ്രദായനി ഗ്രന്ഥശാല

ഈ വായനശാലയുടെ വാഷികയോഗം 5–5–52–ൽ ശ്രീ. സി. എൻ. ശങ്കുണ്ണി മൂസ്സത് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. അസൗകര്യംനിമിത്തം രാജിവച്ച കമ്മററിഅംഗങ്ങൾക്ക പകരം ആളെ എടുത്തു് 13പേരടങ്ങിയ ഒരു പുതിയ ഭരണസമിതിയെ രൂപീകരിച്ചു.

### ശ്രീനാരായണക്ലബ് & ലൈബ്രറി

ഈ വായനശാലയുടെ 3–ാമതു വാർഷികം മീനം 26–ാം നു- ശ്രീ. സി. കെ. പിള്ള Adoocate – ൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടി.

### വാണീകളേബര റീഡിംഗ്റൂം, ചെങ്ങമനാട്

ഈ ഗ്രന്ഥശാലയുടെ 27–ാമത്തെയും അതിൻെറ ഘടകമായ യുവജനസാഹിത്യസമാജത്തിൻെറ ഒന്നാമത്തെയും വാർഷികയോഗം മേയ് 2–ാംനു- ശ്രീ. ജി. ശങ്കരക്കുറുപ്പിൻെറ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. വൈലോപ്പിള്ളി ശ്രീധരമേനോൻ, ശ്രീ. പി. കുഞ്ഞുകൃഷ്ണമേനോൻ, M. A· റ്റി. സി. രാജൻ B. com. L. L. B· എന്നിവർ പ്രസംഗിക്കുകയും ശ്രീ. ആലുവാ വേലായുധൻ ഒരു കവിതാപാരായണം നടത്തുകയുംചെയ്തു. അന്നു രാത്രി സമാജാംഗങ്ങൾചേന്നു് "ഭഗ്നഹൃദയം" എന്ന നാടകം അഭിനയിക്കുകയുണ്ടായി.

### സക്കാർ വായനശാല, മണലിത്തറ

പ്രസ്തുതഗ്രന്ഥശാലയുടെ 10–ാമതു വാർഷികസമ്മേളനം ബഹു: മന്ത്രി കെ. കൊച്ചുകുട്ടൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. സമ്മേളനത്തിൽവച്ചു് കെട്ടിടനിർമ്മാണനിധി ഉൽഘാടനം ചെയ്കയും പലരും അപ്പോൾതന്നെ ഉദാരമായ സംഭാവനകൾ ചെയ്യുകയുംചെയ്തു.

### തിലക് ക്ലബ് & ഫ്രീ റീഡിംഗ്റൂം തൃക്കണാർവട്ടം

പ്രസ്തുത വായനശാലയുടെ 5–ാമതു വാർഷികസമ്മേളനം ഏപ്രിൽ 19–ാംനു- ശ്രീ. ജി. ശങ്കരക്കുറുപ്പിൻെറ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. കെ. എ. സുകുമാരൻ ടാററാപുരം, സമ്മേളനം ഉൽഘാടനം ചെയ്തു. ശ്രീ. അരവിന്ദാക്ഷൻ B· A·, L· L. B, സി. ഉണ്ണിരാജാ, കെ. ആർ. ചുമ്മാർ എന്നിവർ പ്രസംഗിച്ചു. രാത്രി ശ്രീ. കെ. എം. നടേശൻെറ ഒരു കഥാപ്രസംഗവുമുണ്ടായിരുന്നു.

### ഗ്രാമീണവായനശാല പൂവരണി

ഈ ലൈബ്രറിയുടെ തൃതീയ വാർഷികസമ്മേളനം മേയ് 18–ാംനു- റവ: സി റ്റി. കൊട്ടാരം B. A. B. T· Ph. D. M. R· S. T. യുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ· കെ. എം. ചാണ്ടി M. A., M. L· A., കെ. ജെ. Jocob B. A. B. com, എന്നിവർ പ്രസംഗിച്ചു.

### ദേശസേവിനിവായനശാല, മരണി

വായനശാലയുടെ ഒരുയോഗം മേയ്

18-ാംനു- അഡ്വക്കേററ് ശ്രീ. വി. ജി. ശങ്കരനാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഗ്രാൻറ വർദ്ധിപ്പിക്കുന്നതിന്നു് ഒരു പ്രമേയവും പാസ്സാക്കി അയച്ചു.

## 1952 ജൂണിൽ ഉൽഘാടനം ചെയ്ത ഗ്രന്ഥശാലാ മന്ദിരങ്ങൾ

1. സുജനപ്രിയാഗ്രന്ഥശാല, വാക്കനാട്ട്.

2. സത്യവാൻ സ്മാരകവായനശാല, തുവയൂർ, കടമ്പനാട്ട്.

3. മഹാത്മാഗാന്ധി സ്മാരക വായനശാല, പേടികുളം, പുളിമാത്തു്.

4. കവിമണിനിലയം, തേരൂർ, ശുചീന്ദ്രം.

## ഉദാരമായ സംഭാവന

### 1. നേതാജി ലൈബ്രറി & റീഡിംഗ്റൂം, കിടങ്ങൂർ

ഈ വായനശാലയ്ക്കു് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിനാവശ്യമായ ഒന്നരസെൻറ് സ്ഥലം റോഡരികിലായി സ്വരാജ് മോട്ടോഴ്സിലെ ഒരുദ്യോഗസ്ഥനും വായനശാലയുടെ ഒരു മെമ്പറുമായ ശ്രീ. ചെമ്പകശ്ശേരി മാധവൻനായർ സംഭാവന ചെയ്തിരിക്കുന്നു.

### 2. തൃപ്പെരുന്തുറ കലാപോഷിണി വായനശാലക്കു്

ആയിക്കാട്ടു് ശക്തി കൊച്ചുശക്തി കൈമ്മൾ അഞ്ചുസെൻറ് സ്ഥലം സംഭാവനചെയ്തിട്ടുണ്ടു്.

### 3. വിദ്യോദയം ഗ്രന്ഥശാല, ആലപ്പുഴ

നാന്നൂറിൽപ്പരം രൂപാ ചിലവുചെയ്തു് പണിതുതീർത്ത ഒരു കെട്ടിടവും, അലമാര, കസേര മുതലായ ഉപകരണങ്ങളും തെക്കനാര്യാട്ടു് ശ്രീനാരായണഗുരുസ്മാരക യുവജനസംഘത്തിൽനിന്നു് ഈ ഗ്രന്ഥശാലക്കു് സംഭാവന ചെയ്തിരിക്കുന്നു. കൂടാതെ പ്രതിവർഷം നാല്പതുരൂപാ ഗ്രാൻറ് നൾകാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

### 4. വെളിയന്തൂർ ദേശാഭിമാനി വായനശാലക്കു്

(പനമററം) പനമനമററം പാല വടക്കത്തു് കൃഷ്ണനായർ രാമൻനായർ പത്തു സെൻറ് സ്ഥലം ദാനമായി കൊടുത്തിരിക്കുന്നു.

### 5. കരുപുഴ സംസ്കാരവർദ്ധിനി വായനശാലക്കു്

13-7-52ൽ ജനറൽ സെക്രട്ടറി ശ്രീ: പി. എൻ. പണിക്കരുടെ അപേക്ഷയനുസരിച്ചു് ശ്രീ: കെ. നീലകണ്ഠൻവൈദ്യൻ രണ്ടു സെൻറ് സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

### 6. ചവറ കോട്ടയ്ക്കകം മഹാത്മാ ഗാന്ധിസ്മാരകഗ്രന്ഥശാലയ്ക്കു്

പ്ലാവേലിൽ ശ്രീ. ശങ്കുപ്പിള്ള നാലായിരത്തി അഞ്ഞൂറുരൂപാ ചെലവു ചെയ്തു് ഒരു കെട്ടിടം പണിയിച്ചു് സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു. ആ കെട്ടിടത്തിൻെറ ഉൽഘാടനം 11-5-52ൽ ശ്രീ. കമ്പളത്തു ശങ്കുപ്പിള്ള നിർവഹിച്ചു. വടശ്ശേരിമഠത്തിൽ ശ്രീ. കേശവൻ നമ്പ്യാതിരി വായനശാലക്കു് ഏഴുസെൻറ സ്ഥലം സംഭാവനചെയ്തിട്ടുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## 7, മുതല—മടവൂർ (പള്ളിക്കൽ) ഗ്രാമോദ്ധാരണ വായനശാലയ്ക്കു്

ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരുടെ സന്ദർശനാവസരത്തിൽ, പള്ളിക്കൽ കേശവപുരത്തുവീട്ടിൽ ആർ. കേശവപിള്ള രണ്ടു സെൻറു സ്ഥലം സംഭാവന ചെയ്യാമെന്നു് വാഗ്ദാനം ചെയ്തു. ടിസ്ഥലത്തു് പ്രസ്തുത വായനശാലാപ്രസിഡൻറു് ശ്രീ. വി. മാധവനുണ്ണിത്താൻ 128 വൃശ്ചികത്തിനുമുമ്പു് ഒരു കെട്ടിടം പണിയിച്ചു കൊടുക്കാമെന്നു് സമ്മതിച്ചിരിക്കുന്നു.

## 8. ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല, പോനാകം, മാവേലിക്കര

കാളേമ്പിൽ വടക്കേതിൽ ശ്രീ. കൃഷ്ണപിള്ള 2 സെൻറു സ്ഥലവും ഒരു കെട്ടിടവും ദാനംചെയ്തു.

## 9. കൊക്കോതമംഗലം ദേശസേവിനി ഗ്രന്ഥശാല

ശ്രീ. എൻ. കൃഷ്ണൻകുട്ടി 2 സെൻറു സ്ഥലം സംഭാവന കൊടുത്തു.

## കുളത്തൂർ ശ്രീനാരായണ മെമ്മോറിയൽ ലൈബ്രറി

ശ്രീ. എസ്. പൽപ്പു, ആറാട്ടുവഴിവീട്ടു് കുളത്തൂർ 5 സെൻറു സ്ഥലം ടി വായനശാലക്കു് 30 കൊല്ലത്തിനുമുൻപു് ദാനമായി കൊടുത്തതാണു്. ടി ഗ്രന്ഥശാലാമന്ദിരം പുതുക്കികെട്ടുന്ന ഈ അവസരത്തിൽ ഇനിയും ആവശ്യമുള്ള സ്ഥലംകൂടി അതിനോടു ചേർത്തുകൊടുക്കാമെന്നു് ടി പൽപ്പുവിൻെറ ഉദാരമതികളായ അനന്തരാവകാശികളും സമ്മതിച്ചിട്ടുണ്ടു്.

ഈ ഗ്രന്ഥശാലയുടെ പ്രാരംഭപ്രവർത്തകൻ വെന്തവിളാകം നാരായണൻമുതലാളിയാണു്. 15,000 രൂപാ ബഡ്ജററുചെയ്തുകൊണ്ടു് ഒരു കെട്ടിടംകെട്ടുന്നതിനുള്ള പ്രാരംഭശ്രമങ്ങൾ നടത്തിവരുന്നു.

## വിജ്ഞാനപ്രദായിനി ഗ്രന്ഥശാല, കിഴക്കുംകര, കുളത്തൂർ

103 മേടമാസത്തിൽ ആരംഭിച്ച ഈ വായനശാലക്കു് ശ്രീ. എം. മാത്തേവൻ ഇട്ടക്കുംമൂട്ടു്, കിഴക്കുംകര എന്ന ആൾ 5 സെൻറു് സ്ഥലം ദാനമായി കൊടുത്തിട്ടുണ്ടു്.

## വാഴക്കുളം വായനശാല, മാറമ്പള്ളി

ഈ ലൈബ്രറിയുടെ ഒരു യോഗം മേയ് 18-ാനു- ശ്രീ. ഒ. എം. ഗോപിനാഥ് B. Sc. യുടെ അദ്ധ്യക്ഷതയിൽ കൂടി. ഗ്രാൻറ്കൂട്ടൽദിനമായി മേയ് 18-ാനു- ആചരിക്കുകയും, ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

## സഹൃദയവായനശാല, കലൂർ

പ്രസ്തുത വായനശാലയുടെ വാർഷികയോഗം ഏപ്രിൽ 27-ാനു- ശ്രീ. പി. ആർ. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. പി. ജാനകിയമ്മ B. A. B. L., വയലാർ രാമവർമ്മ, എൻ. എസ്. പി. പണിക്കർ എന്നിവർ പ്രസംഗിച്ചു.

## ആശാൻസ്മാരക വായനശാല, ഓച്ചന്തുരുത്തു്

ഈ വായനശാലയുടെ രജതജൂബിലി മേയ്, 3, 4 എന്നീ ദിവസങ്ങളിൽ ശ്രീ. ജി. ശങ്കരക്കുറുപ്പു ശ്രീ. മുണ്ടശ്ശേരി എന്നിവരുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. കെ. അയ്യപ്പൻ സമ്മേളനം ഉൽഘാടനം

ചെയ്യു. ശ്രീ. വി. ഭാസ്കരൻ, എൻ. എസ്. പി. പണിക്കർ സി. അച്യുതക്കുറുപ്പ്, ശ്രീമതി. പി. എസ്. അമ്മിണിഅമ്മ എന്നിവർ പ്രസംഗിച്ചു. രാത്രിയിൽ ജീവിതയാത്ര എന്ന നാടകവും ഉണ്ടായിരുന്നു.

## നീണ്ടകര ദേശോപകാരിണി വായനശാല

പ്രസ്തുത വായനശാലയുടെ ഒന്നാമത്തു വാർഷികയോഗം ശ്രീ. A. ഗ്രേഷ്യൻ ഫ്രണാന്റസിന്റെ അദ്ധ്യക്ഷതയിൽ 20-4-52-ൽ കൂടി. ശ്രീ. എസ്. നാഥൻ അരയൻ പ്രസിഡൻറായും, S. ശിവദാസൻ സെക്രട്ടറിയായും, ഗ്രേഷ്യൻ ഫ്രണാൻറസ് വൈസ്പ്രസിഡൻറായും ഒരു പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു.

## യുവജനവായനശാല & ഗ്രന്ഥശാല, തോട്ടയ്ക്കാട്ട്

ഈ ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ യോഗം മെയ് 18-ാനു- ശ്രീ. N. സുധാകരൻ B. Sc. യുടെ അദ്ധ്യക്ഷതയിൽകൂടി ശ്രീ. K. വിശ്വനാഥൻ B. A., ജി. ഗോപിനാഥൻനായർ, R. മാധവൻപിള്ള, K. വിദ്യാധരൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. K. വിശ്വനാഥൻ പ്രസിഡൻറായും, N. ഇന്ദ്രസേനൻ സെക്രട്ടറിയായും 9 പേരടങ്ങിയ ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## മഹാത്മാഗാന്ധി റീഡിംഗ്റൂം & ലൈബ്രറി

മെയ് 18-ാനു- ഒരു പൊതുയോഗം ശ്രീ. ടി. രാമൻമേനോൻ B. A. B. L. ന്റെ അദ്ധ്യക്ഷതയിൽകൂടി. വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ, ഐ. എൻ. കരുണാകരമേനോൻ, സെക്രട്ടറി എന്നിവരെ ബുക്ക്സെലക്ഷൻ കമ്മററിയിലേക്കു തിരഞ്ഞെടുത്തു.

## പുറമററം പബ്ളിക് ലൈബ്രറി

ഈ ലൈബ്രറിയുടെ വാർഷികസമ്മേളനം ഏപ്രിൽ 24-ാനു- ഒ. സി. നൈനാൻ M. L. A. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. വി. നാരായണൻ, ശ്രീ. വള്ളംകുളം കൊച്ചുകുഞ്ഞുപണിക്കർ എന്നിവർ പ്രസംഗിച്ചു. അന്നേദിവസം രാത്രിയിൽ K. S. കുട്ടപ്പൻഭാഗവതരുടെ പാട്ടുകച്ചേരിയും, തെന്നിൻഡ്യൻ നർത്തകിയായ കുമാരിസാരാഭായിയുടെ ഡാൻസും ഉണ്ടായിരുന്നു.

## രാജരാജേശ്വരിവായനശാല, വയലാ.

ഈ വായനശാലയുടെ 5-ാമത്തു വാർഷികയോഗം മേയ് 10-ാനു- ശ്രീ. M. S. കുമാരൻനായർ B. A. L. T., യുടെ അദ്ധ്യക്ഷതയിൽകൂടി. ഡാ: എസ്. എൻ. തീർത്ഥാ, K. N. നമ്പൂരി M. A., സാ: കെ. കേശവൻ എന്നിവർ പ്രസംഗിച്ചു. രാത്രിയിൽ ആറൂർ സിസ്റ്റേഴ്സിൻെറ കഥാപ്രസംഗവുമുണ്ടായിരുന്നു.

# സ്കൂൾകെട്ടിടങ്ങൾ

ഗ്രന്ഥശാലാപരമായ യോഗങ്ങൾക്കും മററും സ്കൂൾകെട്ടിടങ്ങൾ ഉപയോഗിക്കുന്നതുസംബന്ധിച്ച്, എഡ്യൂക്കേഷൻ ഡയറക്ടർ ഗ്രന്ഥശാലാസംഘത്തിലേക്കയച്ച ലററിനെ ആസ്പദമാക്കി, ഗ്രന്ഥശാലപ്രവർത്തകർ ശ്രദ്ധിക്കേണ്ട പ്രധാന ചില വിവരങ്ങൾ ചുവടേ ചേർക്കുന്നു.

1. സ്കൂൾകെട്ടിടത്തിന്റെ അനുവാദത്തിനുവേണ്ടിയുള്ള അപേക്ഷ കഴിയുന്നതും നേരത്തേ സ്കൂൾ അധികൃതർക്ക് അയക്കേണ്ടതാണ്.

2. ഇക്കാര്യത്തിനു സ്കൂൾ അധികൃതരെ സഹകരണമനോഭാവത്തോടും സന്മനസ്സോടും സമീപിക്കേണ്ടതാണ്.

3. അനുവദിച്ചിട്ടുള്ള ഈ സൌജന്യത്തേയും അവകാശത്തേയും ദുരുപയോഗപ്പെടുത്താൻ പാടില്ല—

## ഗ്രന്ഥശാലാപ്രവത്ത കരുടെ ശ്രദ്ധയ്ക്കു്

കഴിഞ്ഞ നാലുകൊല്ലമായി തിരു–കൊച്ചി സംസ്ഥാനത്തെ ലൈബ്രറിപ്രസ്ഥാനത്തിന്ന ഒരു ലക്ഷം രൂപാവീതമാണു് ബഡ്ജററിൽ ഉൾപ്പെട്ടത്തിയിട്ടുള്ളതു്. ഗ്രന്ഥശാലകളുടെ വദ്ധനവിനേയും അഭിവൃദ്ധിയേയും പരിഗണിച്ചു് അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപാ തീരെ അപര്യാപ്തമാണെന്നു് യഥാകാലങ്ങളിൽ ഗവർമ്മെൻറിൽ നിവേദനം നടത്തിയതിൻെറ ഫലമായി, ഗ്രന്ഥശാലാസംഘത്തിൻെറ പ്രവത്തനങ്ങളെ മനസ്സിലാക്കിയ ഗവർമ്മെൻറു് ബഡ്ജററിൽ ഉൾപ്പെട്ടത്തിയിട്ടുള്ള തുകയിൽക്കവിഞ്ഞു് ലൈബ്രറികൾക്കു ഗ്രാൻറു കൊടുക്കുവാൻ സന്മനസ്സു പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ ബഡ്ജററിൽ ഉൾപ്പെട്ടത്തിയിട്ടുള്ള തുക വിതരണം ചെയ്തതിനു ശേഷം കൂടുതൽ തുക കൊടുക്കുന്നതിന്ന പ്രത്യേകാനുവാദം ആവശ്യമായിത്തീരുകയും തന്മൂലം പല ലൈബ്രറികൾക്കും ഗ്രാൻറു കിട്ടാതാവുകയും ചെയ്തു.

കൂടുതൽ ആവശ്യമായി വന്നതുകയ്ക്കു് അനുവാദം വരുത്തുന്നതിന്നം മററം കാലതാമസംവേണ്ടി വരികയാണു ചെയ്തതു്.

ഗവർമ്മെൻറിപ്പോൾ കൂടുതൽ ആവശ്യമായി വന്നതുക അനുവദിച്ചിരിക്കയാണു്. 1951–52-ൽ ഗ്രാൻറിന്നു രസീതു പൂരിപ്പിച്ചു അയിച്ചിട്ടു് ഗ്രാൻറു ലഭിക്കാത്ത എല്ലാ വായനശാലകൾക്കും ഗ്രാൻറുലഭിക്കുന്നതാണു്. യാതൊരു കാരണവശാലും ഗ്രാൻറു ലഭിക്കാതിരിക്കയില്ല.

## ലൈബ്രറിഗ്രാൻറു്

1952–53 ലേക്കു് ഗ്രാൻറിനുള്ള അപേക്ഷകൾ ചില ലൈബ്രറിക്കാർ എഡ്യൂ: ഡയറക്ടരാഫീസിൽ അയച്ചുവരുന്നതായും അതു് തിരു–കൊച്ചി ഗ്രന്ഥശാലാസംഘത്തിലേക്കു് നേരിട്ടു് അയയ്ക്കുന്നതിന്ന ലൈബ്രറിക്കാക്കു് നിർദ്ദേശം കൊടുക്കണമെന്നു് എഡ്യൂ: ഡയറക്ടരാഫീസിൽനിന്നും അറിയിച്ചിരിക്കുന്നു എന്നും എല്ലാ ലൈബ്രറിപ്രസ്ഥാനക്കാരുടെയും ശ്രദ്ധയിൽപ്പെട്ടത്തിക്കൊള്ളുന്നു.

ഇതുവരെ ഗ്രാൻറിന്നു് അപേക്ഷിച്ചിട്ടില്ലാത്ത വായനശാലകൾ ആഗസ്റ്റു 31–നകം അപേക്ഷ അയച്ചിരിക്കേണ്ടതാണു്. ഗ്രാൻറിനപേക്ഷിക്കാത്ത വായനശാലകൾക്കു് ഗ്രാൻറനുവദിക്കുന്നതല്ല.

മുൻകൊല്ലം ഗ്രാൻറു കിട്ടിയ വായനശാലക്കാർ ഗ്രാൻറു തുകയുടെ 75 ശതമാനത്തിനെങ്കിലും പുതിയ പുസ്തകം വാങ്ങി ഡ്യൂപ്ലിക്കേററു ബില്ലു് ആഫീസിലേയ്ക്കു അയയ്ക്കേണ്ടതാണു്. ഗ്രാൻറു ലഭിച്ച വായനശാലക്കാർ പുതിയ പുസ്തകം വാങ്ങാത്തപക്ഷം അവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

### തിരു–കൊച്ചി ഗ്രന്ഥശാലാസംഘം

തിരു–കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതിയിലേയ്ക്കു് ശ്രീ. കെ. ഡബ്ളിയൂ. മുരളീധരമാരാർ ബി. എ. എൽ. എൽ. ബിയ്ക്കുപകരം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ നോമിനേററു ചെയ്യുകയും ആ സ്ഥാനം അദ്ദേഹം സ്വീകരിക്കയും ചെയ്തിരിക്കുന്നു.

കൂടാതെ ഭരണസമിതിയിൽ ഒഴിവു വന്ന സ്ഥാനങ്ങളിലേയ്ക്കു് റവ: ഫാദർ. സി. കെ. മററം, നൂർ മുഹമ്മദു് എം. എൽ. എ. എന്നിവരെക്കൂടെ നോമിനേററു ചെയ്തിരിക്കുന്നു.

# കെട്ടിടവും സ്ഥലവും സൌജന്യമായി ലഭിച്ചിട്ടുള്ള വായനശാലകളുടേയും സംഭാവന ചെയ്തവരുടേയും പേരു വിവരം

| സംഭാവനചെയ്ത ആളിന്റെ പേര് | ഏതു വായനശാലയ്ക്കു സംഭാവനചെയ്തുവെന്ന് | സംഭാവനയുടെ വിവരം |
|---|---|---|
| എൻ. കേശവപിള്ള, കൊന്നമൂട്ടിൽ | മഹാത്മജിസ്മാരകവായനശാല, അയിരൂപ്പാറ. | വായനശാലയുടെ ആവശ്യത്തിനു ഒരുകെട്ടിടം |
| എം. കേശവൻ നമ്പ്യാതിരി | ഗ്രാമോദ്ധാരണഗ്രന്ഥശാല, ക്ലാപ്പനം | 5 സെൻറ് സ്ഥലം |
| ഏ. പുണ്യൻ | പ്രബോധിനിഗ്രന്ഥശാല, പണ്ടാരത്തുരുത്ത്, ചെറിയഴീക്കൽ | 3 സെൻറ് സ്ഥലം |
| മേനാത്തേരിൽ കൃഷ്ണപ്പണിക്കർ | മഹാത്മജിസ്മാരക ഗ്രന്ഥശാല, കാപ്പിൽമേക്ക്. | 3 സെൻറ് സ്ഥലം |
| ഗോപാലപിള്ള, കൊപ്പാറ | ദേശബന്ധുഗ്രന്ഥശാല, ശക്തിചിറ. | 4 സെൻറ് സ്ഥലംതരാമെന്നു വാഗ്ദാനം. |
| പാപ്പാടി രാമകൃഷ്ണക്കുറുപ്പ് | സുബാഷ്ലൈബ്രറി, കടശനാട്ട്. | ഒരു കെട്ടിടം |
| കെ. എൻ. രാമക്കുറുപ്പ് | ടാഗോർ വായനശാല, പെരുമ്പുളിക്കൽ. | 2 സെൻറ് സ്ഥലം |
| തോമ്മസ് മാത്യു, താഴത്തില്ലം | പബ്ളിക്ക്ലൈബ്രറി, വടശ്ശേരിക്കര | കെട്ടിടംവയ്ക്കാൻ ആവശ്യമുള്ളസ്ഥലം തരാമെന്നു വാഗ്ദാനം. |
| റവ: ഫാദർ പി. സി. വർഗ്ഗീസ് | കെ. ജി. കെ. എം. ഗ്രന്ഥശാല, കടമ്മനിട്ട. | പുതിയ കെട്ടിടം നിർമ്മിച്ചുകൊടുക്കാമെന്ന് വാഗ്ദാനം |
| എം. കൊച്ചുണ്ണിപ്പണിക്കർ | ചെമ്മൺകാലായൂണിയൻലൈബ്രറി കഴിത്തുറ. | $1\frac{3}{4}$ സെൻറ് സ്ഥലംതരാമെന്നു വാഗ്ദാനം |
| പടനിലം സോമൻനായർ | ബ്രഹ്മവിദ്യാലയം ഗ്രന്ഥശാല, കലശേഖരം. | 5 സെൻറ് സ്ഥലം |
| ഏ. ചന്ദ്രശേഖരൻനായർ, തരിശംവീട് | നേതാജിസ്മാരക ഗ്രന്ഥശാല, തിരുനന്തിക്കര. | 2 ,, |
| സി. കെ. കൃഷ്ണൻനായർ മാവിള പടിഞ്ഞാററതിൽ | നേതാജിമെമ്മോറിയൽ ഗ്രന്ഥശാല, കരുമ്പകര. | 2 ,, |
| താഴത്തുവീട്ടിൽ ശങ്കരപ്പിള്ള | ഗ്രാമീണവായനശാല, പാച്ചല്ലൂർ. | $2\frac{1}{4}$ ,, |

| സംഭാവനചെയ്ത ആളിൻെറ പേര് | ഏതു വായനശാലയ്ക്കു സംഭാവനചെയ്തുവെന്ന്. | സംഭാവനയുടെ വിവരം |
|---|---|---|
| കെ. ജി. പരമേശ്വരൻനായർ | ദേശസേവിനി ഗ്രാമീണവായനശാല, പുളിയനം. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം. |
| എൻ. പത്മനാഭപിള്ള | സർവ്വീസ് ഗ്രൂപ്പ് വായനശാല, ശ്രീവരാഹം. | 2 സെൻറ് സ്ഥലം |
| കെ. നാരായണപിള്ള ശാസ്ത്രി | സരസ്വതീമന്ദിരം ഗ്രന്ഥശാല, പിരപ്പൻകോട്ട്. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം |
| മഠത്തിൽ പറമ്പിൽ മാധവൻപിള്ള | യുവജനസമാജം വായശാല, പൂർണ്ണിക്കര. | 2 സെൻറ് സ്ഥലം |
| എൻ. കൃഷ്ണപ്പണിക്കർ | സന്മാർഗ്ഗസന്ദായിനിഗ്രന്ഥശാല, തലവൂർ. | കെട്ടിടവും സ്ഥലവും തരാമെന്ന് വാഗ്ദാനം. |
| പുതുശ്ശേരി മഠത്തിൽ രാമനാഥയ്യർ | നേതാജിവായനശാല, കിടങ്ങൂർ. | കെട്ടിടം ചെയ്തുതരാമെന്ന് വാഗ്ദാനം. |
| കുട്ടമശ്ശേരി മനയ്ക്കൽ ദാമോദരൻ നമ്പൂതിരിപ്പാട് | യുവജനവായനശാല, കുട്ടമശ്ശേരി. | 5 സെൻറ് സ്ഥലം |
| കീഴോത്തു് ശങ്കരപ്പിള്ള | പൊതുജനമിത്രം വായനശാല, മണ്ണൂർ. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലംതരാമെന്ന് വാഗ്ദാനം. |
| ജി. കുഞ്ഞുപിള്ള | ഗ്രാമോദ്ധാരണവായനശാല, പനയം, പെരിനാട്ട്. | കെട്ടിടത്തിന് ആവശ്യമുള്ള സ്ഥലം തരാമെന്ന് വാഗ്ദാനം |
| കൊട്ടാരത്തിൽ കെ. പി. കൃഷ്ണൻനായർ | നേതാജിമെമ്മോറിയൽ ഗ്രന്ഥശാല, ചമ്പക്കര. | 7 സെൻറ് സ്ഥലം |
| കെ. എസ്സ്. പ്രകാശം | നേതാജിഗ്രന്ഥശാല, വയനകത്തു കാരാണ്മ. | 4 ,, |
| തെങ്ങുവിളാകത്തു കെ. നാണു | ദേശസേവിനിഗ്രന്ഥശാല, വടശ്ശേരിക്കോണം. | 2 ,, |
| ഡാക്ടർ ജി. എസ്സ്. പിള്ള | പബ്ളിക്കലൈബ്രറി & റീഡിംഗ് റൂം ആവണീശ്വരം. | 2 ,, |
| താഴത്തേതിൽ എസ്. പരമേശ്വരൻമുതലാളി | സംയോജനസ്മാരകഗ്രന്ഥശാല, കണ്ടച്ചിറ, പെരിനാട്ട്. | 3 ,, |
| കൊച്ചുതയ്യൻ, പ്ലാവിള പുത്തൻപീടിക. | പബ്ളിക്‌ലൈബ്രറി, തൃപ്പലഴികം. | സ്വന്തമായി 15 സെൻറ് സ്ഥലം മാത്രമുള്ള ഇദ്ദേഹം 1 സെൻറ് സ്ഥലം സംഭാവന ചെയ്തു |
| കുഞ്ഞുപ്പണിക്കർ, മട്ടുങ്കൽചിറ | വിജ്ഞാനപ്രദായിനി ഗ്രന്ഥശാല, പാന്തർ, തൃക്കുന്നപ്പുഴ. | 2 സെൻറ സ്ഥലം തരാമെന്ന് വാഗ്ദാനം. |
| ആർ. എൻ. കൃഷ്ണപിള്ള, പ്ലാക്കൽ | ടാഗ്ഗൂർ സ്മാരകഗ്രന്ഥശാല, കടയിനിക്കാട്ട്. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം. |

| സംഭാവന ചെയ്ത ആളിന്റെ പേര് | ഏതു വായനശാലയ്ക്കു സംഭാവനചെയ്തുവെന്നു്. | സംഭാവനയുടെ വിവരം. |
| --- | --- | --- |
| അമ്മണത്തു രാമൻനായർ | ജവഹർ വായനശാല, കുററിപ്പുഴ. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം. |
| ജൂലിയസ് എച്ച്. പെരേര | പബ്ളിക്ക ലൈബ്രറി, കഴക്കൂട്ടം. | 2 സെൻറ് സ്ഥലം തരാമെന്നു് വാഗ്ദാനം. |
| കുന്നാനിക്കൽ കെ. ചന്ദ്രശേഖരപിള്ള | കൈരളീഗ്രന്ഥാലയം, ചെറുവള്ളി. | 4 ,, (കെട്ടിടം പണിതുവരുന്നു) |
| ശങ്കരൻതമ്പി | എം. കെ. എം. ലൈബ്രറി വയക്കല്ലൂർ. | 2 സെൻറ് സ്ഥലം (കെട്ടിടം പണിതുവരുന്നു) |
| എം. യാക്കോബ്നാടാർ | മാന്തർ റിപ്പബ്ളിക്കൻ മെമ്മോറിയൽ ലൈബ്രറി കാരക്കോണം. | 2 ,, വാഗ്ദാനം. |
| എൻ. നാരായണൻനായർ, പാലവിളവീട് | പവിത്രേശ്വരം മഹാത്മജിസ്മാരക ഗ്രന്ഥശാല. | കെട്ടിടവും 1½ സെൻറ് സ്ഥലവും. |
| ജോഷ്വാനാടാർ | ജനതാഗ്രന്ഥശാല, മുതിയാവിള. | 2 സെൻറ് സ്ഥലം വാഗ്ദാനം. |
| എൻ. കൃഷ്ണപിള്ള, കണ്ടലവലിയവീട് | മഹാത്മാഗാന്ധിസ്മാരകഗ്രന്ഥശാല, പൂവച്ചൽ. | 2 ,, |
| എസ്സ്. എൻ. ഡി. പി യോഗം | കുടിക്കോട്ട ഗാന്ധിസ്മാരകവായനശാല. | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം |
| കെ. രാമൻ, ഇടയ്ക്കിടം | ഇടയ്ക്കിടം വിജ്ഞാനോദയം ഗ്രന്ഥശാല. | ,, (കെട്ടിടംതീൎന്നു.) |
| തോട്ടത്തുവീട്ടിൽ കെ. കുഞ്ഞുരാമൻപിള്ള | സുജനപ്രിയ ഗ്രന്ഥശാല, വാക്കനാട്. | 2 സെൻറ് സ്ഥലം ,, |
| ചെറുപാലക്കോട്ടു പി. ആർ. ബാലകൃഷ്ണപിള്ള | സുജനപ്രിയ ഗ്രന്ഥശാല, വാക്കനാട്. | 2 സെൻറ് സ്ഥലം (കെട്ടിടംതീൎന്നു) |
| പി. കുഞ്ഞൻകുറുപ്പ് M. A. B. L.<br>പനച്ചിത്താനത്തു കേശവക്കുറുപ്പ് | പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല, അമ്പലപ്പുഴ | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം ,, |
| ആർ. കൃഷ്ണപിള്ള തേങ്ങാക്കൂട് | ശ്രീ നാരായണസ്മാരക ഗ്രന്ഥശാല, അരുമാനൂർത്തുറ. | 2 സെൻറ് സ്ഥലം |
| കൊച്ചുതമ്പി റാവുത്തൽ | ചക്കുവള്ളിപബ്ളിക്ക ലൈബ്രറി. | 2 സെൻറ് സ്ഥലംതരാമെന്നു് വാഗ്ദാനം |
| കെ. മാധവൻപിള്ള | മേലില പബ്ളിക്കലൈബ്രറി | ഒരു കെട്ടിടം |
| പുത്തൻവീട്ടിൽ, കേശവപിള്ള | മഹാത്മാഗാന്ധിമെമ്മോറിയൽ ഗ്രന്ഥശാല, തോട്ടവാരം. | ഒരു കെട്ടിടം |
| തുരുത്തേൽ നാരായണപ്പണിക്കർ | വിജ്ഞാനപ്രദായിനി വായനശാല, കട്ടക്കര | കെട്ടിടത്തിനു ആവശ്യമുള്ള സ്ഥലം |
| കൃഷ്ണപിള്ള നീലകണ്ഠപ്പിള്ള<br>കെ. മുഹമ്മദുകുഞ്ഞ് | ദേശീയവായനശാല, പോങ്ങനാട്. | 3 സെൻറ് സ്ഥലം |

| സംഭാവന ചെയ്ത ആളിൻെറ പേരു് | ഏതു വായനശാലയ്ക്കു സംഭാവനചെയ്തുവെന്നു് | സംഭാവനയുടെ വിവരം |
|---|---|---|
| കെ. എൻ. കുഞ്ഞൻപിള്ള (സെക്രട്ടറി) | സരസ്വതീവിലാസം വായനശാല, മുക്കൽ, ആററിങ്ങൽ | ഒരു കെട്ടിടം |
| പത്മനാഭപിള്ള | സന്മാർഗ്ഗപ്രദായിനി ഗ്രന്ഥശാല, നട്ടക്കാട്ട് | 1½ സെൻറു് സ്ഥലം |
| ചാറത്സ് | ദാമോദരവിലാസം ഗ്രന്ഥശാല, ചെമ്പൂരു്. | 2 സെൻറു് സ്ഥലം |
| വല്ലാററൂർ ഗോപാലപിള്ള | രാജരാജവർമ്മ ഗ്രന്ഥശാല, ഓച്ചിറ. | 8 ,, |
| ദാമോദരൻപിള്ള | ഗ്രാമസ്വരാജ് വായനശാല, ചെറുവയ്ക്കൽ. | 2 ,, |
| എൻ കേശവപിള്ള | മഹാത്മജിസ്മാരക വായനശാല, അരത്തുംമൂട്ടു്. | ഒരു കെട്ടിടം |
| കെ. നീലകണ്ഠപ്പിള്ള | യുവജനസമാജം വായനശാല, അണ്ടൂർക്കോണം. | ഒരു കെട്ടിടം |
| മേലേതിൽ കൊച്ചുമ്മൻ | രവീന്ദ്രനാഥടാഗ്ഗൂർ വായനശാല, കടമ്പനാട്ടു് | 1½ സെൻറു് (കെട്ടിടംതീൻറ) |
| കണ്ണമ്പള്ളി കൃഷ്ണപിള്ള | സത്യവാൻ സ്മാരക വായനശാല, തുവയ്യൂർ | 2 സെൻറു് ടി |
| കൊച്ചുപ്പച്ചെട്ടിയാർ | മഹാത്മാഗാന്ധി സ്മാരകവായനശാല, പുളിമാത്തു് | 3 സെൻറു് ടി |
| തോമസ്, വെട്ടം | എറികാട്ടു് | 1½ ടി |
| വി. കൃഷ്ണപിള്ള | നാഷനൽ ലൈബ്രറി കരിങ്ങന്നൂർ, ഓയൂർ | വായനശാലയ്ക്കു സ്വന്തം കെട്ടിടം ഉണ്ടാകുന്നതു വരെ വാടകകൂടാതെ ഒരു കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തു. |
| കെ. ശങ്കരൻനായർ പടിഞ്ഞാറേ പുത്തൻവീട്ടു് | പബ്ളിക് ലൈബ്രറി ചെറുവയ്ക്കൽ, പൂയപ്പള്ളി | Do |
| എസ്സ്. നാരായണൻ, മുരിങ്ങലഴികത്തു് | ദേശസേവിനി വായനശാല കടവട്ടൂർ, പൂയപ്പള്ളി | Do |
| പരമേശ്വരൻനായർ (പ്രസിഡൻറ്) | ഓടനാവട്ടം ഗ്രന്ഥശാല, പൂയപ്പള്ളി | Do |
| ജെ. വേലായുധൻ ഉണ്ണിത്താൻ | സഹോദരസമിതി ഗ്രന്ഥശാല നിലമേൽ | Do |
| എബ്രഹാം | സന്മാർഗ്ഗദായിനി യുവജന വായനശാല, ഉടയന്നൂർ. | Do |
| ഈഞ്ചാംകുഴിയിൽ പത്മനാഭപിള്ള | യുവജനസമാജം വായനശാല, കടയ്ക്കൽ | Do |
| കെ. മാധവൻപിള്ള, പ്ലാവറ പുത്തൻവീട്ടു് | ഗാന്ധിസ്മാരക വായനശാല ഇടയ്ക്കോട്ടു് ചടയമംഗലം. | Do |

| സംഭാവന ചെയ്ത ആളിന്റെ പേര് | ഏതു വായനശാലയ്ക്കു സംഭാവനചെയ്തുവെന്ന്. | സംഭാവനയുടെ വിവരം |
|---|---|---|
| അത്രർ തെങ്ങുവിളവീട്ടിൽ വേലായുധൻ ലക്ഷ്മി | ഗോദവർമ്മവിലാസം വായനശാല കിളിമാനൂർ | Do |
| വി. എം. മാധവക്കുറുപ്പ് | കലാപോഷിണി ഗ്രന്ഥശാല ആനകുന്നം മടവൂർ | Do |
| നീണ്ടകര നായർകരയോഗം | ബാപ്പുജിസ്മാരക ഗ്രന്ഥശാല നീണ്ടകര. | നാനൂറ രൂപാ വിലയുള്ള ഒരു കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തു |
| കുമങ്ങരമഠം ഡി. നാരായണൻനമ്പൂതിരി | S. D. N. N. മെമ്മോറിയൽ ലൈബ്രറി ചെറുതന, ഹരിപ്പാട് | മൂവായിരം രൂപാ വിലയുള്ള ഒരു കെട്ടിടവും സ്ഥലവും വിട്ടുകൊടുത്തു |
| മണിമംഗലം ഗോവിന്ദപ്പിള്ള | യുവജനസമാജം വായനശാല ചിങ്ങോലി കാർത്തികപ്പള്ളി. | ഒരു കെട്ടിടവും സ്ഥലവും |
| എച്ച്. നാരായണൻ | ദേശസേവിനിഗ്രന്ഥശാല,ചെങ്ങന്നൂത്,നെടുമങ്ങാട് | രണ്ടു സെൻറ് സ്ഥലം |
| പണവിള പുത്തൻവീട്ടിൽ കൃഷ്ണപിള്ള ശങ്കരപ്പിള്ള | ചക്കവരയ്ക്കൽ വിജ്ഞാന വിലാസിനി വായനശാല. | ഒരു സെൻറ് സ്ഥലം |
| പാറയ്ക്കൽ തോട്ടത്തിൽ പരമേശ്വരൻപിള്ള | സ്വരാജ് ലൈബ്രറി, കരം, തലവൂർ | നാലു സെൻറ് സ്ഥലം |
| വട്ടച്ചേരിൽ വീട്ടിൽ വേലായുധൻപൈതമാരും & കൊച്ചുവീട്ടിൽ നാരായണപിള്ള ഗോവിന്ദപ്പിള്ള | നാഷനൽ റീഡിംഗ്റൂം, പവിത്രേശ്വരം | നാലു സെൻറ് സ്ഥലം |
| കെ. പത്മനാഭൻ, വരവുകാലാ | ശ്രീ നാരായണപുരം ഗ്രന്ഥശാല, ചെറമങ്ങാട് പുത്തൂർ | അഞ്ചു സെൻറ് സ്ഥലവും ഒരു കെട്ടിടവും |
| അകപ്പള്ളിൽ അഴികത്തുവീട്ടിൽ തങ്കപ്പൻനായർ | ഗാന്ധിസ്മാരക ഗ്രാമസേവാസംഘം വായനശാല തേവലപ്പുറം. | രണ്ടു സെൻറ സ്ഥലം |
| ഓയ്യൂർ വാവാക്കുഞ്ഞ് | ദേശീയവായനശാല, ഓയ്യൂർ | ഒരു സെൻറ് സ്ഥലം |
| അതിശയമംഗലത്തു് കെ. പരമേശ്വരൻപിള്ള | വിവേകദായിനിവായനശാല, തുടയന്നൂർ, കടയ്ക്കൽ. | മൂന്നു സെൻറ് സ്ഥലം |

L. No. 592. 20-7-48. Reg. No. T. 189. M. 5854.


## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ (ജനറൽ സെക്രട്ടറി)
" എൻ. കേശവപിള്ള (ട്രഷറർ)
" എൻ. അഗസ്ത്യലിംഗംപിള്ള
" ജെ. കേശവൻ
" ഏ. പി. ഉദയഭാനു B. A. & B. L.
" ഫാദർ സി. കെ. മററം എം. ആർ. ഏ. എസ്., എഫ്. ആർ. എസ്സ്. ഏ. (ലണ്ടൻ).
" നീലവന ആർ. മാധവൻനായർ (പ്ര. സ: അംഗം)
" എൻ. ഏ. നൂർമഹമ്മദ് ബി. ഏ. ബി. എൽ., എം. എൽ. ഏ.
" എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി. (ആണററി ജോയിൻറ് സെക്രട്ടറി)
" സി. കെ. മാണി ബി. ഏ. ബി. എൽ.
" എൻ. പി. വർഗ്ഗീസ് ബി. ഏ. ബി. എൽ; എം. എൽ. ഏ. (പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
" എം. കെ. മേനോൻ
" പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ. ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള എം. ഏ. പിഎച്ച്. ഡി. (പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴിക്കാടൻ


# ഗ്രന്ഥാലോകം

മാസികക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററ എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.